Reg. No C. 101, M. 2293

ഒററപ്രതിക്കു 2 ണ

St. Mary's C. G. H. S.
Ernakulam

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 25 | 1127 ചിങ്ങം 27—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1951 സെപ്റ്റംബർ 12 | ലക്കം 5

## മാർഗ്ഗത്തെ ലക്ഷ്യമായി സ്വീകരിക്കരുതു്

(ഡേവിഡ് മഹാപിള്ള)

കത്തോലിക്കർ കമ്മ്യൂണിസവുമായി സന്ധിയില്ലാത്ത സമരത്തിലാണെന്നും, സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം ഇതിനു സുശക്തമായ ഒരായുധമാണെന്നും പറയപ്പെടുന്നു. 1860-മുതൽ ഫ്രാൻസിൽ ശക്തിപ്രാപിച്ചുവന്ന ഫ്രീമേസണറി പ്രസ്ഥാനത്തെ ഈ സഖ്യം ഫലപ്രദമായിത്തന്നെ നേരിട്ടു പോരാടി. പത്തു സംവത്സരക്കാലം തുടർച്ചയായുണ്ടായ ആ പോരാട്ടത്തിൽ അന്ന ത്തിൻെറ വീരസേനകളെ"ന്നു 9-ാം പിയൂസ് തിരുമേനിയും, "ക്രിസ്തുവിൻെറ വീരപടയാളികളെ"ന്നു 11-ാം പിയൂസ് മാർപ്പാപ്പായും സഖ്യാംഗങ്ങളെ അഭിസംബോധനം ചെയ്യാൻ കാരണമാക്കിയതു്. ഇതിനനുസരണമാണോ കേരളത്തിലെ സഖ്യാംഗങ്ങളുടെ നില എന്നു പരിചിന്തിക്കുകയാണു് ലേഖനോദ്ദേശം.

തത്വങ്ങളും ആദർശങ്ങളും അറിഞ്ഞിട്ടോ പരിഗണിച്ചിട്ടോ അല്ല സാധുക്ക ന്നോഹിതത്തിനിണങ്ങിയതാണു്. ഇതിനെല്ലാമൊരു പുതുമയുണ്ടു്; ആകർഷകത്വമുണ്ടു്; ആസ്വാദ്യതയുണ്ടു്. ഏതൽ കാരണത്താൽ ആഴിയിൽ അഗ്നികണ്ടുപറന്നെത്തി നശിക്കുന്ന ഈയൽകണക്കെ, അനേകർ അവരെ അനുഗമിച്ചു നശിക്കുന്നു. ഇതല്ലേ യാഥാർത്ഥ്യം? ഇതിനെ പ്രതിരോധിക്കുവാൻ നാമെന്തു ചെയ്യുന്നു? നാമെന്തു ചെയ്യണം?

അഞ്ഞൂറോ, ആയിരമോ, രണ്ടായിര പ്രബോധനങ്ങളെ പ്രാവർത്തികമാക്കുവാൻ നിലകൊള്ളുന്ന ഈ ആദ്ധ്യാത്മ സംഘടനയെ രൂ. ണ. പ. കൊണ്ടളക്കുന്നതു് ആദ്ധ്യാത്മികത്വവും ലൗകികത്വവും തമ്മിലുള്ള അന്തരം—ലൗകികത്വത്തെ അപേക്ഷിച്ചു് ആദ്ധ്യാത്മികത്വത്തിനുള്ള പ്രാധാന്യം—തിരിച്ചറിയുവാനുള്ള കഴിവുകേടുകൊണ്ടല്ലേ? ഇതു യഥാർത്ഥക്രൈസ്തവർക്കു യോജ്യമോ?

ഈ സഖ്യത്തിൻെറ ലക്ഷ്യം ആത്മവി



എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന വിൻസെൻറ് ഡി പോൾ സഖ്യം

ത്തെ "ഫ്രീമേസണറി" ഗവർമ്മെണ്ടിൽനിന്നു സഖ്യത്തിനു ഉഗ്രമായ മർദ്ദനങ്ങളനുഭവിക്കേണ്ടിയും വന്നു. കൗൺസിൽ ജനറലിൻെറ പ്രവർത്തനങ്ങളെ ആ ഗവർമ്മെൻറ് നിരോധിച്ചു. എങ്കിലും കോൺഫറൻസുകൾ നിരുത്സാഹപ്പെടാതെ നാനാതര പരസ്നേഹപ്രവർത്തനങ്ങളാൽ സാധുജനങ്ങളെ സ്വാധീനപ്പെടുത്തി അവരെ ഫ്രീമേസൺസിൻെറ പിടിയിൽ വീടാതെ തടഞ്ഞുനിർത്തി. അക്കാലത്തു പരിശുദ്ധ സിംഹാസനമലങ്കരിച്ചിരുന്ന 9-ാം പിയൂസ് മാർപ്പാപ്പായും തുടർന്നു 13-ാം ലെയോ തിരുമേനിയും സഖ്യത്തിൻെറ ഏതൽസമരസേവനങ്ങളെ പരസ്യലേഖനങ്ങൾ വഴിയായും മററും ശ്ലാഘിക്കുകയും അഭിനന്ദിക്കുകയും ചെയ്തിട്ടുണ്ടു്. സഖ്യത്തിൻെറ അക്കാലത്തെ—ഒരു ദശവത്സരത്തിലധികകാലത്തെ—ചരിത്രം കഷ്ടതയും ത്യാഗവും നിറഞ്ഞതെങ്കിലും അത്യുപ്രശാന്തമായ പ്രവർത്തനങ്ങളുടെ വിജയവിവരണങ്ങളാണു്. ഇതും ഇതുപോലെയുള്ള ഇതരപ്രവർത്തനങ്ങളുമാണു്, "ക്രൈസ്തവപരസ്നേഹ ളും സാമാന്യജനങ്ങളും സാധാരണയായി കമ്മ്യൂണിസ്റ്റ്-സോഷ്യലിസ്റ്റുകളെ അനുഗമിക്കുന്നതു്. ക്രിസ്തീയാദർശങ്ങളുടേയും തത്വങ്ങളുടേയും അജ്ഞതകൊണ്ടുമല്ല. സാധുക്കൾ കരുതുന്നു, കമ്മ്യൂണിസ്റ്റുകളാദിയായവർ, തങ്ങളുടെ വരവു വർദ്ധിപ്പിക്കുവാൻവേണ്ടി, തങ്ങളുടെ സാമ്പത്തികാഭിവൃദ്ധിക്കായി വാദിക്കുന്നു, അല്ല സമരം ചെയ്യുന്നു എന്നു്. വെറും വ്യാമോഹിപ്പിക്കലാണെങ്കിലും സമത്വസുന്ദരമായ സാമ്പത്തികസ്വാതന്ത്ര്യം അവർ വാഗ്ദാനം ചെയ്യുന്നു. സാധുക്കളേയും കൂട്ടിച്ചേർത്തു വർഗ്ഗൈക്യത്തിൻെറ പേരിൽ മുന്നേറി അധികാരം പിടിച്ചുപററുമെന്നവർ പ്രഖ്യാപനം ചെയ്യുന്നു. സാധുക്കളുടെ കഷ്ടാവസ്ഥയിൽ അവർ സഹതപിക്കുന്നു—മുതലക്കണ്ണുനീരാണെങ്കിലും. സാധുക്കളുടെ ഉദ്ധാരണത്തിനായി അവർ മുറവിളികൂട്ടുന്നു. ഏതു ചെററക്കുടിലുകളിലും, എന്നുവേണ്ട "ഓടകളിലും" ഇറങ്ങിച്ചെന്നു സാധുക്കളുമായി സഹവസിച്ചു സമ്പർക്കം പുലർത്തുന്നു. ഇതെല്ലാം സാധുക്കളുടേയും സാധാരണക്കാരുടേയും മ മോ രൂപാ പിരിച്ചുണ്ടാക്കി സാധുക്കൾക്കു ചില്ലറ സഹായങ്ങൾ നൽകുന്നതുകൊണ്ടുമാത്രം പ്രതിവിധിയുണ്ടാകുമെന്നു കരുതുന്നെങ്കിൽ അതു തികഞ്ഞ മൗഢ്യമാണു്. ആയിരമോ രണ്ടായിരമോ രൂപാ വിലയുള്ളതാണു്, സംശയമില്ല. പക്ഷേ അതു അനേകർക്കായി വീതിക്കുമ്പോൾ എത്ര തുച്ഛമായിത്തീരുന്നു! ഈ തുകകൾകൊണ്ടു് വെറും നിസ്സാരമായ ഒരംശം കഷ്ടത ദൂരീകരിക്കുവാനേ കഴിയുന്നുള്ളു എന്ന യാഥാർത്ഥ്യം ആരും വിസ്മരിക്കരുതു്. സെ. വി. ഡി പോൾ സഖ്യാംഗങ്ങൾ അഭിമാനംകൊള്ളേണ്ടതു്, കൃതാർത്ഥരാകേണ്ടതു്, ഈ തുകകളിലല്ല; ഇതുകൊണ്ടുള്ള ശാരീരികസഹായങ്ങളിലുമല്ല. ഇതിൻെറ പിന്നിലുള്ള ആദ്ധ്യാത്മികനേട്ടങ്ങളിലും ആശ്വാസകരമായ പ്രവൃത്തികളിലുമാണു്. ഒരു കോൺഫറൻസിൻെറ മാററളക്കേണ്ടതു് അതിലെ തുകകൊണ്ടല്ല, സാധുഗൃഹസന്ദർശനങ്ങളേയും ആദ്ധ്യാത്മികപ്രവർത്തനങ്ങളേയും കൊണ്ടാണു്. മനുഷ്യരുടെ ലോകായതികത്വത്തെ അകററി ക്രിസ്തുനാഥൻെറ ശുദ്ധീകരണമാണു്. കോൺഫറൻസുകളുടെ പ്രവർത്തനോദ്ദേശങ്ങളായി പ്രഥമ പ്രസിഡൻറു് ബെയിലി നിർദ്ദേശിച്ചതും പ്രഥമകോൺഫറൻസ് സ്വീകരിച്ചതുമായ അഞ്ചുകാര്യങ്ങളും സഖ്യലക്ഷ്യത്തിൻെറ വിശദീകരണങ്ങൾ മാത്രമാണു്. ഈ അഞ്ചിൽ മൂന്നും ആത്മീയവും മററു രണ്ടും ആത്മീയവും ശാരീരികവുമായ കാര്യങ്ങൾ സംയോജിപ്പിച്ചിട്ടുള്ളതുമാകുന്നു. ശരീരത്തെ മാത്രം ബന്ധിക്കുന്നതായി ഈ അഞ്ചിൽ ഒന്നുപോലുമില്ലെന്നുള്ളതു അംഗങ്ങളുടെ സവിശേഷശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണു്.

സഖ്യത്തിൻെറ എല്ലാ പ്രവർത്തനങ്ങളും ഈ ലക്ഷ്യപ്രാപ്തിക്കുള്ള ഉപാധികളത്രെ. ഉപാധികളാകട്ടെ രണ്ടുതരവും: പ്രാർത്ഥന, ദിവ്യപൂജ ആദിയായ ആത്മീയങ്ങളും, സാധുഗൃഹസന്ദർശനം സഹായദാനം ഇത്യാദിലൗകികങ്ങളും. ഉദ്ദേശവും ഉപാധിയും രണ്ടാണു്; ഒരിക്കലും ഒന്നാകയില്ല. പക്ഷേ പലരും ഇന്നു ഉദ്ദേശവും ഉപാധിയും തമ്മിലുള്ള അന്തരം ഗ്രഹിക്കുകയോ, അതേപ്പററി ഗൗനിക്കു

# സർവ്വാധിപത്യരാഷ്ട്രവും വിദ്യാഭ്യാസ പ്രശ്നങ്ങളും—അനന്തരകരണീയമെന്ത്?

## IV

## മതപഠനവും മാനേജരും

(ഷെവലിയർ ജോസഫ് പെട്ട എം. എ.)

### വിവിധപ്രോത്സാഹനങ്ങൾ

ശ്രദ്ധേയങ്ങളായ വേറെയും പല കാര്യങ്ങൾ മതപഠനപ്രോത്സാഹനാർത്ഥം മാനേജർക്കു ചെയ്യാവുന്നതും അദ്ദേഹം ചെയ്യേണ്ടതുമായിട്ടുണ്ട്. നിശ്ചിതപരിപാടിയനുസരിച്ചു ക്ലാസ്സുകൾ അഭംഗമായി നടത്തുന്നതിലാണ് ആദ്യമായി ശ്രദ്ധപതിയേണ്ടത്. യാതൊരു കാരണവശാലും വേദപാഠക്ലാസ്സു മുടങ്ങിക്കൂടാ എന്നൊരു നിഷ്കർഷ മാനേജർക്കുണ്ടായിരിക്കണം. പല വിദ്യാലയങ്ങളിലെയും ഇന്നത്തെ സമ്പ്രദായം പറയുകയാണെങ്കിൽ, ഏററവും കാലം വൈകിത്തുടങ്ങുന്നതും ഏററവും



കാലേക്കൂട്ടി അവസാനിപ്പിക്കുന്നതും വേദപാഠമാണ്. മററു ക്ലാസ്സുകളെല്ലാം ശരിപ്പെട്ടു പൂർണ്ണപ്രവർത്തനത്തിലെത്തിയ ശേഷംമാത്രമേ വേദപാഠക്ലാസ്സുകളെപ്പററി ചിന്തിക്കാറുള്ളു. അതുപോലെതന്നെ, വർഷാവസാനപ്പരീക്ഷ ഏതാണ്ടു സമീപിച്ചുകഴിഞ്ഞാൽ ആദ്യം സമാപിക്കുന്നതും ഈ ക്ലാസ്സുകൾതന്നെയാണ്. പോരെങ്കിൽ, അവതന്നെയാണ്, വിദ്യാലയത്തിൽ ഏതെങ്കിലും അല്പം ചില അസൗകര്യങ്ങൾ നേരിട്ടാൽ ആദ്യം മുടങ്ങുന്നതും. ഇത്തരം ചിററമ്മനയത്തിനു കാരണങ്ങളുമില്ലാതില്ല. വേദശാസ്ത്രം സർക്കാർ പരീക്ഷയ്ക്കുള്ള വിഷയമല്ല; സ്കൂൾപരീക്ഷകളിൽ അതിനു ലഭിക്കുന്ന മാർക്കു ക്ലാസ്സുകയററത്തിനു നിദാനമായി ഗവമ്മെൻറു പരിഗണിക്കുന്നില്ല; പരീക്ഷാഫലം ആസ്പദമാക്കി വിദ്യാലയങ്ങളുടെ തരതമനില (Comparative rank) നിർണ്ണയിക്കുന്നതിൽ വേദശാസ്ത്രപ്രാവീണ്യത്തിനു സ്ഥാനവുമില്ല. അതുകൊണ്ടാണ്, വിദ്യാലയത്തിന്റെ ബാഹ്യമായ പേരും പെരുമയും മാത്രം കാര്യമായിക്കരുതുന്ന ചില മാനേജർമാർ സർക്കാർ പരീക്ഷാഫലങ്ങളെപ്പററിയുള്ള അവരുടെ വ്യഗ്രതയിൽ മതപഠനത്തിന്റെ അതിപ്രാധാന്യം വിസ്മരിച്ചുകളയുന്നത്. മാനേജരുടെ ഈ മനോഭാവം അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും പ്രതിഫലിക്കുന്നു. അങ്ങനെ, വിദ്യാലയത്തിൽ മതപഠനത്തിനു ഒരു മൂന്നാംസ്ഥാനംപോലും ലഭിക്കാതെയും വരുന്നു. കത്തോലിക്കാവിദ്യാലയങ്ങളിൽ പലതും അടുത്തകാലത്ത് അവയുടെ പരമലക്ഷ്യത്തിൽനിന്നു അകന്നുപോയിട്ടുള്ളതിന്റെ മൂലകാരണവും ഇതുതന്നെയാണ്. പാണ്ഡിത്യത്തെക്കാൾ കൂടുതലായി സ്വഭാവസംസ്കരണമാണ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്ന പരമാർത്ഥം അധികൃതന്മാർ മറന്നുകളയുന്നു. സാക്ഷാത്തായ സേവനത്തെക്കാൾ ബാഹ്യമായ കീർത്തി അവർ കൂടുതൽ വിലമതിക്കുന്നു. പരീക്ഷാഫലത്തിനും അതിനെ ആശ്രയിച്ചുനിൽക്കുന്ന ഖ്യാതിക്കും കോട്ടംതട്ടുമെന്നു ഭയന്ന്, അല്പം സാമർത്ഥ്യം കുറഞ്ഞ കത്തോലിക്കാ കുട്ടികളെ സ്കൂളിൽ ചേർക്കാതിരിക്കയും ചേർന്നവരെ അടുത്ത അവസരംനോക്കി പുറംതള്ളുകയും ചെയ്യുന്ന ചില കത്തോലിക്കാ വിദ്യാലയാധികൃതന്മാരെപ്പററി പ്രശസ്ത മനഃചികിത്സകനായ (Psychiatrist) ഒരു ജെസ്യൂററ് വൈദികൻ Extension മാസികയിൽ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്: "I must cry out against these Catholic educators who are at least indirectly responsible for many Catholics not attending Catholic colleges and for many of them losing that faith which is so important to their well-being." അതേ ഭയം തന്നെയാണല്ലോ മതപഠനത്തോടു കാണിക്കുന്ന ചിററമ്മനയത്തിലും പ്രത്യക്ഷപ്പെടുന്നത്. അല്പമൊന്ന് ഉത്സാഹിക്കുന്നപക്ഷം, മററു പഠനങ്ങൾക്കു ദൂഷ്യം നേരിടുകയോ തന്മൂലം സർക്കാർ പരീക്ഷാഫലങ്ങൾക്കു കോട്ടംതട്ടുകയോ ചെയ്യാതെതന്നെ, മതപഠനത്തെ വേണ്ടപോലെ പ്രോത്സാഹിപ്പിക്കുന്നതിനു സാധിക്കുമെന്നുള്ള വസ്തുത വിസ്മരിക്കപ്പെട്ടുപോകുന്നു. മതപഠനത്തിന്റെ പ്രാധാന്യത്തെപ്പററി നമുക്കെവർക്കും നല്ല ബോധ്യമുണ്ട്. പക്ഷെ ആ ബോധ്യം പ്രവൃത്തിപഥത്തിൽ വരുത്തുന്നതിലേക്ക് വേണ്ടിവരുന്ന അദ്ധ്വാനം ചെയ്യുന്നതിനും ത്യാഗങ്ങൾ സഹിക്കുന്നതിനും നാം സന്നദ്ധരല്ലെന്നു മാത്രം.

കാലാകാലങ്ങളിൽ വേദോപദേശപരീക്ഷകൾ നടത്തുക; അവയിൽ പ്രശസ്തവിജയം വരിക്കുന്നവർക്കു നല്ല നല്ല സമ്മാനങ്ങളും ആകർഷകമായ സ്കോളർഷിപ്പുകളും നൽകുക; മതപഠനത്തിനാവശ്യമായ പാഠ്യപുസ്തകങ്ങൾ സൗജന്യമായി കൊടുക്കുക; കത്തോലിക്കാ സാഹിത്യസമാജങ്ങൾ, പഠനക്കളരികൾ ആദിയായ സംഘടനകൾ സ്ഥാപിച്ചു നടത്തുക — എന്നിവയും ശ്രദ്ധേയങ്ങളായ പ്രോത്സാഹനങ്ങളാണ്. മറേറതു വിഷയത്തിനു കൊടുക്കുന്നതിനെക്കാളും മെച്ചമേറിയതും വിലപിടിച്ചതുമായിരിക്കണം മതപഠനത്തിനു നൽകുന്ന സമ്മാനങ്ങളും വേതനങ്ങളും. അതുപോലെതന്നെ ഇതരസമാജങ്ങളുടെ നടത്തിപ്പിൽ ചെലുത്തുന്നതിനെക്കാൾ പതിന്മടങ്ങു കൂടുതലായിരിക്കണം കത്തോലിക്കാസമാജങ്ങളുടെ നടത്തിപ്പിൽ അധികൃതന്മാർക്കുണ്ടായിരിക്കേണ്ട ശ്രദ്ധയും ഉത്സാഹവും. കഴിയുന്നത്ര ധനനഷ്ടവും അവയ്ക്കുവേണ്ടി സഹിക്കുന്നതിന് അവർ സന്നദ്ധരാകണം. പക്ഷെ ഇന്നത്തെ പരമാർത്ഥം പറയുകയാണെങ്കിൽ, നമ്മുടെ വിദ്യാലയങ്ങളിൽ പലതിലുമുള്ള കത്തോലിക്കാസമാജങ്ങളും സംഘടനകളുമെല്ലാം ഏതാണ്ടൊരു അനാഥാവസ്ഥയിലാണ് കഴിഞ്ഞുകൂടുന്നത്. ആരും അവയ്ക്കുവേണ്ടി അത്ര ബുദ്ധിമുട്ടുന്നതിനോ പണച്ചെലവു ചെയ്യുന്നതിനോ കൂട്ടാക്കാറില്ല. മാനേജർ ദൃഷ്ടിവച്ചെങ്കിലേ ഈ അനാസ്ഥയ്ക്കൊരു പ്രതിവിധിയുണ്ടാകയുള്ളു. പ്രാപ്തരും ഉത്സാഹശീലരുമായ അദ്ധ്യാപകരെ നിയോഗിച്ച് അവരുടെ നേരിട്ടുള്ള മേൽനോട്ടത്തിലും മാനേജരുടെ രക്ഷാകർതൃത്വത്തിലും ഈദൃശസംഘങ്ങളുടെ നടത്തിപ്പു ഫലപ്രദവും ഉന്മേഷജനകവും സുരക്ഷിതവുമാക്കിത്തീർക്കുന്നതിനു അദ്ദേഹത്തിനു സാധിക്കും. പക്ഷെ, പരീക്ഷാഫലത്തെയും അതിനെ ആശ്രയിച്ചുനിൽക്കുന്ന ബാഹ്യപ്രശസ്തിയെയും മാത്രം മുഖ്യമായി ഉന്നംവച്ചുകൊണ്ടുള്ള ഒരു പ്രവർത്തനനയത്തിന്റെ പ്രത്യാഘാതങ്ങളാണ് ഇവിടെയും തെളിഞ്ഞുകാണുന്നത്. വിദ്യാഭ്യാസലക്ഷ്യം തെററി പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ വികല്പനയത്തിനു ഒരു വ്യതിയാനം വരുത്തേണ്ട സംഗതി അചിരേണ അധികൃതസ്ഥാനങ്ങളിൽ ആലോചനയ്ക്കു വിഷയീഭവിക്കുമെന്നുതന്നെയാണ് അസ്മാദൃശന്മാരുടെ വിനീതമായ പ്രതീക്ഷ.

മതപഠനത്തോടു ഗാഢമായി ബന്ധപ്പെട്ടവയാണ വിദ്യാലയത്തിലെ ഗ്രന്ഥശേഖരവും വായനശാലയും. ഇന്നത്തെ സാഹചര്യങ്ങളിൽ അവയുടെ പ്രാധാന്യം അത്ഭുതപൂർവ്വം വർദ്ധിച്ചിട്ടുണ്ടെന്നുള്ള വസ്തുത വിസ്മരിക്കാവതല്ല. ആശയാദർശങ്ങൾ അങ്കുരിപ്പിച്ചു പരിപോഷിപ്പിക്കുന്നതിൽ അവയ്ക്കുള്ള പങ്കു വളരെവലുതാണ്. ആകയാൽ വിദ്യാലയത്തിലെ വായനശാലയിൽ ഉൽകൃഷ്ടങ്ങളായ പത്രമാസികകളും ഗ്രന്ഥാലയത്തിൽ സുപ്രസിദ്ധങ്ങളായ ആധുനികകത്തോലിക്കാ പ്രസിദ്ധീകരണങ്ങളും വേണ്ടത്ര ഉണ്ടായിരിക്കുന്നതിനു മാനേജർ ഉത്സാഹിക്കേണ്ടതാണ്. അതോടൊപ്പംതന്നെ "പുരോഗമന"ക്കാരുടേയും മററ് അവരെപ്പോലെയുള്ളവരുടേയും വിഷലിപ്തവും വിധ്വംസകാത്മകവും സന്മാർഗ്ഗവിരുദ്ധവുമായ ക്ഷുദ്രകൃതികൾ വിദ്യാലയപരിസരങ്ങളിൽ കടന്നുപററാതിരിക്കുന്നതിനും അദ്ദേഹത്തിന്റെ ദൃഷ്ടിയുണ്ടായിരിക്കണം. എന്നാൽ ഇന്നത്തെ നിലയിൽ, പലപ്പോഴും മാനേജരുടെ അറിവോ അംഗീകാരമോ കൂടാതെയാണ് അനവധി പുസ്തകങ്ങളും പത്രമാസികകളും വിദ്യാലയത്തിൽ വന്നുചേരുന്നത്. അതുകൊണ്ട് വന്നുകൂടുന്ന ഉപദ്രവം കുറച്ചൊന്നുമല്ല. ആപൽക്കരങ്ങളും തികച്ചും നിഷിദ്ധങ്ങളുമായ എത്രയെത്ര കൃതികളാണ നമ്മുടെ പല വിദ്യാലയങ്ങളിലും സ്ഥലംപിടിച്ചിട്ടുള്ളത്. പൊറെറക്കാട്ടും പൊൻകുന്നവും തകഴിയും ചങ്ങമ്പുഴയുമൊക്കെ ആ കൂട്ടത്തിൽ ഉണ്ടായെന്നുംവരാം. കലയ്ക്കുവേണ്ടി കൊലനടത്തുന്ന — അതേ, ആകാരസൗഷ്ഠവംകൊണ്ടു വ്യാമോഹിപ്പിച്ചു, ധാർമ്മികാവബോധമാകുന്ന ആദ്ധ്യാത്മികജീവൻ കെടുത്തിക്കളയുന്ന — ആ തരം ദുഷിച്ച സാഹിത്യം വിദ്യാർത്ഥിലോകത്തിനു വരുത്തിക്കൂട്ടുന്ന തിന്മയുടെ കൂമ്പാരം ആർക്കാണ് അളക്കുവാൻ സാധിക്കുക. ഗ്രന്ഥാലയത്തിന്റെയും വായനശാലയുടേയും വിചാരിപ്പ്, സുദൃഢമായ സന്മാർഗ്ഗപ്രബുദ്ധതയും വിവേചനാബുദ്ധിയുമില്ലാത്തവരെ ഭരമേല്പിക്കുന്നതുകൊണ്ടാണ് ഈ ദൂഷ്യങ്ങളത്രയും വന്നുഭവിക്കുന്നതെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

### മതാനുഷ്ഠാനസൗകര്യങ്ങൾ

മാനേജരുടെ സവിശേഷമായ ശ്രദ്ധ പതിയേണ്ട മറെറാരു സംഗതി കത്തോലിക്കാവിദ്യാർത്ഥികൾക്കു വേണ്ടത്ര മതാനുഷ്ഠാനസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുക എന്നുള്ളതാണ്. മതപഠനംപോലെതന്നെ മതപരിശീലനവും ഉത്തമരായ കത്തോലിക്കാപൗരന്മാരെ കരുപ്പിടിക്കുന്നതിന് അവശ്യാവശ്യകമായ പ്രധാനഘടകങ്ങളിലൊന്നത്രെ. മതപഠനം വിശ്വാസത്തെ ഉദ്ദീപിപ്പിക്കുന്നുണ്ടെങ്കിൽ, മതാനുഷ്ഠാനമാണ ആ വിശ്വാസം അർത്ഥവത്താക്കിത്തീർക്കുന്നത്. എന്നല്ല, വിശ്വാസത്തിനും പ്രവർത്തനത്തിനും ഒരു പരസ്പരപ്രത്യാഘാതവുമുണ്ട്. കേരവൃക്ഷത്തിന്റെ മൂട്ടും മുടിയും പോലെയുള്ള ഒരു നിലപാടാണ അവയ്ക്കുമുള്ളത്.

"കടകെട്ടാൽ മുടി നിലംപതിക്കും;
മുടികെട്ടാൽ കടയും അട്ടുപോകും."

ഏതാണ്ടിവിധംതന്നെ വിശ്വാസത്തിന്റെ പ്രചോദനം കൂടാതെയുള്ള പ്രവർത്തനവും, പ്രവർത്തനത്തിൽനിന്നുള്ള പരിപോഷണം ലഭിക്കാത്ത വിശ്വാസവും നീണ്ടുനിൽക്കുന്നതല്ല; ക്രമേണ കെട്ടുപോകും. പ്രവർത്തനത്തെ പ്രേരിപ്പിക്കുന്നതും ഊർജ്ജസ്വലമാക്കുന്നതും സജീവമായ വിശ്വാസമാണെങ്കിൽ, വിശ്വാസത്തെ പരിപുഷ്ടമാക്കുന്നതും ദൃഢീകരിക്കുന്നതും നിരന്തരമായ പ്രവർത്തനമാണ്. ആകയാൽ വിദ്യാഭ്യാസവേളയിൽ മതപഠനത്തിനെന്നപോലെതന്നെ അനുദിനവും കാലാകാലങ്ങളിലും വേണ്ടതായ മതാനുഷ്ഠാനങ്ങൾക്കും ആവശ്യമായ സൗകര്യങ്ങൾ വിദ്യാലയത്തിൽ ഉണ്ടായിരിക്കണം. ദിവസേന ദിവ്യബലിയിൽ സംബന്ധിക്കുക, സായാഹ്നത്തിൽ ദിവ്യകാരുണ്യസന്ദർശനം നടത്തുക, മാസാദ്യവെള്ളിയാഴ്ച മുടങ്ങാതെ ആചരിക്കുക, കൊല്ലത്തിലൊരിക്കൽ ജ്ഞാനധ്യാനം കഴിക്കുക, എന്നിങ്ങനെയുള്ള മതകൃത്യങ്ങളിൽ നാം കുട്ടിക്കാലംമുതൽക്കേ പരിചയിക്കേണ്ടിയിരിക്കുന്നു. പരിശീലനം മററുവിഷയങ്ങളിൽ അഭിലഷണീയവും ആവശ്യകവുമാണെങ്കിൽ മതവിഷയത്തിലും അതിനുള്ള പ്രാധാന്യം ഒട്ടും കുറവല്ല. ചെറുപ്പകാലങ്ങളിലുള്ള ശീലം മറക്കുമോ മനുഷ്യനുള്ളകാലം. കൂടാതെ, വിദ്യാലയത്തിന്റെ നാമഹേതുകനായ വിശുദ്ധന്റെ തിരുനാൾ ഉചിതമായ ആഘോഷാഡംബരങ്ങളോടുകൂടി കൊണ്ടാടുന്നതും അത്യുത്തമമായിരിക്കും. വിശുദ്ധന്റെ സന്മാതൃക അനുകരിക്കുന്നതിനു പ്രേരകമായിത്തീരുന്നതിനു പുറമെ, അത്തരം ആഘോഷങ്ങൾ വിദ്യാർത്ഥികളിൽ ഐക്യബോധമുളവാക്കുന്നതിനും സ്ഥാപനത്തോടുള്ള

## കൃതജ്ഞത

ഫാത്തിമാനാഥയുടെ സഹായത്താൽ ലഭിച്ച മഹാനുഗ്രഹത്തിന് നന്ദി.

എലിസബെത്ത്
പെരുമാനൂർ

ക്ഷയം ചെയ്യുന്നില്ല. സഖ്യത്തിന്റെ ലക്ഷ്യം ആത്മാഭിവൃദ്ധിയാണ്. ഇതിനുള്ള പ്രധാനമാർഗ്ഗം സാധുഗൃഹസന്ദർശനവും അതുവഴിയായുള്ള ആദ്ധ്യാത്മികസഹായവുമാണ്. ശാരീരികാവശ്യങ്ങൾക്കുള്ള സഹായദാനം—നമ്മുടെ കോൺഫറൻസുകളുടെ ഇന്നത്തെ പ്രവർത്തനം—സാധുഗൃഹസന്ദർശനങ്ങൾക്കും അതുവഴിയായുള്ള ആദ്ധ്യാത്മികസഹായങ്ങൾക്കും വഴി തെളിക്കുവാൻ വേണ്ടിയാണ്.

സഖ്യത്തിന്റെ സ്ഥാപകരിൽ പ്രധാനിയായ ഫ്രെഡറിക്ക് ഓസ്സാനാം രേഖപ്പെടുത്തിയിട്ടുള്ളതു ശ്രദ്ധിച്ചാലും: "നമ്മുടെ പ്രധാനോദ്ദേശം സാധുക്കളെ സഹായിക്കുകയെന്നതല്ല. അതൊരുപാധി (means) മാത്രമാകുന്നു. നമ്മുടെ ഉദ്ദേശം കത്തോലിക്കാവിശ്വാസം സജീവമാക്കുകയും പരസ്നേഹംവഴി ആയതു അന്യരിൽ പ്രചരിപ്പിക്കുകയുമാണ്.... സഖ്യത്തിന്റെ അരൂപിക്കനുസരിച്ചു സാധുക്കളെ സന്ദർശിക്കുന്നവർ അതിലുള്ള സന്തോഷത്തെയോ സ്വന്തം തൃപ്തിയെയോ അല്ല കാര്യമാക്കുന്നത്. പ്രത്യുത സാധുക്കളിൽക്കൂടി ക്രിസ്തുവിനെയത്രെ. നമ്മുടെ സഖ്യത്തിൽ പരസ്നേഹം പരാജയപ്പെടുന്നെങ്കിൽ അതിനുകാരണം യഥാർത്ഥമായ ക്രിസ്തീയ പരസ്നേഹത്തിനുപകരം കേവലം ലൗകികമായ പരസ്നേഹം—വ്യാജനാണയം—തട്ടുന്നതുകൊണ്ടാണ്." (History of the Society vol. II. p. 127).

ശാരീരികമായ സഹായദാനം നല്ലതുതന്നെ. പക്ഷെ നമ്മുടെ പ്രവർത്തനം ഈ സഹായദാനംകൊണ്ടവസാനിക്കുന്നില്ല. അതിലുപരിയായ യഥാർത്ഥനന്മ കൈവരുത്തണമെന്നാണ സഖ്യത്തിന്റെ ആദർശം. 'ഈ സഖ്യത്തിൽ ശാരീരികമായ സഹായങ്ങൾ അത്യുൽകൃഷ്ടമായ ആദ്ധ്യാത്മികസഹായങ്ങൾക്കു വഴിതെളിക്കുവാൻമാത്രം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു," എന്ന് പ്രസിഡൻറു ജനറൽ ബെയിലി സമർത്ഥിച്ചിട്ടുണ്ട്. (Circular of 1837) ശാരീരികസഹായംകൊണ്ടു നാം നിലം ഒരുക്കുകമാത്രമാണ് ചെയ്യുന്നത്. നിലം ഒരുക്കിയശേഷം അതിൽ കൃഷിയിറക്കി, വേലികെട്ടിയും കളപിടിക്കാതെയും സൂക്ഷിക്കുന്നില്ലെങ്കിൽ അതു നിഷ്പ്രയോജനമായിത്തീരും. ഇതുപോലെ നാം സഹായം നൽകിയശേഷം അവരെ സന്ദർശിച്ച് ആദ്ധ്യാത്മികാഭിവൃദ്ധിക്കുവേണ്ടതു ചെയ്യുന്നില്ലെങ്കിൽ സഖ്യത്തെ സംബന്ധിച്ചിടത്തോളം ആ സഹായം പ്രയോജനപ്പെടുന്നില്ല.

സാധുക്കളെ അവരുടെ വിഷമതകളിൽ സഹായിച്ചാശ്വസിപ്പിക്കുന്നതുമൂലം അവരുടെ സ്നേഹാദരവുകളെ നേടുവാൻ നമുക്കു കഴിയും. തുടർന്ന് അവരെ കൂടക്കൂടെ സന്ദർശിച്ചു അവരുടെ മിത്രങ്ങളും ആലോചനക്കാരുമായി വർത്തിക്കുന്നുവെങ്കിൽ അവർ നമ്മോട് അത്യധികമായി ബന്ധപ്പെട്ടിരിക്കും. ഇങ്ങനെ അവരുടെ വിശ്വാസമാർജ്ജിച്ച് അവരെ സാമൂഹ്യമായും ആദ്ധ്യാത്മികമായും മററും അഭിവൃദ്ധിപ്പെടുത്തുവാനും നമുക്കു സാധിക്കും. ഇങ്ങനെയെല്ലാം ചെയ്താൽ കമ്മ്യൂണിസ്റ്റുകാരുടെയല്ല മററാരുടേയും പിടിയിൽ അവർ പോകയില്ല. അവരെ ക്രൈസ്തവമാർഗ്ഗങ്ങളിലേക്കാനയിക്കുവാൻ നമുക്കു പ്രയാസമുണ്ടാകയില്ല ... ...

[ഭവനസന്ദർശനത്തെയും സഖ്യത്തിന്റെ ഇതരപ്രവർത്തനങ്ങളേയും പരാമർശിച്ച് ശ്രീ എ. വി. തോമസ് (പു. 23 ല. 41), ശ്രീ ജോർജ്ജ് തോമസ് കൊട്ടുകാപ്പള്ളി (പു. 24 ല. 38) ശ്രീ കെ. സി ചാ[illegible] (പു. 25 ല. 1) ആദിയായവർ "സത്യദീപ"ത്തിൽ എഴുതിയിട്ടുള്ള ലേഖനങ്ങളിലേക്കും വായനക്കാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. പത്രാധിപർ]

സ്ഥായി വർദ്ധിപ്പിക്കുന്നതിനും പള്ളക്കാരെ വളരെ ഉപകരിക്കുന്നതുമാണ്.

വൈദികരായ മാനേജർമാർ എല്ലാംവരും തന്നെ ഇക്കാര്യത്തിൽ പ്രത്യേകദൃഷ്ടി പതിക്കുമെന്നുള്ളതിൽ പക്ഷാന്തരമില്ല. മററു മാനേജർമാരും അങ്ങനെതന്നെ ചെയ്യുമെന്നാണു പ്രതീക്ഷിക്കേണ്ടതു്. എന്നാൽ ഇതു സംബന്ധിച്ച് ഒരു സംഗതി പ്രത്യേകം ചൂണ്ടിക്കാണിക്കാതെയിരിക്കാൻ മനസ്സുവരുന്നില്ല. നമ്മുടെ വിദ്യാലയങ്ങളിൽ പലതിനും, ചെറുതായിട്ടെങ്കിലും ഒരു കപ്പേള(Chapel)യാകട്ടെ, സൗകര്യപ്രദമായ ഒരു പ്രാർത്ഥനാമുറി (Prayer Hall)യാകട്ടെ, ഇല്ലെന്നുള്ളതാണു ആ സംഗതി. ദൈവാലയപരിസരങ്ങളിൽ സ്ഥിതിചെയ്യുന്ന പള്ളിക്കൂടങ്ങൾക്കു പ്രത്യേകപ്രാർത്ഥനാലയങ്ങൾ ആവശ്യമില്ല. പക്ഷെ അങ്ങനെ അല്ലാത്തവയ്ക്കു വിശാലമായ ഒരു പ്രാർത്ഥനാമുറിയെങ്കിലും ഇല്ലാതെപോയാൽ മുൻപറഞ്ഞ മതകൃത്യങ്ങൾ സൗകര്യമായി നിർവ്വഹിക്കുന്നതിനു സാധിക്കാതെവരും. ഇവിടെയും പണച്ചെലവു വേണ്ടിവരുമെന്ന പരമാർത്ഥം വിസ്മരിക്കുന്നില്ല. പ്രത്യുത, അപ്രധാനങ്ങളായവയ്ക്കുവേണ്ടി ഭാരിച്ചചെലവു വഹിക്കുകയും അതിപ്രധാനങ്ങളായവ പണമില്ലെന്നുപറഞ്ഞു ഉപേക്ഷിക്കുകയും ചെയ്യുന്നതു ബുദ്ധിപൂർവ്വകമായിരിക്കയില്ലെന്നു അനുസ്മരിപ്പിക്കുകമാത്രമേ ചെയ്യുന്നുള്ളു.

പണത്തിന്റെ പ്രശ്നം മാനേജർമാത്രം വിചാരിച്ചാൽ പരിഹരിക്കാവുന്നതല്ല. ബഹുജനങ്ങൾ ഔദാര്യബുദ്ധിയോടും ഔചിത്യബോധത്തോടുംകൂടി മുന്നോട്ടുവരേണ്ടതുണ്ടു്. ശാസ്ത്രീയപഠനങ്ങൾക്കും കായികാഭ്യസനത്തിനുംവേണ്ടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ഉപകരണങ്ങൾ ശേഖരിക്കുന്നതിനും കളിസ്ഥലങ്ങൾ ഒരുക്കുന്നതിനും ആയിരവും പതിനായിരവും നാം സോത്സാഹം ചെലവാക്കുന്നില്ലേ? ഒരുപക്ഷെ അവയ്ക്കുവേണ്ടി പലപ്പോഴും അതിരുകവിഞ്ഞ വൻതുകകൾ നാം മടിക്കൂടാതെ മുടക്കുന്നുമുണ്ടാവാം. അതിലേക്കു പണസഹായം ചെയ്യുന്നതിനു നമ്മുടെ ജനങ്ങൾ കുറെയൊക്കെ സന്നദ്ധരുമാണ്. അടുത്തകാലത്തു ഉദ്ദേശം ഒരു ലക്ഷം രൂപാ ചെലവുചെയ്തു ഒരിടവകയിൽ ഒരു ഹൈസ്കൂൾ പണിപൂർത്തിയാക്കിയതായി അറിയുന്നു. പക്ഷെ അവിടെയും അതിനോടനുബന്ധിച്ച് ഒരു ചെറുകപ്പേളയെങ്കിലും പണികഴിച്ചതായി കാണുന്നില്ല. അങ്ങനെ, കാലോചിതമായ ഉന്നതവിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനും കാലത്തിനൊത്തു കോപ്പുമണിയുന്നതിനും നാം ഔൽസുക്യം പ്രദർശിപ്പിക്കുന്നു. എന്നാൽ കാലാകാലത്തേക്കും പ്രാധാന്യമർഹിക്കുന്ന മതപഠനത്തിന്റെയും മതാഭ്യസനത്തിന്റെയും കാര്യത്തിൽ നമുക്കു എന്തെന്നില്ലാത്ത ഒരു അനാസ്ഥയാണുള്ളതു്. അക്കാര്യം വരുമ്പോൾ നാം "പണമില്ലാപ്പുല്ലുവി" പാടി ചുവടു പിന്നോക്കം വയ്ക്കുന്നു. ഇതു ബുദ്ധിയാണോ? ചിന്തിക്കണം. മററിനങ്ങൾക്കുവേണ്ടി ചെയ്യുന്ന ഭീമമായ ചെലവു സ്ഥാനത്തുവരണമെങ്കിൽ, അർത്ഥവത്താകണമെങ്കിൽ, ലക്ഷ്യപ്രാപ്തിക്കുതകണമെങ്കിൽ, ഈ ചെലവുകൂടി ചെയ്തേ മതിയാവു. വീടുണ്ടാക്കാൻ പുറപ്പെട്ടു. വമ്പിച്ച ചെലവുചെയ്തു ഭാരിച്ച ഭിത്തികൾ കെട്ടിപ്പൊക്കി, വിശിഷ്ടമായ ശില്പവേലകൾകൊണ്ടലങ്കരിച്ചു മോടിപിടിപ്പിച്ചു; പക്ഷെ പണമില്ലാഞ്ഞതുകൊണ്ടു മേൽക്കൂരചെലുത്തിയതുമില്ല, ബാഹ്യാലങ്കാരങ്ങളിൽ മുൻകൂട്ടി ഭ്രമിച്ചുപോയതുകൊണ്ടു അസ്തിവാരപ്പണിയിൽ ദൃഷ്ടിവച്ചതുമില്ല; എന്നു വന്നാൽ അതെത്ര മണ്ടത്തരമായിരിക്കും. അതുപോലുള്ളൊരു മണ്ടത്തരമാണു വിദ്യാഭ്യാസവിഷയത്തിൽ നമുക്കും പററിയിരിക്കുന്നതു്. ലക്ഷക്കണക്കിനു, പോരാ കോടിക്കണക്കിനുപണം വാരി ചെലവുചെയ്തു നാം കോളെജുകെട്ടിടങ്ങളും മററും നിർമ്മിച്ചിട്ടുണ്ടു്, ഇനിയും നിർമ്മിക്കുന്നുമുണ്ടു്. എന്നാൽ നമ്മുടെ വിദ്യാലയങ്ങളോടനുബന്ധിച്ചു ചെറിയൊരു കപ്പേളയോ പ്രാർത്ഥനാമുറിയോ ഉണ്ടാക്കുന്നതിനു നമുക്കു പണമില്ല, സ്ഥലമില്ല. എത്ര ശോചനീയം.

അപ്രധാനങ്ങളായവ അക്ഷരംപ്രതി നിറവേററുകയും എന്നാൽ ഗുരുതരങ്ങളും സർവ്വപ്രധാനങ്ങളുമായവ വിട്ടുകളയുകയും ചെയ്തു പ്രീശന്മാരോടു ദിവ്യരക്ഷകൻ ഒരിക്കൽ ഈവിധം പറയുകയുണ്ടായി: "നിങ്ങൾ ഇവ ചെയ്യുകയും അവ വിട്ടുകളയാതിരിക്കയും ചെയ്യേണ്ടിയിരുന്നു." ഈ ദിവ്യോപദേശംതന്നെയാണു വിദ്യാഭ്യാസനയത്തിൽ നമുക്കും മാർഗ്ഗദർശകമായിത്തീരേണ്ടതു്. മതപഠനത്തിനും മതാഭ്യസനത്തിനും വേണ്ടവ ശരിയായി ശട്ടംകെട്ടുകയും മററു പഠനങ്ങൾക്കും കായികാഭ്യസനത്തിനും വേണ്ടവ വിട്ടുകളയാതിരിക്കയുമാണു നാമും ചെയ്യേണ്ടിയിരുന്നതു്. ഇനിയെങ്കിലും രക്ഷകന്റെ ഈ ദിവ്യോപദേശമനുസരിച്ചു പ്രവർത്തിക്കുന്നതിനു നമുക്കു മനസ്സുവരില്ലേ? അടുത്തകാലത്തു നമ്മുടെ കോളെജുകളിൽനിന്നും ഹൈസ്കൂളുകളിൽനിന്നും പഠിച്ചുപുറത്തിറങ്ങിയിട്ടുള്ള ചെറുപ്പക്കാരുടെ ആശയഗതികളും അഭിപ്രായപ്രകടനങ്ങളും അനുദിനജീവിതമുറകളും കണ്ടിട്ടുതന്നെയെങ്കിലും നമ്മുടെ നയത്തിൽ ഒരു വ്യത്യാസം വരുന്നില്ലെങ്കിൽ അതു കുറെ കഷ്ടമായിരിക്കുമെന്നേ പറയേണ്ടു. മതം വെടിഞ്ഞു മാനം തേടാൻ നമുക്കാർക്കും മനസ്സുവരുന്നതല്ല. എന്നാൽ നാം വിദ്യാലയങ്ങൾ നടത്തുന്നതു പേരിനും പെരുമയ്ക്കും അധികാരത്തിനും ആഡംബരത്തിനുമാണെന്നൊരാക്ഷേപം ചിലർ പുറപ്പെടുവിക്കാറുണ്ടു്. അതു തികച്ചും തെററുതന്നെ; അസൂയയിൽനിന്നോ അമർഷത്തിൽനിന്നോ പുറപ്പെടുന്നതാകാം. പക്ഷെ പല വിദ്യാലയങ്ങളിലും മതപഠനത്തോടും മതാഭ്യസനത്തോടും ഇക്കാലത്തു അനുവർത്തിച്ചുകാണുന്ന അനാശാസ്യനയം തുടർന്നു പോവുകയാണെങ്കിൽ ഈ ആക്ഷേപം അനാസ്ഥമായിത്തീരില്ല എന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. അതിനു് ഇടവരാതിരിക്കട്ടെ.

ഇത്രയും പറഞ്ഞതിൽ ആരും പരിഭവിക്കയില്ലെന്നു പ്രത്യാശിക്കുന്നു. ആരെയെങ്കിലും അവഹേളിക്കണമെന്നോ ആർക്കെങ്കിലും മനോവേദനയുണ്ടാക്കണമെന്നോ ഒട്ടും ഉദ്ദേശ്യമില്ല. നമ്മുടെ വിദ്യാലയങ്ങൾ എല്ലാംതന്നെ പുനരുദ്ധരിക്കപ്പെട്ടു സാക്ഷാത്തായ കത്തോലിക്കാചൈതന്യത്തിന്റെ ഉറവിടങ്ങളായി പരിണമിച്ചുകാണണമെന്നുള്ള മോഹം മാത്രമാണു് ഇതൊക്കെപ്പറയുന്നതിനു പ്രേരണനൽകുന്നതു്. സാഹചര്യങ്ങളുടെ പ്രതികൂലാവസ്ഥകൊണ്ടത്രെ പല വിദ്യാലയങ്ങളും ലക്ഷ്യംതെററി പ്രവർത്തിക്കുന്നതിനു ഇടവന്നിട്ടുള്ളതെന്നു പൂർണ്ണമായി സമ്മതിക്കുന്നു. എന്നിരുന്നാലും സംഗതികൾ സാവധാനത്തിലെങ്കിലും ശരിപ്പെട്ടു ലക്ഷ്യത്തിലേക്കുള്ള നേരായ മാർഗ്ഗത്തിൽ എത്തിച്ചേരുന്നതിനു നാം കഴിയുന്നത്ര പരിശ്രമിക്കേണ്ടതാണല്ലോ. നമുക്കെല്ലാവർക്കും ഒന്നുചേർന്നു പരിശ്രമിക്കാം. അപ്പോൾ കാലക്രമേണയെങ്കിലും വിജയം കരഗതമാകും, സംശയമില്ല.

(തുടരും)

## പള്ളിസാമാനങ്ങൾ


പീച്ചുളകത്തിസാൽ, ഫ്ളവർവാസു്, കാസ, കുസ്തോദി, അരുളിക്ക, മുത്തുക്കുട തുടങ്ങിയുള്ള സാമാനങ്ങളും, മെഴുകുതിരിയും

എറണാകുളത്തുള്ള മൂക്കന്നൂർ അനാഥശാല ഡിപ്പോയിൽ കിട്ടുന്നതാണു്.

# എന്റെ മൂന്നാംക്ലാസ്സ്

(തോമസ് സെബാസ്റ്റ്യൻ ബി. എ. എൽ. ററി).

ഇങ്ങനെ ഒരു തലക്കെട്ടെഴുതിയപ്പോൾ പല പൂർവസ്മരണകളും മനസ്സിലുദിക്കുന്നു. മൂന്നാംക്ലാസ്സിൽ പഠിച്ച കാര്യമാണാദ്യം ഓർമ്മയിൽ വന്നതു്. ഒരു സവർണ്ണഹിന്ദുസ്കൂളിൽ മൂന്നാംക്ലാസ്സിൽ പഠിച്ച 28 കുട്ടികളിൽ ക്രിസ്ത്യാനികളായി ആകെ ഉണ്ടായിരുന്നവരിൽ നേർ പകുതിയാണു് ഞാൻ. ഹിന്ദുക്കുട്ടികളെ ഞങ്ങൾക്കു തൊടാൻ പാടില്ല. തൊട്ടാൽ കുളിക്കണം. ആരു്? അവർ. എങ്കിലേ അവർക്കു വീട്ടിൽ പ്രവേശനമുള്ളു. ചോറും കിട്ടുകയുള്ളു. എന്റെവീട്ടിൽനിന്നു



കൊണ്ടുപോയ ഒരു ചെറിയ ബെഞ്ചിലാണു് മററു തോമസും ഞാനും ഇരുന്നതു്. ചോദ്യോത്തരസമയത്തു് ഞങ്ങൾക്കു സ്ഥാനക്കയററം കിട്ടും. പക്ഷെ കിട്ടുന്ന സ്ഥാനം ഞങ്ങളുടെ പുസ്തകംവച്ചാണു് കൈവശപ്പെടുത്തുന്നതു്. വച്ചല്ല. ഇട്ടു്. വയ്ക്കുമ്പോൾ ഞാൻ പുസ്തകംവഴി ബെഞ്ചിനേയും ബെഞ്ചുവഴി ഹിന്ദുക്കുട്ടിയേയും തൊട്ടു് അശുദ്ധമാക്കുകയില്ലേ? ഈഴവരാദി അവർണ്ണഹിന്ദുക്കൾക്കു് അത്താം സ്കൂളിൽ പ്രവേശനമില്ല. ക്രിസ്ത്യൻ സംസ്കാരമാണു് വിദ്യാലയങ്ങളിൽ സമത്വസാഹോദര്യങ്ങൾ സ്ഥാപിച്ചതു്. അക്കഥ പോകട്ടെ. മൂന്നാംക്ലാസ്സു യാത്രയെപ്പററി എഴുതാനാണു് ഞാൻ പേനയെടുത്തതു്.

സമത്വസുന്ദരമായ ഒരു ഭാവിലോകത്തെ സ്വപ്നംകാണുന്നു ചിലർ. സമത്വസുന്ദരമായ ഒരു വർത്തമാനലോകം അനുഭവിക്കുന്നു ഞാൻ. എപ്പോഴാണെന്നോ? മൂന്നാം ക്ലാസ്സിൽ യാത്രചെയ്യുമ്പോൾ.

നമ്മുടെ ബസ്സിലും ബോട്ടിലുമുണ്ടു് മൂന്നാംക്ലാസ്സു—തീവണ്ടിയിലേതുപോലെ. ബോട്ടിലെ ക്യാബിനല്ലെ ഒന്നാംക്ലാസ്സ്—കൊള്ളാവുന്നവർക്കിരുന്നു യാത്രചെയ്യാൻ? ഒരിക്കൽ ഒരു എക്സ്മന്ത്രിയും ഞാനുംകൂടി ബോട്ടിൽ ക്യാബിനിൽ കയറി. അദ്ദേഹത്തിനു ടിക്കററു വേണ്ടെന്നും ഞാൻ രണ്ടു ടിക്കററു വാങ്ങണമെന്നും കല്പനയായി. അദ്ദേഹം "എക്സ്" മന്ത്രിയാണു്. "വിൽബി" മന്ത്രിയുമാണു്. അതുകൊണ്ടാണു് ഫ്രീപാസ്സ്. ഞാനോ, ബോട്ടുടമസ്ഥന്റെ ആശാനാണു്. ക്യാബിനിൽ കയറിയപ്പോൾ പൂജകബഹുവചനവുമായി. അതുകൊണ്ടാണു് രണ്ടുടിക്കററു്. നോക്കണേ ഗുരുത്വംകെട്ട ലോകത്തിന്റെ പോക്കു്.

എൻജിന്റെ മീതെയുള്ള പ്ലാററുഫോറമാണു് മൂന്നാംക്ലാസ്സു്. ഒന്നാംക്ലാസ്സിൽ ഇരുന്നു നടു ഒടിയുമ്പോൾ മൂന്നാംക്ലാസ്സിൽ നീണ്ടുനിവന്നു കിടക്കാം. വാതരോഗിയാണെങ്കിലോ നടുവിനു ചൂടും പററും. ഒരുത്തന്റെ വയറു് എന്റെ തലയിണ. മറെറാരുത്തന്റെ പിടലി എന്റെ കാൽവയ്ക്കുന്ന കുഷൻ. എന്റെപുറം നാലാമതൊരുവന്റെ സോഫാ. കാളിപ്പുലയനും, വേന്നിച്ചോകനും, ഗോവിന്ദൻ നായരും, കൃഷ്ണയ്യരും, മുഹമ്മദാലിയും, ഞാനുംകൂടിയുള്ള ആ കൂട്ടപ്പു് കമ്മ്യൂണിസ്റ്റുസംഘാംഗങ്ങൾ ഒന്നു കാണേണ്ടതുതന്നെയാണു്. 8 പേർക്കിരിക്കാവുന്ന പ്ലാററുഫോറത്തിൽ ഞങ്ങൾ 24 പേർവരെ യാത്രചെയ്തിട്ടുണ്ടു്. എത്ര സൗഹാർദ്ദമായി—ഒരു പന്നി പെററ കുഞ്ഞുങ്ങളെപ്പോലെ. ഒരുമയുണ്ടെങ്കിലൊലയ്ക്കപ്പുറത്തുമാകരുതോ?

പക്ഷെ വല്ലപ്പോഴുമൊരു ശനിയൻ വന്നു കയറും, കാര്യമൊക്കെ തകരാറാകും. ഒരു ശനിപിടിച്ച പെണ്ണുവന്നു കയറിയാൽ പോരേ സഹോദരസ്നേഹമുള്ള ഒരു കുടുംബത്തെ നരകമാക്കാൻ? അതുപോലെ.

കാളിയുടെ കാലു് അവന്റെ കാലിൽ ഒന്നു മുട്ടി. മുഹമ്മദാലിയുടെ കുക്കാവലി അവനു സുഖമാകുന്നില്ല. വേന്നിച്ചോകന്റെ വിയർപ്പുമണം അവനു പിടിക്കുന്നില്ല. കൃഷ്ണയ്യരുടെ തലമുടി അവന്റെ മൂക്കിൽ കയറി. ഗോവിന്ദൻനായരുടെ തല അവന്റെ കുഷനിൽ തൊട്ടു എന്റെ കുടക്കാൽ അവന്റെ പുറത്തു കുത്തിക്കൊണ്ടു. ഞാൻ പറഞ്ഞില്ലേ! അന്നു ഞങ്ങൾക്കു ശിവരാത്രിയാണോ. "ഹെടാ ശനിയാ, നിനക്കൊരു സ്പെഷ്യൽ ബോട്ടു പിടിച്ചുകൂടെ പോകരുതോ? ഞങ്ങളുടെ മൂന്നാംക്ലാസ്സിൽ നിനക്കെന്തു കാര്യം?" എന്നു ഞാൻ ചോദിച്ചില്ലെന്നേയുള്ളു.

അജ്ഞാതമായ സ്ഥലത്തുനിന്നു വരുന്ന അപരിചിതർ സഹയാത്രക്കാരാകുമ്പോൾ മൂന്നാംക്ലാസ്സിലാണെങ്കിൽ 100 കൊല്ലം സൗഹാർദ്ദബന്ധം പുലർത്തിയ ആത്മസഖികളായി കാണപ്പെടും. ഒന്നാംക്ലാസ്സിലാണെങ്കിൽ പൊള്ളഗൗരവവും പുകവലിയുമായി അങ്ങു കഴിയുകയേ ഉള്ളു.

അതാ ഇരിക്കുന്നു രണ്ടു വയസ്സന്മാർ, മൂന്നാംക്ലാസ്സിന്റെ ഒരൊഴിഞ്ഞ കോണിൽ. ആലപ്പുഴനിന്നു എന്റെകൂടെ കയറിയ ചാക്കോച്ചേട്ടൻ മകളുടെ സുഖക്കേടു കൂടുതലാണെന്നു കമ്പിവന്നതനുസരിച്ചു എറണാകുളം ആസ്പത്രിയിലേക്കു പോകുകയാണു്. വൈക്കത്തുനിന്നു കയറിയ അലിയാരുകുഞ്ഞിനെ ആയുസ്സിൽ ആദ്യം കാണുകയാണു്. ഹൈക്കോടതിയിൽ നടക്കുന്ന ഒരു 'പ്രമാദ'മായ കേസ്സിൽ തനിക്കു കിണ്ടംപിണയുമോ എന്നു ചാക്കോച്ചേട്ടന്റെ വിദഗ്ദ്ധാഭിപ്രായമറിയുവാൻ കേസു വിസ്തരിക്കുന്നു. മകളുടെ ദീനത്തെപ്പററി ചിന്തിച്ചു ദീർഘശ്വാസം വിട്ടുകൊണ്ടിരിക്കുന്ന ചാക്കോച്ചേട്ടൻ തലകുലുക്കി കേസു കേൾക്കുന്നതായി ഭാവിക്കുന്നു. അലിയാരുകുഞ്ഞു കീഴ്ക്കോടതിവിധിയും, സാക്ഷിമൊഴിയും സർവേ പ്ലാനും കാണിച്ചു ഒരു നീണ്ട ഹീയറിങ്ങുതന്നെ നടത്തുന്നു. ചാക്കോച്ചേട്ടൻ വടക്കൻപുകയില തിന്നാൻ റാവുത്തരുടെ ഔദാര്യം അനുവദിക്കുന്നില്ല. പാളപ്പൊതി അഴിച്ചു ജാപ്പാണം ഒരുതുണ്ടം നിർലോഭം ഇട്ടുകൊടുക്കുന്നു. ഇതു കണ്ടും കേട്ടും ഇരിക്കുന്ന എന്റെ സുഖത്തിൽ നിങ്ങൾക്കു് അസൂയ തോന്നുന്നില്ലേ? എന്റെ ബോട്ടുമാസ്റ്റരേ, ഈ മൂന്നാംക്ലാസ്സു പ്ലാററുഫോറത്തിനാണു് നിങ്ങൾ ഇരട്ടിച്ചാർജ്ജും രണ്ടു ടിക്കററും ഒക്കെ ഏർപ്പെടുത്തേണ്ടതു്.

എറണാകുളം ജട്ടിയിൽ ഇറങ്ങിയപ്പോൾ ചാക്കോച്ചേട്ടൻ എന്നോടു് ചോദിക്കുകയാണു്, "ഏത്തയ്ക്കായിക്കു എറണാകുളത്താണോ വിലക്കുറവു്? എന്താണു് ആ ഇസ്ലാമി ചങ്ങനാശേരി മാർക്കററിൽനിന്നു കാവാങ്ങാതെ ഇങ്ങോട്ടു പോന്നതു്?" എന്നു്.

മൂന്നാംക്ലാസ്സുകാരനെ കൊല്ലുന്ന "കുരുത്തംകെട്ട" മൂന്നക്ഷരമുണ്ടു്. അമ്പമ്പോ! അതോർക്കുമ്പോൾ ഭ്രാന്തുപിടിക്കുന്നു—



കൂടിക്കൽ, മി. ഏ. വക്കി ബി. എ. ബി. എൽ. അവർകളുടെ പുത്രൻ വി.വി. ജോസഫും കരിന്താനത്തു ഫ്രാൻസിയാമ്മാ ചെറിയാനും പ്രഥമദിവ്യകാരുണ്യസ്വീകരണം നടത്തിയ മംഗളാവസരത്തിൽ ഫാദർ സെബാസ്റ്റ്യൻ മുസ്സാരിയേട്ടു് അവർകളേയും ബ. ക്ലാരസിസ്റ്റേഴ്സിനേയുംകൂട്ടി എടുത്ത ഫോട്ടോ.

# "ഭക്തൻ ക്രിസ്തുനാഥനോട്"

("ഷേരാഡ്ഗയെബാല." എ. മ.)

മാമകരാജാവേ, എൻ മാനസമാറി വാണീടുക,
മാമകത്രാതാവേ, ഞാൻ മാച്ചണയാതെ കാത്തീടുക,
മാമകരക്ഷതാവേ, നിൻ പോരണിമേ ചേരാറാക്കീടുക,
മാമകനേതാവേ, മമ ജീവിതമാർഗ്ഗം കാട്ടീടുക,

പാപമലിനത ചേന്നനരരെ പൂതമാനസരാക്കാൻ
പാരിടമാന്ന പാവനചരണം!, പാമഹി പരാപരജാതം! ഹാ...
(മാമകത്രാതാവേ ... ...)

മുട്ടുകയാണേ വാതിലിൽ ഞാനും മുട്ടുന്നേതവമാനം
ദുഷ്ടതമേയാടടരാടിടാനും ദുഷ്ടതനീങ്ങിടുവാനും എൻ...
(മാമകരാജാവേ ... ...)

വിനയമോടങ്ങേവാഴ്ത്തിട്ടുമെന്നിൽ കനിയണമേ മമ നാഥാ!
തരുവതുമേകി സ്നേഹപൂർവ്വം തനയരെ വീണ്ടോരു താതാ! ഹാ...
(മാമകരക്ഷതാവേ... ...)

കാററിലായ് മമ ജീവിതപോതം, ചേററിലായ് മമ പാദം,
പാററിയെന്നിൽ പതിരുംമണിയും മാററിടണേ ജഗദീശാ! ഹാ....
(മാമകനേതാവേ ... ...)

— വറുഗീസ് ജെ. മാളിയേക്കൽ.

# ചെറുകഥ

## അച്ചൻെറ വേലക്കാർ

(ചാരുമ്മൂട്)

ഒരു ചെറിയ വീട്. തഴച്ചു കേരതരുക്കളുടെ കൊഴുത്ത കരങ്ങൾക്കുകീഴിൽ നിർഭയം വിശ്രമിക്കുന്നു. വിശ്വസ്തരായ അംഗരക്ഷകരാൽ പരിസേവ്യനായി പാളയത്തിൽ പള്ളിക്കുറുപ്പുകൊള്ളുന്ന ഒരു രാജാവിനെപ്പോലെ.

അർദ്ധരാത്രിക്കുശേഷം ഉദിച്ചുയർന്നു തുടങ്ങിയ ചന്ദ്രൻെറ കുളിർ രശ്മികൾ ആ കേരവൃക്ഷങ്ങളുടെ ഇടയിലൂടെ സാവധാനം വിരിവിന് അവിടത്തെ പഞ്ചാരമണലിനെ ഉമ്മവയ്ക്കുന്നു. ഇളംകുളിർകാററിൽ തെങ്ങോലക്കൈകൾ പ്രകൃതിദേവിയുടെ പള്ളിമഞ്ചം താരാട്ടുകയാണ്.

അപ്പോഴും ആ ഗ്രാമത്തിൻെറ ഘടികാരം — പൂവൻകോഴി — അലാറശബ്ദം പുറപ്പെടുവിച്ചിരുന്നില്ല. ആ കൊച്ചുവീട്ടിൻെറ ഉള്ളിൽ ഒരു വെളിച്ചമുണ്ട്. മംഗളിയേറിയ ആ മുററത്തെ വെള്ളമണലും, വിശിവിണ ചന്ദ്രികയും, വീട്ടിനുള്ളിൽ നിന്നും വെളിയിലേക്കു വ്യാപിച്ചുകൊണ്ടിരുന്ന വെളിച്ചവും അലൗകികമായ ഒരാനന്ദാനുഭൂതി സംജാതമാക്കാൻ പര്യാപ്തമായിരുന്നു.

അന്നാച്ചേട്ടത്തി. നാല്പതോടടുത്ത പ്രായം. ആ ഗൃഹത്തിൻെറ റാണി. അവൾ ഭക്ഷണം പാകപ്പെടുത്തുകയാണ്. വയററുവേദനക്കാരനായ തൻെറ ആത്മനാഥൻ പ്രഭാതത്തിൽ പണിക്കുപോകണം. തൻെറ ഭർത്താവിൻെറ ആരോഗ്യം, സുഖം, ജീവിതചര്യ ഇവയൊക്കെ സംരക്ഷിക്കേണ്ട കർത്തവ്യബോധം കോഴികൂവും മുമ്പ് അവളെ ഉണർത്തും. അതവളുടെ പതിവായിത്തീർന്നിരിക്കയാണ്.

"ണാം, ണാം, ണാം; ണാം... ... ..." ദേവാലയത്തിൻെറ നാവു ശബ്ദംമുഴക്കും. ആ നാദം ഒരു ഭാഷയാണ്. ആ ഭാഷ എല്ലാവർക്കും സുഗ്രാഹ്യമല്ലായിരിക്കാം. അറിയാവുന്നവർ ആ കാവ്യത്തിൻെറ രസം അനുഭവിക്കുന്നുണ്ട്.

പള്ളിയിൽ രണ്ടു പൂജ പതിവുണ്ട്. ഒന്നു പ്രഭാതത്തിൽ അവസാനിക്കും. പിന്നെ ഒന്ന്.

നല്ല വെളിച്ചമായില്ല. തൻെറ കുഞ്ഞുങ്ങളുമൊത്ത് ആദ്യപൂജ കഴിഞ്ഞ് മാത്തുച്ചേട്ടൻ മടങ്ങിവന്നു. അന്നാച്ചേട്ടത്തി അയാൾക്കു ചൂടുള്ള ഭക്ഷണം കൊടുത്തു. തൂമ്പയുമായി മാത്തുച്ചേട്ടൻ വീട്ടിൽനിന്നും ഇറങ്ങി.

അടുത്തതു കുഞ്ഞേൻെറ വീടാണ്. ആ വീട്ടുവാതുക്കൽനിന്നു മാത്തുച്ചേട്ടൻ കുഞ്ഞേനെ വിളിച്ചു. കുഞ്ഞേൻ ആ വിളി കാത്തിരിക്കയായിരുന്നു. ഇരുവരുമൊന്നിച്ചു നടന്നു. അങ്ങനെ കൂട്ടജോലിക്കാരായ മററു തൂമ്പാപ്പണിക്കാരും ചേർന്നു. എല്ലാവരും വയലിലേക്കു പോകയാണ്; വയലിലെ കരിഞ്ചേളിയിൽനിന്നും പൊന്മണികൾ വിളയിക്കാൻ.

അവർ അവരുടെ മുതലാളനെ "അച്ചൻ," എന്നാണ് പറയുക. ഈ തൊഴിലാളികൾ അച്ചൻെറ പറമ്പിലെ കുടികിടപ്പുകാരാണ്. ഇത്ര രാവിലെ വേലയ്ക്കു പോകാൻ മുതലാളൻ അവരെ വിളിച്ചുണർത്തിയതല്ല. അവരുടെ "അച്ചനും" അവരും തമ്മിലുള്ള ബന്ധം — ആ തഴക്കം — അതിനവരെ പ്രേരിപ്പിച്ചു.

പ്രഭാതമുതൽ അവർ ജോലിചെയ്യും. വെയിലാകുമ്പോൾ അവർ വിശ്രമിക്കും. മദ്ധ്യാഹ്നമാകുമ്പോൾ അവർക്കു മൃഷ്ടാന്നഭോജനം ലഭിക്കും. വീണ്ടും വിശ്രമത്തിനുശേഷം സന്ധ്യയാകുവോളം അവർ പണിയെടുക്കും. പിന്നീടാണ് വീട്ടിലേക്കു പോവുക. അവർ കൂലിപ്പണിക്കാരാണെന്നാർക്കറിഞ്ഞുകൂടാ. അവരുടെ സ്വന്തം വേലചെയ്യുന്ന, അത്രയുള്ള.

അവരിൽ ഒരാൾക്ക് — അവരുടെ വീട്ടിലൊരംഗത്തിന് — രോഗമായാൽ അതിനുവേണ്ട ശുശ്രൂഷകൾ മുതലാളിയുടെ — അവരുടെ "അച്ചൻെറ" — ചുമതലയിൽ നടക്കും. ഓരോരുത്തരുടേയും വീടുകളിലെ കല്യാണം തുടങ്ങിയുള്ള കാര്യങ്ങളുടെ നടത്തിപ്പും അവരുടെ "അച്ചനാ"ണ്.

വയലിലെ പണി, കരയ്ക്കുള്ള ജോലി, തെങ്ങുകററം, തേങ്ങാവെട്ട്, കൊപ്രാവില്പന എന്നിങ്ങനെ മുടങ്ങാതെ ദിവസവും ആ പത്തുനാല്പതു തൊഴിലാളർക്കു ജോലിയുണ്ട്.

ഉണ്ണാനില്ലായ്ക, ഉടുക്കാനില്ലായ്ക, എന്നല്ല, യാതൊരുവിധമായ ആവശ്യങ്ങളുടെ ഞെരുക്കവും ആ തൊഴിലാളികുടുംബങ്ങളെ ക്ലേശിപ്പിക്കുന്നില്ല.

വയലിലേക്കു പോകുന്നവരിൽ ചിലരുടെ സംഭാഷണം :-

"ചങ്കരൻെറ കെട്ടിയോളെ ആശുപത്രീന്നു കൊണ്ടരാറായില്ല്യോടാ?"

"ഇന്നലെ അച്ചൻതന്നെ ആശുപത്രി പോയിരുന്നു. ഞാറാഴ്ച വയ്യുന്നേരം വള്ളോംകൊണ്ടുപോണോന്നാ അച്ചൻ പറഞ്ഞത്. അവളിവിടെക്കിടന്നേനേം കൊണ്ടോർന്നു സൈപ്പോടല്ലേന്നാ ഞാൻ കേട്ട്. നെല്ലരിക്കഞ്ഞി ഇതുവരേം കൊടുത്തില്ല. പാട്ടേച്ചടച്ചുവരുന്ന ഏതാണ്ടൊക്കെയാ തെവസോം കൊടുക്കുന്നെ."

"എടാ ഇതെന്തോ ഇരിക്കുന്നു. മൂപ്പനെല്ലാതെ ആ കൂട്ടക്കാരവേ, ആ കുരു. കൊച്ചാത്തൻെറ വീടടക്കം കുരുവല്ലാർന്നോ. അച്ചനെങ്ങാണ്ടുന്നു രണ്ടാണുങ്ങളേം രണ്ടു പെണ്ണുങ്ങളേം വരുത്തി അവിടങ്ങ് താമസിപ്പിക്കല്ലാർന്നോ. അവരു മന്ത്രവാദികളല്ലാന്നുകൊണ്ടാരും തൊലഞ്ഞില്ല."

"ഔതേപ്പച്ചൻെറ മോടെ കല്യാണമൊക്കെ എന്നാറമായതേപ്പച്ചാ!"

"എന്നാറമാകാനാ. അച്ചനഞ്ചാറു നെല്ലു കൊടുത്തയച്ചതു് അരിയാക്കിവച്ചിരിപ്പൊണ്ട്. നാളെ വയ്യിട്ട് അങ്ങോടിപ്പോണമെന്നച്ചൻ പറഞ്ഞിട്ടൊണ്ട്. ചെറുക്കൻവീട്ടുകാർ കഴിഞ്ഞാഴ്ച വന്നപ്പം പൊന്നൊം അച്ചു കൊടുത്തിട്ടുണ്ട്. അങ്ങനൊക്കെ കാര്യങ്ങൾ നടക്കും."

"ങ്ഉം! പിന്നേ! — വരുന്ന തിങ്കളാഴ്ച വീട്ടി ഓലകെട്ടല്ല്യോ"

"അതൊള്ളതുതന്നെ. അന്നതേ നടക്കു."

"അച്ചനക്കാര്യമൊന്നും പറഞ്ഞില്ലേ?"

"അച്ചനെന്തിനതൊക്കെ പറേണം. അങ്ങനൊരു പാച്ചില് പതിവില്ലല്ലോ!"

"ഒക്കെയിരിക്കട്ടെ. എല്ലാർക്കും തങ്കോം, മീററിങ്ങും ഒക്കെയുണ്ടല്ലോ. നമുക്കെല്ലാംകൂടി ഒരു തങ്കമുണ്ടാക്കിയാലെന്താ!"

"നമുക്കെന്തിനടോ ഇനി തങ്കം? നമ്മളിപ്പം ഒരു തങ്കമല്ല്യോ!"

"അല്ലേലും നമ്മടെ പരസ്പരസഹായസങ്കം ഒണ്ടല്ലോ. അച്ചനക്കാര്യം നോക്കുന്നുകൊണ്ടല്ല്യോ പെണ്ണിനെ കെട്ടിക്കാനും ഒക്കെ നമുക്കു പണമൊള്ളതു്. നമുക്കു വേറെ തങ്കോം മീററിങ്ങും ഒന്നും വേണ്ടാ."

"എടാ, മററു തങ്കത്തിൻെറ കാര്യോം ഇക്കൂട്ടത്തി പറേണ്ടാ. ആ കുട്ടപ്പൻ പറഞ്ഞുപറഞ്ഞു് അവനങ്ങു പോയില്ല്യോ? അവൻ തങ്കത്തിലും ചേന്നു തങ്കംവുമായി. എന്തൊരു കോണാംപിടിച്ചെടാ! പോലീസുകാരുടെ തല്ലുകൊണ്ട് ചങ്കുംപൊട്ടി, കെട്ടിയോളും മക്കളും പട്ടിണിമായി. വീട്ടിലെ വേലയ്ക്കുനിന്നപ്പം അവനെങ്ങനിരുന്നെടാ! അവൻെറ കെട്ടിയോളും പിള്ളേരും എങ്ങനിരുന്നു?"

"ആങ്, നിങ്ങളറിഞ്ഞില്ല്യോ? ഇന്നാളൊരുതെവസം ഞങ്ങളു തേങ്ങാ ഒടച്ചോണ്ടിരുന്നപ്പം ആ എളയ കൊച്ചുങ്ങളു രണ്ടുംകൂടവിടെവന്നു. ഞാനങ്ങോട്ടൊന്നേ നോക്ക്യൊള്ളു. അയ്യോ! കഷ്ടം! അവിത്തുങ്ങളേ കണ്ടാ പറയാനില്ല. അച്ചനതുങ്ങളെ കണ്ടു. വിളിച്ചു കഞ്ഞി കൊടുപ്പിച്ചു. ഏതാണ്ടൊക്കെ ചോദിക്കുന്നകേട്ടു. ഒടുക്കംഒന്നിനെ വിട്ട് അതുങ്ങടെ തള്ളേ വിളിപ്പിച്ച് കൊറേ നെല്ലു കൊടുത്തയക്കുന്ന കണ്ടു. അവിടെ പാഷ! അയ്യോ! ഒന്നും പറേണ്ടാ. "കുട്ടൻ വരുന്നെങ്കിലിങ്ങോട്ട പോരാമ്പറ" — എന്നും പറഞ്ഞയച്ചു. ആ കമ്മതൊഴിക്കൊണ്ടോ കൊണാ വരാമ്പോണ."

"ഏ മാത്തുച്ചാ, മാത്തുച്ചൻെറ പള്ളിപ്പോക്ക് ഇന്നവരെ മൊടങ്ങീട്ടില്ലേ? നേരം കണ്ണുകിറുമ്പംമൊതല് സന്ധ്യാവുന്നതുവരെ കെടന്നു പാടുപെടേച്ച് ഒന്നൊറങ്ങാൻ സമേം കിട്ടാതിപ്പംതിരാത്രിക്കു പള്ളി പോയിച്ചുവന്ന് ഇത്ര വെളുപ്പിനേ ഒക്കെ വേലയ്ക്കു വരുന്നതെങ്ങനാ മാത്തുച്ചാ!"

"അതൊന്നും പ്രയാസമുള്ള കാര്യമല്ല് എൻെറ മനസ്സിൻെറ സമാധാനവും സന്തോഷവും നിങ്ങൾക്കറിയാനൊക്കുകില്ല. ശരീരത്തിൻ യാതൊരു ക്ഷീണവും ഇല്ല."

"എൻെറടോ, ആ നോവിപ്പമെങ്ങനിരിക്കുന്നു?"

"ഓ, അതു സാരമില്ല. അച്ചൻ ഷാപ്പീന്നു കുറേ മരുന്നുവാങ്ങിത്തന്നു. ഡാക്കുറു പറഞ്ഞിട്ടൊണ്ട് തണുത്തതൊന്നും കഴിക്കരുതെന്ന്."

"അപ്പോം ചൂടൊള്ളതും കഴിച്ചോണ്ടാണോ തെവസോം ഈ വരവ്?"

"സംശയമെന്താ. വീട്ടിലെ അവളെ



"എങ്ങോട്ടാ?" അതിനുത്തരം കൊടുക്കാതിരിക്കാമോ? ലോഹ്യക്കാരല്ലേ പറഞ്ഞില്ലെങ്കിൽ? കൊടുക്കാമോ? അതു രഹസ്യമല്ലേ! അഥവാ ഒരു കള്ളംപറഞ്ഞു നില്ക്കാമെന്നുവച്ചാൽ തൃപ്തിപ്പെടുമോ ആ മൂന്നാംക്ലാസ്സുകാരൻ? തുടങ്ങുകില്ലേ ചോദ്യശരങ്ങൾ. "എവിടുന്നാ? എന്തിനാ? എൻെറ പെണ്ണിന് ഒരു ചെറുക്കനെ അവിടെങ്ങാനും കണ്ടുപിടിക്കാമോ?" മററും മററും മററും.

ഒരിക്കൽ, ഹൈദരാബാദിൽ പയറുകൃഷി പരാജയപ്പെട്ടെന്ന് ഒരു സ്നേഹിതൻെറ കത്തിൽനിന്നു മനസ്സിലായി. കൊച്ചിയിൽ സ്റ്റോക്കുള്ള പയറുമുഴുവൻ വിലപ്പെടുക്കാൻ ഞാൻ നെട്ടോകമ്പി വച്ചുപിടിച്ചു. എറണാകുളംവരെ ബസ്സിൽ എത്തിയ നേരംകൊണ്ട് (മൂന്നാംക്ലാസിലാണ്, കേട്ടോ) നൂറാറാന്നുപേരു് ചോദിച്ചു "എങ്ങോട്ടാ?" ഞാനെന്തുപറയണമെന്നു നിങ്ങളൊന്നു പറഞ്ഞേ? പയറു ബ്ലാക്കു കച്ചവടത്തിനുപോകുകയാണെന്നു പറയണോ? തൊനതു പറയുമോ? ഞാൻ "എറണാകുളത്തിന്" എന്നുമാത്രം പറഞ്ഞു പക്ഷേ വന്നില്ലേ അടുത്ത അസ്ത്രം, "എന്തിനാ?" "ഒരാളെക്കാണാൻ." തിന്നാ ഗ്രഹപ്പിഴ? വന്നില്ലേ അടുത്ത ചോദ്യം, "എന്നാ വിശേഷം ?" "ഒന്നുമില്ല. എൻെറ മകൾക്കൊരു ക്ഷീണം. നല്ല ഡോക്ടന്മാരെക്കണ്ടു ഒന്നാലോചിക്കണം." ഈശ്വരാ രക്ഷതു. അവിടെ എത്തും നിന്നില്ല കാര്യം. എനിക്കു കൊച്ചിയിൽ കടക്കണം. അയാൾ വിട്ടില്ല. മകളെ കല്യാണം ചെയ്തോ? ചെയ്തുമോ? സ്ത്രീധനം എന്തുകൊടുക്കും? എനിക്കാണെത്ര? പെണ്ണെത്ര? ഏക്കറെത്ര? ശമ്പളമെത്ര? ഞാൻ പറഞ്ഞില്ല. നൂലാമാലപോലെ ചോദ്യങ്ങൾ. ഞാൻ ഓടി ഫെറിബോട്ടിൽ കയറി രക്ഷപെട്ടെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

ഫെറിബോട്ടിലെ മൂന്നാംക്ലാസ്സിൽ ഒരു കോണിൽ പോയി ഒതുങ്ങി ഇരുന്നു. "കൊച്ചിയിലേക്ക് അടുക്കുന്നു. ഇനി ആരും ഒന്നും എന്നോട് ചോദിക്കരുതേ ഭഗവാനേ." ബോട്ടു വിട്ടു. അല്പംകഴിഞ്ഞപ്പോൾ ഒരാൾ പുറകിൽനിന്നു ഷർട്ടിനു പിടിച്ചു. തിരിഞ്ഞുനോക്കിയപ്പോൾ കണ്ടു പരിചയമുള്ള ഒരാൾ. "എങ്ങോട്ടാ?" "കൊച്ചിവരെ." "എന്തിനാ?" ബോട്ടിലെ അടുത്തഅററത്തെ മൂന്നാംക്ലാസിലേക്കാറ ഓട്ടംകൊടുത്തു ഞാൻ. എന്നാലും പയറുകച്ചവടക്കാര്യം ഞാൻ പറയുകയില്ല തീർച്ചയാണ്. അവിടെ ചെന്നപ്പോൾ നാട്ടുകാരൻ ഒരു "ബ്ലാക്ക്"നേരേ നില്ക്കുന്നു. "എങ്ങോട്ടാ?" തോററല്ലോ ദൈവമേ. പുഴയിൽചാടി വെല്ലിങ്ങ്ടണിൽ കയറി രക്ഷപെട്ടാലോ എന്നുപോലും തോന്നിപ്പോയി. പക്ഷേ അടിയൊഴുക്കു ശക്തിയാണെങ്കിൽ പയറു മററുവല്ലവരും വാങ്ങിക്കളയും. നോക്കണേ സത്യംപറയാതിരിക്കാൻ ഞാൻ പെട്ടപാട്.

ഇതൊക്കെയായാലും മൂന്നാംക്ലാസിനുണ്ടൊരു സുഖവും രസവും. അതു സമത്വം പരിപാലിക്കുകയാണ്. നമ്മുടെ മന്ത്രിമാർപോലും, വിൽബെറിസ്സും എക്സിനും ഇടയ്ക്കുള്ള "അൻപതാറ് എത്തുന്നതിനുമുൻപ്" വല്ലപ്പോഴുമൊക്കെ മൂന്നാംക്ലാസ്സിൽ യാത്രചെയ്തിരുന്നെങ്കിൽ!

ള്ളിടത്തോളം അതൊക്കെ അവർ നോക്കിക്കൊള്ളും."

"പെണ്ണുങ്ങളു ചൊവ്വുള്ളതാണെങ്കി!— എ റപ്പ, നമുക്കൊരെണ്ണം!"

"എടാ പെണ്ണുങ്ങളെന്തോ വേണം! ആണുങ്ങളു പെഴച്ചുപോയാ പെണ്ണുങ്ങളും പെഴച്ചുപോം."

"ഒന്നും പറേണ്ടാ, അളശാരിടെ കുറോമൊണ്ട്, തടിയുടെ വള്ളോമൊണ്ട്."

"മാത്തുച്ചൻ ഭാഗ്യവാനാ!"

"ഒന്നുമല്ലടോ, ഞാൻ മാത്തുച്ചൻെറ വീട്ടും ഔതേടെ വീട്ടുംകൂടെ ഓത്തുനോക്കാറുണ്ട്. ഔതേടെ വീട്ടിലൊരിക്കലുമൊരു സമാധാനമില്ല."

"ഒരു കാര്യം ചെയ്യട്ടെ! ഈ ഔത പതിവായി പള്ളിവരട്ടെ! സന്ധ്യകഴിഞ്ഞുള്ള പ്രാത്ഥന മുടങ്ങാതെ നടത്തട്ടെ. ഔതേടെ വീട്ടിലേ അലോഹ്യമെല്ലാം കടലുകടക്കുന്നതു കാണാമല്ലോ. ഈ ഔതേടെ വീട്ടി സന്ധ്യകഴിഞ്ഞാലെന്തൊരു ശബ്ദവും ബഹളവുമൊക്കെയാ. ആ സമയം പിള്ളാരേം വിളിച്ച് കൊന്തയെത്തിക്കട്ടെ! വീട്ടിലെന്തൊരു സമാധാനവും ദൈവാനുഗ്രഹവുമായിരിക്കുമെന്നറിയാമോ?

"ഞങ്ങടെ വീട്ടിലുമുണ്ടായിരുന്നി അലോഹ്യവും വഴക്കും വയ്യാവേലിമൊക്കെ. അതൊന്നു മാറാനെന്തു പണിയാണെന്നു ഞാനാലോചിച്ചു. അച്ചൻെറ വീട്ടിലൊരിക്കലും ഒരു സമാധാനക്കേറവില്ല. അതെന്തുകൊണ്ടാ? ഒരുപാടൊ

## പ്രതിമാസഗ്രന്ഥക്ലബ്ബ്

## എറണാകുളം

ആദ്യപുസ്തകം

## ആത്മാർപ്പണം

A most thrilling and very inspiring historical novel, depicting the life of Catholics during the cruel persecutions of Queen Elizabeth—Tells you how men and women heroes all face rack and death for their faith.

വാഷികവരിസംഖ്യ Rs. 24

ക്കെ ഒള്ളതുകൊണ്ടല്ലും. ആ അമ്മാമ്മയില്യോ, അവർ സന്ധ്യയാകുമ്പോൾ എല്ലാ പിള്ളേരേം വിളിച്ചു പ്രാത്ഥനതുടങ്ങും. അച്ചനെന്തെല്ലാം ജോലികിടന്നാലും പ്രാത്ഥന മുടക്കാറുണ്ടോ? അപ്പോഴെനിക്കു മനസ്സിലായി കാര്യം.

"ഞാൻ ഞങ്ങടെ വീട്ടിൽ പ്രാത്ഥന മുടക്കാതെ നടത്തിത്തുടങ്ങി. അതിപ്പിന്നെ ആ വഴക്കുകളുമില്ല, വയ്യാവേലികളുമില്ല. ക്രമത്തിനു ഞാൻ പള്ളിപ്പോക്കും തുടങ്ങി. ഇപ്പം ഞങ്ങളുടെ വീട്ടിലെന്തൊരു സമാധാനവും സന്തോഷവുമാണെന്നറിയാമോ?"

രണ്ടുമൈലകലമുണ്ടായിരുന്ന വയലിലെത്തിയ വേലക്കാർ പണിയിലേർപ്പെട്ടു. ഇടയ്ക്കിടയ്ക്കു സംഭാഷണങ്ങളും, ചിരിയും, മൂളക്കം അവരുടെ ജോലിയിൽ ഉത്സാഹം നല്കിക്കൊണ്ടിരുന്നു. വെയിൽ മൂത്തപ്പോൾ വയൽപ്പുറമ്പിലുണ്ടായിരുന്ന ഒരു മാവിൻതണലിൽ എല്ലാവരും വിശ്രമിക്കയായി. മുതലാളൻെറ വക അടുത്തുള്ള കൃഷിപ്പുര (കളിയൽ)യിൽനിന്നും ഒരു പയ്യൻവന്നു പറഞ്ഞു: "അച്ചൻ വന്നിട്ടുണ്ട്. ഊണുകാലമായി. എല്ലാവരും അങ്ങോട്ടു വരിൻ."

ഊണുകഴിഞ്ഞ് വീണ്ടും വിശ്രമത്തിനുശേഷം പണിയിലേർപ്പെട്ട അവർ സന്ധ്യയോടുകൂടി വേലകഴിഞ്ഞ്, വീണ്ടും സംഭാഷണത്തിലേർപ്പെട്ട് ഭവനങ്ങളിലേക്കു പോയി.

## കത്തോലിക്കാ ആസ്പത്രികൾ

കഴിഞ്ഞവർഷം അമേരിക്കൻ ഐക്യനാടുകളിലും ക്യാനഡായിലുമായി കത്തോലിക്കരുടെ വക 47 ആസ്പത്രികൾ ഉൽഘാടനം ചെയ്യപ്പെട്ടു. ഈ ആസ്പത്രികളിൽ പകുതിയും നേരത്തേ ആസ്പത്രികൾ ഇല്ലാതിരുന്ന സ്ഥലങ്ങളിലാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഐക്യനാടുകളിലും ക്യാനഡായിലുംകൂടി ഇപ്പോൾ 1483 ആസ്പത്രികളുണ്ട്.

### ക്രൈസ്തവ വിദ്യാത്ഥികളുടെ

## മെമ്മോറാണ്ഡം

ചേത്തല ഇംഗ്ലീഷ് ഹൈസ്കൂളിലെ ക്രിസ്ത്യൻ വിദ്യാത്ഥികൾ ടി സ്കൂൾ ഹെഡ്മാസ്റ്റർക്ക് താഴെക്കാണുന്ന മെമ്മോറാണ്ഡം സമർപ്പിച്ചിരിക്കുന്നു:-

ഈ സ്കൂളിൽ രണ്ടുമൂന്നു കൊല്ലങ്ങളായിട്ട് ശ്രീ നാരായണ സമാധിദിനത്തിൻെറ മറപിടിച്ചുകൊണ്ട് കമ്മ്യൂണിസ്റ്റ് പ്രചരണവും പരമതനിന്ദനവും മറ്റും നടത്തിവരുന്നുണ്ട്. ഒരു സ്കൂൾചടങ്ങാണിതെന്നാണ് ഞങ്ങൾ കേൾക്കുന്നത്. എങ്ങനെ ഇതൊരു സ്കൂൾചടങ്ങായി എന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. V. B യിലെ ഒരു വിദ്യാർത്ഥിയായ എൻ. കെ. ഭാസ്കരൻെറ നോട്ടീസനുസരിച്ച് കൂടിയ ഒരു യോഗത്തിൽ സമാധി നടത്തിപ്പിനെപ്പറ്റി ആലോചിച്ചുവെന്നും ഒരു കമ്മിററി സംഘടിപ്പിച്ചുവെന്നും അറിയുന്നുണ്ട്. യാതൊരു പ്രാതിനിധ്യവും ഇല്ലാത്ത ഒരു വിദ്യാത്ഥിയുടെ നോട്ടീസനുസരിച്ചു കൂടിയ തല്പരകക്ഷികളുടെ ഒരു യോഗതീരുമാനം എങ്ങനെ ഒരു സ്കൂളിൻെറ തീരുമാനമാകും. സ്കൂളിലെ അദ്ധ്യാപകന്മാരോടുപോലും ആലോചിക്കാതെ നടത്തുന്ന ഒരു ചടങ്ങാണിതെന്നാണ് ഞങ്ങളുടെ അറിവ്. അങ്ങനെ ഞങ്ങളുടെ അറിവും സമ്മതവും കൂടാതെ ഈ വിധം ഒരു യോഗം സ്കൂൾചടങ്ങായി നടത്തുന്നതിനെ ഞങ്ങൾ പ്രതിഷേധിക്കുകയും യോഗത്തിനുള്ള നടപടികൾ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. വർഗ്ഗീയവിദ്വേഷവും വിപ്ലവമനോഭാവവും വിദ്യാർത്ഥികളിൽ പ്രചരിപ്പിച്ച പാരമ്പര്യമുള്ള യോഗത്തിൻെറ നടത്തിപ്പിൽ ഈ സ്കൂൾ വിദ്യാർത്ഥികളുടെ പൊതുവായ സമ്മതം ആരായാതെ ഒരു സ്കൂൾചടങ്ങായി നടത്തുന്നത് വിദ്യാർത്ഥികളായ ഞങ്ങളോടു ചെയ്യുന്ന ഒരു വഞ്ചനയായും ഞങ്ങൾ കരുതുന്നു.

[കഴിഞ്ഞ രണ്ടുവർഷങ്ങളിലും ശ്രീ നാരായണ സമാധിദിനം പ്രമാണിച്ച്

Thanksgiving
for favours received
through the intercession of
SR. ALPHONSA.
V. V. Varkey
Vadakkekara, N. Parur.

ചേത്തല ഗവർമ്മെൻറ് ഹൈസ്കൂളിൽ നടന്ന യോഗങ്ങളിൽ കമ്മ്യൂണിസപ്രചാരണാത്ഥമുള്ള പ്രസംഗങ്ങൾ നടന്നുവെന്നു റിപ്പോർട്ടുണ്ടായിരുന്നു. കഴിഞ്ഞതിൻെറ തലേക്കൊല്ലത്തെ യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചത് അന്നത്തെ വിദ്യാഭ്യാസമന്ത്രി ശ്രീ പനമ്പിള്ളി ഗോവിന്ദമേനോനായിരുന്നു. ഭണ്ടമണിക്കൂർ ദീർഘിച്ച അദ്ദേഹത്തിൻെറ ഉപസംഹാരപ്രസംഗത്തിൽ ഗവർമ്മെൻറു വിദ്യാലയം ഇപ്രകാരം ദുരുപയോഗപ്പെടുത്തുന്നതിനു ഭാരവാഹികൾക്കു ശക്തിയായ താക്കീതു നല്കുകയുണ്ടായി. എന്നുവരികിലും കഴിഞ്ഞകൊല്ലം കൂടിയ സമാധിയോഗത്തിൻെറയും പോക്കു പഴയപടിതന്നെയായിരുന്നുവത്രെ. ഇക്കഴിഞ്ഞ ആഗസ്റ്റ് 15-ാംനു- സ്വാതന്ത്ര്യദിനാഘോഷസംബന്ധിച്ച് ഹെഡ്മാസ്റ്ററുടെ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തേയും കമ്മ്യൂണിസപ്രചാരണാർത്ഥം പ്രസംഗകർ വിനിയോഗിച്ചതായി റിപ്പോർട്ടുണ്ട്. അടുത്തുതന്നെ കൂടുവാൻപോകുന്ന സമാധിയോഗവും ഇപ്രകാരം ദുരുപയോഗിക്കപ്പെടുമെന്നുള്ള ഭയം നിമിത്തമാണ് പ്രസ്തുത സ്കൂളിലെ ക്രൈസ്തവവിദ്യാത്ഥികൾ ഈ മെമ്മോറാണ്ഡം ഹെഡ്മാസ്റ്റർക്ക് സമർപ്പിച്ചിരിക്കുന്നത്. മതനിഷ്പക്ഷത പാലിക്കുന്നതായി പറയപ്പെടുന്ന ഗവർമ്മെൻറു വിദ്യാലയങ്ങളിൽ നിരീശ്വരതത്വത്തിലും വിപ്ലവാദർശത്തിലും വേരൂന്നിയിരിക്കുന്ന കമ്മ്യൂണിസത്തെ പ്രചരിപ്പിക്കുന്നതിനായുള്ള പ്രസംഗങ്ങൾ നടത്താൻ അനുവദിക്കുന്നതു തികച്ചും ആലോചനീയമാണ്. ഈശ്വരവിശ്വാസവും മതബോധവുമുള്ള പൊതുജനങ്ങൾ, വിശിഷ്യ ക്രൈസ്തവർ, ഇത്തരം സംരംഭങ്ങളെ പ്രതിഷേധിക്കേണ്ടതാണ്.]

## മൂന്നു ചോദ്യങ്ങൾ

### വി. കുർബാനയെപ്പററി

ഗാസാസമൊനാസ് എന്ന ദിക്കിൻെറ മെത്രാൻ അനേകം തീത്ഥയാത്രക്കാരോടുകൂടി തിരുസ്ഥലങ്ങളെ സന്ദർശിപ്പാനായി പലസ്തീനായിൽ ചെന്നപ്പോൾ, ഒരു മഹമ്മദിയൻ മെത്രാൻെറയും തീത്ഥയാത്രക്കാരുടെയും മുമ്പാകെവന്നു തക്കം ആരംഭിച്ചു. "ഞാൻ ചോദിക്കുന്ന ചോദ്യങ്ങൾക്ക് എല്ലാവരുടെയും മുമ്പാകെ വച്ചുതന്നെ മറുപടിതരാമോ" എന്നു മഹമ്മദിയൻ മെത്രാനോടു ചോദിച്ചു. "തരാം" എന്നു മെത്രാൻ ധൈര്യസമേതം പ്രതിവചിച്ചപ്പോൾ മഹമ്മദിയൻ "കുർബാനയിൽ അപ്പവും വീഞ്ഞും മിശിഹായുടെ ശരീരവും ചോരയും ആയി പകരുന്നത് എങ്ങനെ?" എന്നു ചോദിച്ചു. ഈ ഒന്നാം ചോദ്യത്തിനു മെത്രാൻ ഇപ്രകാരം മറുപടികൊടുത്തു: "താൻ പിറന്നപ്പോൾ തൻെറ ശരീരം ഇപ്പോഴത്തെപ്പോലെ വലിയതല്ലായിരുന്നുവല്ലോ. താൻ അനുഭവിച്ച അപ്പവും പാനിയവും തൻെറ ശരീരവും ചോരയുമായി പകന്നതുകൊണ്ടല്ലയോ തൻെറ ശരീരം വർദ്ധനപ്രാപിച്ചു ഇത്രയുമായതു്. ഇപ്രകാരം മനുഷ്യൻെറ ശരീരത്തിനു് ആഹാരത്തെ മാംസവും ചോരയുമാക്കി പകത്തുവാൻ ശക്തിയുണ്ടെങ്കിൽ, ഈ ശക്തിയെ കൊടുത്ത ദൈവത്തിനു് അഥവാ ക്രിസ്തുവിനു് കുർബാനയിൽ അപ്പവുംവീഞ്ഞും തൻെറ ശരീരവും ചോരയുമാക്കി പകത്തുന്നതിനു ശക്തിയുണ്ടു്." പ്രകൃതിയിൽനിന്നെടുത്ത ഈ ദൃഷ്ടാന്തം മഹമ്മദിയൻ സമ്മതിച്ചു.

എന്നാൽ മെത്രാനെ പരാജിതനാക്കണമെന്നു കരുതിക്കൊണ്ടു മഹമ്മദിയൻ "ചെറുതായ ഒരു ഓസ്തിയിൽ മിശിഹാ മുഴുവനായി അടങ്ങിയിരിക്കുന്നതു് എങ്ങനെ?" എന്നു ചോദിച്ചു. മെത്രാൻ മറുപടിയായി, "തൻെറ കൺമിഴി തീരെ ചെറുതായിരുന്നിട്ടും തൻെറ മുമ്പാകെയുള്ള ആളുകളേയും വസ്തുക്കളേയും എന്നല്ല ചുററുമുള്ള പ്രദേശങ്ങളേയും താൻ കാണുന്നില്ലയോ? എന്നാൽ ഈ വസ്തുക്കളുടെ കാഴ്ചയുണ്ടാകണമെങ്കിൽ അവയുടെ രൂപങ്ങൾ എല്ലാം ഏററം ചെറുതായ തൻെറ കൺമിഴിയിൽ അടങ്ങാതെ നിവൃത്തിയില്ല. ഇത്രയും ചെറുതായ കൺമിഴിയിൽ ഈ വസ്തുക്കളുടെ ഒക്കെയും രൂപങ്ങൾ അടങ്ങുമെങ്കിൽ, ചെറുതായ ഓസ്തിയിൽ മിശിഹായുടെ ശരീരം മുഴുവനായി അടങ്ങിയിരിക്കുന്നതിൽ ആശ്ചര്യപ്പെടാനില്ല" എന്നു പറഞ്ഞു.

യുക്തിയുക്തമായ ഈ മറുപടിയുടെ ശേഷം മഹമ്മദിയൻ ഏതുവിധമെങ്കിലും മെത്രാനെ മടക്കണം എന്നു കരുതിക്കൊണ്ടു് "മിശിഹായുടെ ശരീരം ഒരേസമയത്തുതന്നെ നിങ്ങളുടെ എല്ലാ പള്ളികളിലും കൂദാശചെയ്യപ്പെട്ട എല്ലാ ഓസ്തികളിലും ഉണ്ടായിരിക്കുന്നതു് എങ്ങനെ?" എന്നു ചോദിച്ചു. ഈ മൂന്നാമത്തെ ചോദ്യത്തിനു് ഇതു ദൈവവല്ലഭത്തിനു സാദ്ധ്യമാണു് എന്നു മെത്രാൻ മറുപടികൊടുത്തു. ഈ വിസ്മയിക്കത്തക്ക സാന്നിദ്ധ്യത്തെ പ്രകൃതി ദൃഷ്ടാന്തപ്പെടുത്തുന്നതായും ബോദ്ധ്യപ്പെടുത്തി. ആകാശത്തിൽ പ്രകാശിച്ചുനില്ക്കുന്ന സൂര്യൻ ഒരു കണ്ണാടിയിൽ അതേപ്രകാരം ശോഭയോടെ കാണപ്പെടുന്നു. ഈ കണ്ണാടി പത്തു കഷണങ്ങളാക്കിയാൽ പത്തിലും പൂർണ്ണമായി സൂര്യബിംബം കാണാവുന്നതാണു്. വേറെ എത്ര കണ്ണാടിച്ചില്ലുകൾ പ്രദശിപ്പിച്ചാലും അവയിലൊക്കെയും സൂര്യൻ പൂർണ്ണമായി കാണപ്പെടുന്നു. ഒരു സൃഷ്ടിയായ സൂര്യൻ ആകാശത്തിൽ ഒരേ സ്ഥലത്തു നിന്നുകൊണ്ടു അനേകായിരം കണ്ണാടിച്ചില്ലുകളിലും അവയുടെ വിഭാഗങ്ങളിലും പൂർണ്ണമായി പ്രത്യക്ഷപ്പെടുന്നുവെങ്കിൽ സ്രഷ്ടാവും ദൈവവുമായ മിശിഹാ, തൻെറ പിതാവിൻെറ വലത്തുഭാഗത്തു എഴുന്നെള്ളിയിരുന്നുകൊണ്ടു് അനേകായിരം പള്ളികളിൽ ആത്മശരീരങ്ങളോടുകൂടി കൂദാശയ്ക്കുടുത്ത വിധത്തിൽ സത്യമായിട്ടും പൂർണ്ണമായിട്ടും എഴുന്നെള്ളിയിരിക്കുന്നതിൽ എന്താണു വിസ്മയിപ്പാനുള്ളതു്? ക്രിസ്തീയ വിശ്വാസസത്യങ്ങളറിയാതെയും വിശ്വസിക്കാതെയുമിരുന്ന ഈ മഹമ്മദിയൻെറ ദുസ്തക്കങ്ങളെ പ്രകൃതിയിൽനിന്നും എടുത്ത പ്രസ്പഷ്ടങ്ങളായ ദൃഷ്ടാന്തങ്ങൾകൊണ്ടു വർണ്ണിച്ചു പൂർണ്ണവിജയം പ്രാപിച്ച മെത്രാനെ സകലരും ശ്ലാഘിച്ചു.

(പഴയൊരുലക്കം "കമ്മലകുസുമ"ത്തിൽനിന്നു്)



ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ദീനം സുഖമായതിനു് കൃതജ്ഞത.

ആനി തോമസ്, മുളങ്കുന്നത്തുകാവ്.

## ഉപകാരസ്മരണ

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത.

പൗലോസ് വാറിയത്ത്, വടക്കാഞ്ചേരി, വടക്കേക്കര

## കൃതജ്ഞത

ഫാത്തിമാനാഥയുടെ അനുഗ്രഹം ലഭിച്ചതിനു കൃതജ്ഞത.

Gregory

ST. JOSEPH'S ART STUDIO



നാലഞ്ചുമാസക്കാലത്തോളം രോഗപീഡിതനായി അവശനിലയിൽ കിടന്നിരുന്ന ഞാൻ വിശുദ്ധ യൗസേപ്പ് പിതാവിൻെറ മദ്ധ്യസ്ഥതാൽ രോഗവിമുക്തനായിത്തീന്നിരിക്കുന്ന വിവരം പൊതുജനങ്ങളെ സസന്തോഷം അറിയിച്ചുകൊള്ളുന്നു. രോഗശാന്തിക്കായി പ്രാത്ഥിക്കുകയും മററു പല വിധത്തിൽ സഹായിക്കുകയും ചെയ്തിട്ടുള്ള സ്റ്റുഡിയോ രക്ഷാധികാരി തൃശ്ശൂർ മെത്രാൻ എ. പെ. പെ. ബ. ജോർജ്ജ് ആലപ്പാട്ട് പിഎച്ച്. ഡി., ഡി. ഡി. തിരുമേനിയോടും, സ്റ്റുഡിയോയുടെ പ്രാരംഭപ്രവത്തകനായ അനാഥശാല ഡയറക്ടരും മാനേജരുമായ തെക്കേക്കര ബ. ജോർജ്ജ് അച്ചൻ അവർകളോടും, മററുള്ള ബ. വൈദികരോടും സന്യാസിനിസന്യാസികളോടും മഹാമനസ്കരായ മഹതിമഹാന്മാരോടും എനിക്കുള്ള അകൈതവമായ കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു. എന്നു്,

വിനീതവിധേയൻ,
ആട്ടിസ്റ്റ് ടി. പി. ജോസഫ്,
പ്രൊപ്രൈറ്റർ & മാനേജർ,
സെൻറ് ജോസഫ്സ്
ആർട്ട് സ്റ്റുഡിയോ, തോപ്പ്, തൃശ്ശൂർ.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 25 ‖ ERNAKULAM, SEPTEMBER 12, 1951 ‖ No 5


# മഹാകവി വള്ളത്തോളിന്റെ അർദ്ധസത്യപ്രസ്താവങ്ങൾ

സോവ്യറ്റ് യൂണിയൻ സന്ദർശിച്ചു മടങ്ങിയെത്തിയ ഇന്ത്യയിലെ സാഹിത്യകാരന്മാരിലൊരാളായ മഹാകവി വള്ളത്തോളിനോട്, ഇന്നാട്ടിലെ ഒരു കമ്മ്യൂണിസ്റ്റ് പത്രത്തിന്റെ ലേഖകൻ ചോദിച്ച ചില ചോദ്യങ്ങളും അവയ്ക്കദ്ദേഹം നൽകിയ മറുപടികളും ആ പത്രത്തിൽ കാണുകയുണ്ടായി. "സോവ്യറ്റ് യൂണിയനെപ്പററി ഇന്നു പ്രചാരത്തിലിരിക്കുന്ന പല സംശയങ്ങളും ദൂരീകരിക്കാൻ ഈ മറുപടി സഹായകമാകുമെന്ന്" ആ പത്രത്തിന്റെ അധികൃതന്മാർ "വിശ്വസിക്കുന്നു" എന്നാൽ ഞങ്ങളുടെ വിശ്വാസം ആ മറുപടി പ്രസ്തുത സംശയങ്ങളെ സ്ഥിരീകരിക്കുവാൻ സഹായകമാകുമെന്നാണ്. അതിന്റെ കാരണങ്ങളിൽ പ്രധാനമായ ഒന്ന് മഹാകവിക്കും മററു സാഹിത്യകാരന്മാർക്കും സോവ്യറ്റുയൂണിയനിലെ സ്ഥിതിഗതികൾ ശരിയായി അന്വേഷിച്ചറിയുവാൻ സാധിച്ചില്ലെന്നും അറിഞ്ഞവതന്നെയും തുറന്നു പ്രസ്താവിക്കുവാൻ സാമാന്യമായ ആതിഥ്യമര്യാദ അവരെ അനുവദിക്കുന്നില്ലെന്നും ഉള്ളതുതന്നെ. മഹാകവിയുടെ മറുപടിയിലെ വാക്കുകളാണ് ഈ പ്രസ്താവത്തിനടിസ്ഥാനം. "ക്ഷണിക്കപ്പെട്ട ഞങ്ങൾ 16 പേരിൽ ഒരാൾക്കുപോലും റഷ്യൻ ഭാഷ അറിഞ്ഞുകൂടായിരുന്നു ... ... അവർ ഞങ്ങളെ രാജോചിതമാംവണ്ണം സ്വീകരിച്ചു, ഉപചരിച്ചു, സൽക്കരിച്ചു" എന്നാണ് അദ്ദേഹം പറഞ്ഞതു്.

### സോവ്യറ്റുയൂണിയനും മതവും

"സോവ്യറ്റ് യൂണിയനെപ്പററി ഇന്നു പ്രചാരത്തിലിരിക്കുന്ന പല സംശയങ്ങളിൽ" ഏററവും വലിയതു് അവിടെ മതസ്വാതന്ത്ര്യം അനുവദിക്കപ്പെടുന്നില്ലെന്നാണല്ലോ; പോരാ, മതത്തെയും മതാനുയായികളെയും ഭയങ്കരമായി പീഡിപ്പിക്കുന്നുവെന്നാണ്. തന്മൂലം പ്രസ്തുത പത്രലേഖകൻ മഹാകവിയോട് ആദ്യം ചോദിച്ചതു് ഈ വിഷയത്തെപ്പററിയായിരുന്നു. "സോവ്യറ്റുറഷ്യയിൽ മതസ്വാതന്ത്ര്യം അനുവദിക്കപ്പെടുന്നുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ പരിധി എത്രത്തോളം?" ഈ ചോദ്യത്തിനു മഹാകവി ഇങ്ങനെ മറുപടി നൽകി: "സോവ്യറ്റ് യൂണിയൻ മതത്തെ നിരസിക്കുന്നില്ല, അത്ര ആരാധിക്കുന്നുമില്ല. അതിനെ വ്യക്തികളുടെ മനോവൃത്തിക്കു വിട്ടുകൊടുത്തിരിക്കുകയാണെന്നു തോന്നുന്നു. ഒരു നാട്ടിൻപുറത്ത് ഒരു പള്ളി പുതുക്കിപ്പണിയുന്നതു ഞാൻ കണ്ടു. എന്നാൽ പള്ളിയിൽ പോകുന്നവരുടെ സംഖ്യ കുറഞ്ഞുവരികയാണ്." മഹാ വലിയ രാജ്യമായ സോവ്യറ്റുയൂണിയനിൽ സഞ്ചരിച്ച മഹാകവിക്കു "ഒരു" നാട്ടിൻപുറത്തു് "ഒരു" പള്ളി പുതുക്കിപ്പണിയുന്നതുമാത്രം കാണാൻ ഇടയായതിൽ അദ്ദേഹത്തിനു് ആശ്ചര്യമുണ്ടോ ആവോ? അതിന്റേയും, പള്ളിയിൽ പോകുന്നവരുടെ സംഖ്യ കുറഞ്ഞുവരുന്നതിന്റേയും കാരണമെന്തെന്നു് അദ്ദേഹം ആലോചിക്കുകയോ അന്വേഷിക്കുകയോ ചെയ്തോ ആവോ? സോവ്യറ്റ്യൂണിയൻ മതത്തെ വ്യക്തികളുടെ മനോവൃത്തിക്കു വിട്ടുകൊടുത്തിരിക്കുകയാണെന്നാണോ താൻ കണ്ട കാഴ്ചകളിൽനിന്നു് അദ്ദേഹത്തിനു ന്യായമായി തോന്നേണ്ടതു്? മതത്തെ വ്യക്തികളുടെ മനോവൃത്തിക്കു വിട്ടുകൊടുത്തിരിക്കുന്ന, മതേതരമായ, പല രാജ്യങ്ങളും അദ്ദേഹം അറിയുകയും കാണുകയും ചെയ്തിട്ടുണ്ടല്ലോ. അവിടങ്ങളിലെല്ലാം പള്ളികൾ സോവ്യറ്റ് യൂണിയനിലെപ്പോലെ അത്ര ചുരുക്കമാണോ, പള്ളിയിൽ പോകുന്നവരുടെ സംഖ്യ കുറഞ്ഞുവരികയാണോ? അങ്ങനെയല്ലെങ്കിൽ സോവ്യറ്റ് യൂണിയനിൽമാത്രം അങ്ങനെ കാണുന്നതിന്റെ കാരണമെന്തായിരിക്കാം? ഈ പ്രശ്നങ്ങളൊന്നും മഹാകവിയുടെ മനസ്സിൽ ഉദിച്ചില്ലേന്നോ? ഉദിച്ചെങ്കിലും അവയ്ക്കു സമാധാനം കണ്ടുപിടിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ലേന്നോ? ഇങ്ങനെയെല്ലാമാലോചിക്കുമ്പോൾ മതസ്വാതന്ത്ര്യം അനുവദിക്കപ്പെടുന്നില്ലെന്നു സോവ്യറ്റുയൂണിയനെപ്പററി ഇന്നു പ്രചാരത്തിലിരിക്കുന്ന സംശയത്തെ മഹാകവിയുടെ മറുപടി സ്ഥിരീകരിക്കുകയാണു ചെയ്യുന്നതെന്നു് ആ വിഷയത്തെപ്പററി യാതൊന്നും മററുവഴിക്കു് അറിഞ്ഞിട്ടില്ലാത്ത ഏതൊരു വായനക്കാരൻപോലും വിശ്വസിക്കാതിരിക്കുകയില്ല.

### സോവ്യറ്റുയൂണിയന്റെ മതമർദ്ദനം

എന്നാൽ മഹാകവിയുടെ മറുപടിയിൽ അർദ്ധസത്യമാണ് അടങ്ങിയിരിക്കുന്നതെന്നു സോവ്യറ്റുയൂണിയന്റെ മതമർദ്ദനത്തെപ്പററി അവരുടെ ഔദ്യോഗികരേഖകളിൽനിന്നുതന്നെ അറിയാവുന്ന ഞങ്ങൾക്കു തുറന്നുപറയാതെ ഗത്യന്തരമില്ല. സോവ്യറ്റ് യൂണിയന്റെ സ്ഥാപകനായ ലെനിന്റെ സിദ്ധാന്തമനുസരിച്ചു് "മതം ജനങ്ങളുടെ മനംമയക്കുന്ന കറുപ്പാണ്." തന്മൂലം മതത്തിനെതിരായി നിരന്തരമായ സമരം നടത്തണമെന്നായിരുന്നു അദ്ദേഹത്തിന്റെ നയം. ഈ സമരമാകട്ടെ "കേവലം സിദ്ധാന്തപരമായ പ്രസംഗങ്ങളിൽ ഒതുക്കിനിർത്തുവാൻ പാടുള്ളതല്ലെന്നും ... ... ...മതത്തിന്റെ സാമുദായികമായ വേരുകളെത്തന്നെ പറിച്ചുകളയണമെന്നുള്ള ലക്ഷ്യത്തോടുകൂടി വർഗ്ഗസമരപ്രസ്ഥാനത്തിന്റെ പ്രായോഗികപരിപാടിയിൽ ഉൾപ്പെടുത്തേണ്ടതാണെന്നും ... ... പ്രസ്തുത സമരത്തിൽ തൊഴിലാളികളുടെ പാർട്ടി (കമ്മ്യൂണിസ്റ്റ് പാർട്ടി) നേതൃത്വം വഹിക്കേണ്ടതാണെന്നും" ലെനിൻ ഉദ്ബോധിപ്പിച്ചു.

ലെനിന്റെ നേതൃത്വത്തിൽ ബോൾഷെവിക്കുകാർ റഷ്യയിലെ ഭരണാധികാരം ബലപ്രയോഗത്താൽ പിടിച്ചെടുത്തശേഷം 1918-ൽ തയ്യാറാക്കപ്പെട്ട നകൽ ഭരണഘടനയിൽ "മതം പൗരന്മാരുടെ രഹസ്യകാര്യമാണ്" എന്ന പ്രമേയം ഉൾക്കൊള്ളിച്ചിരുന്നു. എന്നാൽ ലെനിൻ അതു സ്വീകരിച്ചില്ല. അതിനുപകരം അദ്ദേഹത്തിന്റെ ആജ്ഞയനുസരിച്ചു "മതത്തിനു് അനുകൂലമായ പ്രചരണവും മതത്തിനു പ്രതികൂലമായ പ്രചരണവും നടത്തുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കുമെന്നു്" ഭരണഘടനയിലെ 11-ാം വകുപ്പിൽ വ്യവസ്ഥചെയ്തു. മതവിരുദ്ധപ്രചരണം സോവ്യററ് ഗവൺമെന്റിന്റെ നിരന്തരമായ സഹായത്താൽ ആദ്യംമുതൽ റഷ്യയിൽ വളരെ ശക്തിപ്പെട്ടുകൊണ്ടിരുന്നെങ്കിലും, മതപ്രചരണസ്വാതന്ത്ര്യം ഭരണഘടനയിൽ അനുവദിച്ചിരുന്നതിന്റെ ഫലമായി അപ്രതീക്ഷിതമായ വിധത്തിൽ മതപരമായ ജീവിതത്തിനു വികസനമുണ്ടായി. മതസഭ (Church) സാംസ്കാരികവും സാമുദായികവുമായ ഒരു കേന്ദ്രമായി പരിണമിച്ചു ഈ പുതിയ വികസനം വേരോടെ പിഴുതുകളയുവാൻവേണ്ടി 1929 ഏപ്രിൽ 8-ാംനു സോവ്യററുഗവൺമെന്റിൽനിന്നു് ഒരുത്തരവു പുറപ്പെടുവിച്ചു. അതിന്റെ ഫലമായി മതപരമായ സംഘടനകളുടെമേൽ, പ്രത്യേകിച്ചും അവയുടെ സാംസ്കാരികവും സാമുദായികവുമായ പ്രവർത്തനങ്ങളുടെമേൽ, പുതിയ നിയന്ത്രണങ്ങൾ ചുമത്തപ്പെട്ടു. പരസ്പരസഹായസംഘടനകൾ സ്ഥാപിക്കുന്നതു നിരോധിക്കപ്പെട്ടു. ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനല്ലാതെ മററുദ്ദേശത്തിനുവേണ്ടി മതപരമായ സംഘടനകൾക്കു് അവയുടെ സ്വത്തുക്കൾ ഉപയോഗിക്കുവാൻ പാടുള്ളതല്ലെന്നു വിലക്കപ്പെട്ടു. ആ സംഘടനകളിലെ അംഗങ്ങൾക്കു ഭൗതികസഹായം നൽകുക, കുട്ടികൾക്കും യുവജനങ്ങൾക്കും സ്ത്രീകൾക്കും വേണ്ടി സമ്മേളനങ്ങൾ നടത്തുക, പ്രത്യേക പ്രാർത്ഥനാചടങ്ങുകളും ബൈബിൾക്ലാസ്സുകളും ഏർപ്പെടുത്തുക, ഗ്രൂപ്പുകളും മററും രൂപീകരിച്ചു വിനോദസഞ്ചാരങ്ങൾ നടത്തുക, കളിസ്ഥലങ്ങളും വായനശാലകളും തുറക്കുക, ആരോഗ്യരക്ഷാകേന്ദ്രങ്ങൾ ഏർപ്പെടുത്തി വൈദ്യസഹായം നൽകുക ഇവയെല്ലാം നിരോധിക്കപ്പെട്ടു. ഒടുവിൽ ഈ നിരോധനം 1929 മേയ് 22-ാംനു ഭരണഘടനയിൽ ഒരു ഭേദഗതിയായി ഉൾക്കൊള്ളിക്കപ്പെട്ടു. മതത്തിനു് അനുകൂലമായ പ്രചരണവും മതത്തിനു വിരുദ്ധമായ പ്രചരണവും നടത്തുവാനുള്ള സ്വാതന്ത്ര്യം ഭരണഘടനയിൽ അതുവരെ പ്രഖ്യാപിക്കപ്പെട്ടിരുന്നതു നീക്കിക്കളഞ്ഞിട്ടു്, അതിന്റെ സ്ഥാനത്തു് "മതപരമായ ആരാധനയ്ക്കുള്ള സ്വാതന്ത്ര്യവും മതവിരുദ്ധപ്രചരണത്തിനുള്ള സ്വാതന്ത്ര്യവും" പ്രഖ്യാപിക്കപ്പെട്ടു. ഭരണഘടനയിലെ ഈ ഭേദഗതിയുടെ ഔദ്യോഗികമായ വ്യാഖ്യാനപ്രകാരം "മതത്തിന്റെ അനുയായികളായി പുതിയഗണം തൊഴിലാളികളെ പ്രത്യേകിച്ചും കുട്ടികളെ, ചേർക്കുന്നതും, മതസഭകളുടേയും മതാനുസാരികളായ ആളുകളുടേയും ഭാഗത്തുനിന്നുള്ള ഏതുവിധപ്രചരണവും" നിരോധിക്കപ്പെട്ടു. റഷ്യൻ കാര്യങ്ങളെപ്പററി നേരിട്ടുള്ള അനുഭവത്തോടുകൂടി വളരെയധികം എഴുതിയിട്ടുള്ള അമേരിക്കാക്കാരനായ ചെമ്പർലിന്റെ വാക്കുകളിൽ പറഞ്ഞാൽ, "മതവിരുദ്ധങ്ങളായ അസംഖ്യം പ്രസിദ്ധീകരണങ്ങളിൽ മതത്തിനെതിരായി നടത്തപ്പെടുന്ന അക്രമങ്ങൾക്കു പ്രസംഗത്താലോ പ്രബന്ധത്താലോ മറുപടിപറയുവാൻ മതസഭയുടെ യാതൊരു പ്രതിനിധിക്കോ, മതവിശ്വാസിയായ യാതൊരു വ്യക്തിക്കോ മേലിൽ അനുവാദമില്ലാതായി."

### വിവിധപീഡനോപായങ്ങൾ

സോവ്യററുറഷ്യയിൽ മതപീഡനം നടത്തുവാൻ പലതരം ഉപായങ്ങളാണ് ആദ്യന്തം സ്വീകരിച്ചുപോന്നിട്ടുള്ളതു്. 1) പ്രത്യക്ഷമായ അക്രമപ്രയോഗം. വൈദികരേയും പ്രവർത്തനോത്സുകരായ അത്മേനികളേയും കാരാഗൃഹത്തിലടയ്ക്കുകയോ വധിക്കുകയോ ചെയ്യുക; ദേവാലയങ്ങൾ ബലപ്രയോഗത്താൽ അടച്ചുപൂട്ടുകയും, ആ കെട്ടിടങ്ങൾ പലപ്പോഴും മതപരമല്ലാത്തതോ മതവിരുദ്ധംതന്നെയോ ആയ സമ്മേളനങ്ങൾക്കും മററുമായി വിനിയോഗിക്കുകയും ചെയ്യുക; വിശുദ്ധസ്വരൂപങ്ങളും വിശുദ്ധപാത്രങ്ങളും നശിപ്പിക്കുകയും അശുദ്ധമാക്കുകയും ചെയ്യുക. 2) ക്രൈസ്തവസഭകളുടെ ജീവിതം തടസ്സപ്പെടുത്തത്തക്കവണ്ണമുള്ള കൈകടത്തൽ. ക്രിസ്തീയസഭകൾക്കു നിയമപരവും സാമ്പത്തികവുമായ ജീവിതം നയിക്കുവാൻ ആവശ്യകമായ മാർഗ്ഗങ്ങൾ ഇല്ലാതാക്കുക; വൈദികമണ്ഡലത്തിൽ ഉയർന്നപടിയിലും താഴ്ന്നപടിയിലുമുള്ള ആളുകൾ തമ്മിലുള്ള സാധാരണമായ ബന്ധങ്ങൾക്കു ഭംഗംവരുത്തുക; ക്രിസ്തീയസഭകളിൽ പിളർപ്പ് (ശീശ്മ) ഉളവാക്കുവാൻ സഹായിക്കുക; ക്രിസ്തീയസഭകളുടെ പരസ്നേഹപരവും സാംസ്കാരികവും സാമുദായികവുമായ പ്രവർത്തനങ്ങളെ നിരോധിക്കുക. 3) മതത്തിനെതിരായുള്ള വ്യത്യസ്തഗണന. വൈദികർക്കെതിരായി ഔദ്യോഗികവും ദൂരവ്യാപകവുമായ വ്യത്യസ്തഗണനയോടുകൂടി പെരുമാറുക; ഔദ്യോഗികമായിട്ടല്ലെങ്കിലും ഏററവും ഫലപ്രദമായിത്തന്നെ പ്രവർത്തനോത്സുകരായ അത്മേനികൾക്കെതിരായും വ്യത്യസ്തഗണനയോടുകൂടിയ നടപടികൾ സ്വീകരിക്കുക. 4) മതപരമായ വിദ്യാഭ്യാസത്തിന്റെ ഉന്മൂലനാശം. സ്കൂളുകളിൽനിന്നു മാത്രമല്ല, ദേവാലയങ്ങളുൾപ്പെടെയുള്ള സകല വിദ്യാദാനസ്ഥാപനങ്ങളിൽനിന്നും മതപരമായ ബോധനം വേരോടെ പറിച്ചുകളയുക. 5) മതപരമായ ജീവിതത്തിനുചേർന്ന ഭക്താനുഷ്ഠാനങ്ങൾ തടസ്സപ്പെടുത്തുക.

### സ്റ്റാലിന്റെ പുതിയ ഭരണഘടനയ്ക്കുശേഷം

ഇപ്പോൾ റഷ്യയിൽ നിലവിലിരിക്കുന്നതും സ്റ്റാലിന്റെ നേതൃത്വത്തിൽ നിർമ്മിച്ചതുമായ ഭരണഘടനയിൽ മതസ്വാതന്ത്ര്യത്തെപ്പററി കൊള്ളിച്ചിട്ടുള്ള വ്യവസ്ഥ ഇങ്ങനെയാണ്:- "പൗരന്മാർക്കു മനസ്സാക്ഷിസ്വാതന്ത്ര്യമുണ്ടായിരിക്കുമെന്നു് ഉറപ്പുകൊടുക്കുവാനായി യു. എസ്. എസ്. ആറിൽ മതസഭ (Church) രാഷ്ട്രത്തിൽനിന്നും, സ്കൂൾ മതസഭയിൽനിന്നും വേർപെടുത്തപ്പെട്ടിരിക്കുന്നു. മതപരമായ ആരാധനാസ്വാതന്ത്ര്യവും മതവിരുദ്ധപ്രചരണത്തിനുള്ള സ്വാതന്ത്ര്യവും എല്ലാ പൗരന്മാർക്കുമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു" മതപരമായ ആരാധനനടത്തുവാനല്ലാതെ മതപരമായ പ്രചരണത്തിനുള്ള സ്വാതന്ത്ര്യം ഇതിൽ അംഗീകരിക്കപ്പെട്ടിട്ടില്ല. നേരെമറിച്ചു് മതവിരുദ്ധമായ പ്രചരണത്തിനുള്ള സ്വാതന്ത്ര്യം അംഗീകരിക്കപ്പെട്ടിട്ടുമുണ്ടു്. മുകളിലുദ്ധരിച്ച ഭരണഘടനാഭേദഗതികളുടേയും ഗവൺമെൻറുത്തരവുകളുടേയും അവയനുസരിച്ചുണ്ടായ മതമർദ്ദനത്തിന്റേയും വെളിച്ചത്തിൽ പുതിയ ഭരണഘടനയിലെ മതാരാധനാസ്വാതന്ത്ര്യം ഫലശൂന്യമാണെന്നു സ്പഷ്ടമാണല്ലോ. പുതിയ ഭരണഘടനയ്ക്കുശേഷം നടത്തപ്പെട്ട മുൻപ്രസ്താവിച്ചതരത്തിലുള്ള മതപീഡനം അതു തെളിയിക്കുന്നുമുണ്ടു്. 1937-ൽ തന്നെ 1100 ഓർത്തഡോക്സ് ശീശ്മപ്പള്ളികളും, 240 കത്തോലിക്കാപ്പള്ളികളും, 61 പ്രോട്ടസ്റ്റൻറ് പ്രാർത്ഥനാലയങ്ങളും, 110 മുസ്ലീംപള്ളികളും അടച്ചുപൂട്ടി. 1938-ലെ കണക്കുകൾ കാണുന്നില്ല. എന്നാൽ ആ രണ്ടുകൊല്ലങ്ങളിലായി ആകെക്കൂടി കുറഞ്ഞുപോയ മതസംഘടനകളുടെ എണ്ണം ഏകദേശം 10,000 ആയിരുന്നു.

1941-വരെ റഷ്യയിലെ ഓർത്തഡോക്സ് സഭയെ സ്റ്റാലിന്റെ ഗവൺമെൻറ് മിക്കവാറും നാമാവശേഷമാക്കിയിരുന്നു. എന്നാൽ അക്കൊല്ലത്തിൽ ശേഷിച്ചവയെ പുനരുദ്ധരിക്കുന്നതിനും അതുവഴിയായി ഗവൺമെന്റിന്റെ ഉപകരണമായി ഓർത്തഡോക്സ് സഭയെ പുനസ്ഥാപിക്കുന്നതിനും സ്റ്റാലിൻ നിർബന്ധനായി. കാരണം നാസിജർമ്മനിയുടെ ആക്രമണത്തെ നേരിടാൻ മതാനുയായികളുടെ സഹായം ആവശ്യകമായിരുന്നു. ആ ഘട്ടം കഴിഞ്ഞശേഷം പുതിയ രാജ്യങ്ങൾ പിടിച്ചടക്കുവാൻ മതപരമായ വശത്തുകൂടി ഓർത്തഡോക്സ് സഭയെ ഉപകരണമായി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. റഷ്യയുടെ പിടിയിലമർന്ന കിഴക്കെ യൂറോപ്യൻ രാജ്യങ്ങളിലെ ക്രിസ്തീയസഭകളെ കത്തോലിക്കാ ഐക്യത്തിൽനിന്നു വേർപെടുത്തുവാനും അതാതു ഗവൺമെൻറുകളുടെ കീഴിലുള്ള ദേശീയസഭകളാക്കുവാനും ഓർത്തഡോക്സ് സഭയെ ആയുധമാക്കിക്കൊണ്ടിരിക്കുകയാണെന്നു് ലോകത്തിനിപ്പോൾ അറിവായിട്ടുണ്ടു്. ആകയാൽ സോവ്യററുയൂണിയനിൽ സ്റ്റാലിന്റെ ഉപകരണമായി, ഓർത്തഡോക്സ് സഭ ഇപ്പോൾ വർത്തിക്കുന്നുണ്ടെന്നുള്ളതു് അവിടത്തെ മതസ്വാതന്ത്ര്യത്തെയല്ല മതത്തിന്റെ അടിമത്തത്തെയാണു് തെളിയിക്കുന്നതു്.

ഈ ചരിത്രവും വസ്തുതകളുമെല്ലാം ഒരുപക്ഷേ മഹാകവി വള്ളത്തോളിനു് അജ്ഞാതമായിരിക്കാം. പള്ളികളുടേയും പള്ളിയിൽപോകുന്നവരുടേയും സംഖ്യ കുറഞ്ഞിരിക്കുന്നതായി അദ്ദേഹം സോവ്യററുയൂണിയനിൽ കണ്ടതിന്റെ കാരണങ്ങൾ ഇതൊക്കെയാണ്. ആകയാൽ സോവ്യററുയൂണിയനിലെ മതസ്വാതന്ത്ര്യത്തെപ്പററി ചോദിച്ച ലേഖകനോടു് അദ്ദേഹം പറഞ്ഞ മറുപടി അർദ്ധസത്യമാണ്. അർദ്ധസത്യം മുഴുവനായ അസത്യത്തെക്കാൾ ആപൽക്കരമാണുതാനും. അറിഞ്ഞുകൂടാത്ത കാര്യങ്ങളെപ്പററി, അഥവാ അറിയാമെങ്കിലും ഉള്ളതു പറയാൻ ആതിഥ്യമര്യാദയാൽ വൈമനസ്യമുള്ള കാര്യത്തെപ്പററി, മൗനമവലംബിക്കുകയാണ് മഹാകവികൾക്കുപോലും ഭൂഷണം.


## സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | |
|---|---|
| തിരു-കൊച്ചിയിൽ | 6—0—0 |
| തിരു-കൊച്ചിക്കു പുറമെ | 6—8—0 |
| ഇൻഡ്യക്കുപുറമെ | 8—0—0 |

# പ്രസാധകക്കുറിപ്പുകൾ

## കത്തോലിക്കാകോളെജുകൾ എന്തിന്?

തിരുവനന്തപുരത്തെ സ്വന്തം ലേഖകൻേറതായി 1951 ആഗസ്റ്റ് 31-ാംനു-യിലെ ദീപികയിൽ "കോളെജ് മാസികകൾ" എന്ന തലക്കെട്ടോടുകൂടി ചേർത്തിരുന്ന ഒരു കുറിപ്പാണു താഴെ ചേക്കുന്നതു്: "മാർ ഈവാനിയോസ് കോളെജ മാസികയുടെ പ്രഥമലക്കം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. വിദ്യാർത്ഥികളുടെ സാഹിത്യവാസനയെ ഉത്തേജിപ്പിക്കുകയും ചിന്താസരണിയെ പ്രസരിപ്പിക്കുകയും അവരുടെ കായികവും കലാപരവുമായ പരിശ്രമങ്ങൾക്കു് പ്രചോദനം നൽകുകയുമാണു് ഈ പ്രസിദ്ധീകരണത്തിൻെറ മുഖ്യോദ്ദേശമെന്നു ഗ്രന്ഥത്തിലെ നിരവധി ലേഖനങ്ങളും ചിത്രങ്ങളും വെളിവാക്കുന്നുണ്ടു്. അതേസമയംതന്നെ അവരുടെ മാർഗ്ഗദർശികളായ ഉപാദ്ധ്യായന്മാരുടെ ശിക്ഷണത്തെയും സാരോപദേശത്തെയും അനുപദം അനുവർത്തിച്ചിട്ടുണ്ടെന്നും പ്രസിദ്ധീകൃതങ്ങളായ ലേഖനങ്ങൾ വെളിവാക്കുകയും ചെയ്യുന്നുണ്ടു്. ഇവിടെത്തന്നെ യൂണിവേഴ്സിററി കോളെജിൻെറ ഒരു മാസികയും ഇക്കൊല്ലം പ്രസിദ്ധീകൃതമായിട്ടുണ്ടു്. ലോകത്തിൽ കമ്മ്യൂണിസ്റ്റു് നേതാക്കന്മാർ മാത്രമെ വിദ്യാർത്ഥിലോകത്തിനു് ആദർശയോഗ്യരായിട്ടുള്ളു എന്ന ഒരു പ്രതീതിയാണു് ആ ഗ്രന്ഥം ദർശിക്കുവാനിടയാകുന്ന ഏതൊരാൾക്കും ഉണ്ടായിപ്പോകുക. ഈ രണ്ടുമാസികകളും അദ്ധ്യാപകന്മാരുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളതാണെന്നാണു് അവയിലെ പ്രസ്താവനകളിൽനിന്നു് കാണുന്നതു്. യൂണിവേഴ്സിററി കോളെജ് മാസികയിലും നിരവധി ചിത്രങ്ങൾ ചേർത്തിട്ടുണ്ടു്. തങ്ങളുടെ മാതൃവിദ്യാലയത്തിലെ വിദ്യാർത്ഥിപ്രവർത്തനങ്ങളെ സംബന്ധിക്കുന്ന ചിത്രങ്ങളെക്കാളും മോസ്കോ സർവ്വകലാശാലയ്ക്കുവേണ്ടിയുള്ള പ്രചരണചിത്രങ്ങൾക്കാണു് അതിൽ സ്ഥാനം നൽകിയിരിക്കുന്നതു്." ഒരു കത്തോലിക്കാ കോളെജിലേയും മാറുതരത്തിൽപെടുന്ന ഒരു കോളെജിലേയും അന്തരീക്ഷത്തിൽ അലതല്ലുന്ന ആദർശങ്ങളിലുള്ള വൈപരീത്യമാണു നാമിവിടെ കാണുന്നതു്. ഈ വൈപരീത്യം മാസികകളുടെ കാര്യത്തിൽ മാത്രമല്ല, മററനേകം കാര്യങ്ങളിലും ദൃശ്യമാകുന്നതാണു്. ഈയിടെ കമ്മ്യൂണിസ്റ്റുനേതാവു്, സഖാവു് എ. കെ. ഗോപാലൻെറ പ്രസംഗങ്ങളും മററും ഗവെൺമെൻറു് നിരോധിച്ചതിൽ പ്രതിഷേധിക്കുവാനായി തിരുവനന്തപുരത്തു് മാർ ഈവാനിയോസു കോളെജൊഴിച്ചുള്ള എല്ലാ കോളെജുകളിലും കൊല്ലം ശ്രീനാരായണകോളെജിലും വിദ്യാർത്ഥികൾ പഠിപ്പുമുടക്കുനടത്തിയതായി റിപ്പോർട്ടുണ്ടായിരുന്നു. കാററു് ഏതുവഴിക്കാണു വീശുന്നതെന്നു് ഈ സംഭവവും തെളിയിക്കുന്നു. കത്തോലിക്കാ കോളെജുകൾ എന്തിനു്, എന്ന ചോദ്യത്തിനു് ഇതുപോലുള്ള വസ്തുതകൾ മതിയാകുന്ന സമാധാനം നല്കുന്നുണ്ടു്.

## നേതാക്കളെ വാർത്തെടുക്കുന്ന രംഗം

"സെക്യൂരിററി കൗൺസിലിൻേറയോ കോൺസ്റ്റിട്യൂവൻറു് അസംബ്ളിയുടേയോ കരങ്ങളിലല്ല കാഷ്മീരിൻെറ ഭാവി യഥാർത്ഥത്തിൽ സ്ഥിതിചെയ്യുന്നതു്. സർവ്വകലാശാലയും അതിൻെറ പുരോഗതിയുമാണു് ഈ രാജ്യത്തിൻെറ ഭാവി നിർണ്ണയിക്കുന്നതു; അതിനെ ശരിയായി കെട്ടിപ്പടുക്കുകയോ തട്ടിത്തകർക്കുകയോ ചെയ്യുവാൻപോകുന്നതു" എന്നത്രേ സെപ്ററംബർ 1-ാംനു- കാഷ്മീർ സർവ്വകലാശാലാ കോൺവൊക്കേഷനിൽ ഇന്ത്യൻ ഹോംമിനിസ്റ്റർ ശ്രീ രാജഗോപാലാചാരി പ്രസ്താവിച്ചതു്. അദ്ദേഹം തുടന്നു: "നിങ്ങളും നിങ്ങൾക്കുശേഷം ഭാവിവർഷങ്ങളിൽ ഡിഗ്രിയെടുക്കുവാനിരിക്കുന്ന മററുള്ളവരുമാണു് കാഷ്മീരിൻെറ ഭാഗധേയങ്ങൾ നിർണ്ണയിക്കുവാൻപോകുന്നതു്; വേറെയാരുമല്ല. എന്നോടൊന്നിച്ചു ഇവിടെ സന്നിഹിതനായിരിക്കുന്ന ഇന്ത്യൻ പ്രധാനമന്ത്രിയെപ്പോലെ പ്രസിദ്ധരായിത്തീരുവാൻ നിങ്ങൾക്കെല്ലാവർക്കും സാധിക്കുകയില്ല. എന്നു വരികിലും നിങ്ങൾക്കെല്ലാവർക്കും അദ്ദേഹത്തെപ്പോലെ നല്ലവരായിത്തീരുന്നതിനുവേണ്ടി പരിശ്രമിക്കുവാൻ സാധിക്കുന്നതാണു്. അതു കാഷ്മീരിനുവേണ്ടുവോളം മതിയായിരിക്കുന്നു." നേതൃത്വം വഹിക്കുന്നതിനു് ആവശ്യമായിരിക്കുന്ന ഗുണലക്ഷണങ്ങളെ പരാമർശിച്ചു് രാജാജിപറഞ്ഞു: "നല്ല നേതൃത്വത്തിനു് ആദ്യമെ ആവശ്യമായിരിക്കുന്നതു് നല്ല സ്വഭാവമാണു്; അതായതു്, ഉൽകൃഷ്ടമായ ഒരു ഹൃദയം. നിങ്ങളുടെ ഓരോ ചിന്തയിലും ഓരോ പ്രവൃത്തിയിലും ഉൽകൃഷ്ടത പാലിക്കുവിൻ. ഹൃദയത്തിൻെറ ഉൽകൃഷ്ടത. അതിൻെറ അനിവാര്യഫലമെന്നോണം, മനുഷ്യരുടെ മേൽ നിങ്ങൾക്കു് ഒരു സ്വാധീനശക്തിയെ പ്രദാനംചെയ്യുന്നതാണു്. തദ്വാരാ ശരിയായതും പ്രയോജനകരമായതുമായ വഴിയിൽക്കൂടി അവരെ നയിക്കുന്നതിനു നിങ്ങൾക്കു കഴിയുന്നതായിരിക്കും. വിദ്യാസമ്പന്നരും ബുദ്ധിമാന്മാരുമായ മനുഷ്യർ അത്തരമൊരു വ്യക്തിയുടെ ചുററും വന്നുകൂടുകയും അയാളുടെ കർത്തവ്യം നിർവ്വഹിക്കുന്നതിനു് അയാളെ സഹായിക്കുകയും ചെയ്യും." യഥാർത്ഥത്തിൽ നേതാക്കന്മാരെ വാർത്തെടുക്കുന്നതിനുള്ള രംഗമാണു് സർവ്വകലാശാല. അവിടെയാണു അവരുടെ സ്വഭാവം കരുപ്പിടിപ്പിക്കപ്പെടുന്നതു്. അങ്ങനെ, സർവ്വകലാശാലയിൽനിന്നു് പുറത്തിറങ്ങുന്നവരെ ആശ്രയിച്ചാണു സമുദായത്തിൻേറയും രാഷ്ട്രത്തിൻേറയും ഭാവി നിലകൊള്ളുന്നതു്. ഈ വസ്തുതകളെപ്പററി മനസ്സിരുത്തി ചിന്തിച്ചാൽ കത്തോലിക്കാ സർവ്വകലാശാലയുടേയും കത്തോലിക്കാകോളെജുകളുടെയും ആവശ്യകത നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണു്.

## ശീതയുദ്ധം

ഇക്കഴിഞ്ഞ സെപ്ററംബർ 3-ാംനു- ബ്രിട്ടണിലെ ബ്ളാക്പൂളിൽ സമ്മേളിച്ച ബ്രിട്ടിഷ് ട്രേഡ്യൂണിയൻകോൺഗ്രസ്സു വാർഷികത്തിൽ, യൂണിയൻ ചെയർമൻ മി. ആൽഫ്രഡ് റോബർട്ട്സ്, കഴിഞ്ഞമാസത്തിൽ ബർലിനിൽ നടന്ന യുവജനമഹോത്സവത്തെ പരാമർശിച്ചു ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി: "മററുള്ളവരെ അവഹേളിക്കുകയും വഞ്ചിക്കുകയും ചെയ്യുന്ന കമ്മ്യൂണിസ്റ്റു് സംഘടനാപ്രസ്ഥാനത്തിൽ അന്തർലീനമായിരിക്കുന്ന വിപത്തുകളുടെ, അദൃഷ്ടപൂർവ്വകവും കാപട്യപൂർണ്ണവുമായ ഒരു പ്രകടനമായിരുന്നു അവിടെ നടന്നതു്" എന്നാണവൻെറ അഭിപ്രായം. 5ലക്ഷത്തോളം ബാലികാബാലന്മാരാണു് അവിടെ അണിനിരന്നതു്. അവരിൽ പലരും പിഞ്ചുകുഞ്ഞുങ്ങളായിരുന്നു. ഭൂരിഭാഗവും 20വയസ്സിനു താഴെയുള്ള യുവതിയുവാക്കന്മാരായിരുന്നു." പ്രസ്തുതസമ്മേളനത്തിൽ സംബന്ധിക്കുവാനായി ഇന്ത്യയിൽനിന്നും 30 പേക്കു് പാസ്പോർട്ടു് നല്കുകയുണ്ടായെന്നും, 2പേക്കുമാത്രമേ പാസ്പോർട്ടു് നല്കാതിരുന്നുള്ളുവെന്നും സെപ്ററംബർ 5-ാംനു- ഇന്ത്യയിലെ കേന്ദ്രപാർലമെൻറിൽ പ്രസ്താവമുണ്ടായ കാര്യവും സ്മരണീയമത്രെ. പക്വതവരാത്ത മനസ്സുകളിൽ അബദ്ധസിദ്ധാന്തങ്ങൾ കുത്തിവയ്ക്കാനും അങ്ങനെ അവരെ വശീകരിക്കാനുമുള്ള ഒരു ഗൂഢതന്ത്രമാണു ബർലിനിൽനടന്നതു്. ഇത്തരം തന്ത്രത്തേയും അതിൻെറ പ്രവർത്തനങ്ങളേയും സാക്ഷാൽ ജനായത്തഭരണത്തിൽ വിശ്വസിക്കുന്ന രാഷ്ട്രങ്ങൾ വിജയപൂർവ്വം നേരിടുകയും പ്രതിരോധിക്കുകയും ചെയ്യണമെന്നത്രെ മി. റോബർട്ട്സിൻെറ അഭിപ്രായം. ഈ വിഷയം സംബന്ധിച്ചു് ഒരു ലണ്ടൻപത്രത്തിൻെറ അഭിപ്രായം സെപ്ററംബർ 4-ാംനു-യിലെ മദ്രാസ്മെയിൽ പത്രത്തിൽ ഉദ്ധരിച്ചിരിക്കുന്നതു് ഇങ്ങനെയാണു്: "ശീതയുദ്ധം എന്നു പറയുന്നതു് ആശയങ്ങളുടെ ഒരു യുദ്ധമാണു്. അത്തരമൊരു യുദ്ധത്തിനു പററിയ ഏററവും നല്ല ആയുധങ്ങൾ സ്വതന്ത്രരാഷ്ട്രങ്ങളുടെ കൈവശമുണ്ടു്. പക്ഷേ കമ്മ്യൂണിസ്റ്റുകാരെപ്പോലെ അവയെല്ലാം ഫലപ്രദമായി ഉപയോഗിക്കുന്നതിനു് നാം പഠിക്കേണ്ടിയിരിക്കുന്നു." കത്തോലിക്കാസഭയുടെ കൈവശമാണു് മേല്പറഞ്ഞതരത്തിൽപ്പെട്ട ആശയങ്ങളും ആദർശങ്ങളുമാകുന്ന ഉത്തമായുധങ്ങൾ ഏററവുമധികമുള്ളതു്. അവയെ നാം വേണ്ടപോലെ ഉപയോഗിക്കുന്നില്ലെന്നുമാത്രം. നമ്മുടെ ആദർശങ്ങളും തത്വങ്ങളും നാം സർവ്വത്രപ്രചരിപ്പിക്കണം. പ്രത്യേകിച്ചും, ബാലികാബാലന്മാർ തെററായ തത്വസംഹിതകൾ സ്വീകരിപ്പാതിരിപ്പാൻ വേണ്ടിപാടുള്ള ശ്രമമെല്ലാം ചെയ്യേണ്ടിയിരിക്കുന്നു. അവരെ പാട്ടിലാക്കാനാണു് വിപ്ളവ, നിരീശ്വരപ്രസ്ഥാനക്കാർ സർവ്വോപരി പരിശ്രമിക്കുന്നതു്. ഇപ്പോൾ നാട്ടിൽ കുഴപ്പം ഉണ്ടാക്കാനുള്ള ഉപകരണങ്ങളായും ഭാവിയിൽ കമ്മ്യൂണിസം പ്രചരിപ്പിക്കാനുള്ള പ്രേഷിതവര്യന്മാരായും അവരെ പ്രയോജനപ്പെടുത്താമെന്നു് ഇത്തരം പ്രസ്ഥാനക്കാർക്കു് ഉറപ്പുണ്ടു്. ഈ "ശീതയുദ്ധം" കത്തോലിക്കരുടെ വകയല്ലാത്ത പല വിദ്യാലയങ്ങളിലും നടക്കുന്നുമുണ്ടു്. കത്തോലിക്കാ വിദ്യാലയങ്ങളിൽപ്പോലും അതു നടത്തുവാൻ തല്പരകക്ഷികൾ നിഗൂഢയത്നം ചെയ്യുന്നുവരാവുന്നതാണു്. ആകയാൽ നാം സദാ ഉണർവ്വുള്ളവരായിരിക്കണം നല്ല ആശയങ്ങളും ആദർശങ്ങളുമാകുന്ന ആയുധങ്ങള പയോഗിച്ചു് നാമൊരു "ശീതയുദ്ധം" നടത്തേണ്ടിയിരിക്കുന്നു. അതു നാടിൻേറയും നാട്ടാരുടേയും നന്മയ്ക്കായുള്ള ഒരു സമരമാകയാൽ അകത്തോലിക്കരിലും അക്രൈസ്തവരിലുമുള്ള എല്ലാ നല്ലജനങ്ങളുടേയും സഹകരണം ഇക്കാര്യത്തിൽ നമുക്കു് ലഭിക്കുന്നതുമാണു്.

ഫാത്തിമാബാലസമിതി

## സമാഗമം



പ്രിയകുട്ടികളേ,

യോർദനാൻ നദി ചാവുകടലിൽ ആണു് ചെന്നുവീഴുന്നതു്. ജെറിക്കോ പട്ടണം അവിടെ അടുത്തായിരുന്നു. ആ പ്രദേശങ്ങളിലാണു് മുഖ്യമായി യോഹന്നാൻ പ്രസംഗിച്ചതു്. പണ്ടു ഇസ്രായേൽ ജനങ്ങൾ ജെറിക്കോ പട്ടണം പിടിച്ചടക്കാൻ ആ നദികടന്ന സ്ഥലത്തുവെച്ചാണു് യോഹന്നാൻ മാമ്മോദീസാ മുക്കിയിരുന്നതെന്നാണു് ഐതിഹ്യം. അവിടേക്കു് നസ്രസിൽനിന്നു് മൂന്നുദിവസത്തെ വഴിയുണ്ടു്.

ഒരു ദിവസം യോഹന്നാൻ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ ജനങ്ങളുടെ ഇടയിൽ ഈശോയും നില്ക്കുന്നതുകണ്ടു. പ്രസംഗാനന്തരം അവരുടെകൂടെ ഈശോയും ജ്ഞാനസ്നാനം സ്വീകരിക്കുന്നതിനായി വെള്ളത്തിലേക്കിറങ്ങി.

അവർ തമ്മിൽ അതിനുമുൻപു കണ്ടിട്ടില്ല. ഒരാൾ മരുഭൂമിയിലും അപരൻ നസ്രസിലും ആണല്ലോ ജീവിച്ചിരുന്നതു്. എങ്കിലും ഈശോയെ അദ്ദേഹം തിരിച്ചറിഞ്ഞു. അതു വെളിപാടുമൂലമോ, വല്ല ദിവ്യലക്ഷണങ്ങൾകൊണ്ടോ ആയിരിക്കാം. ഏതായാലും ചുങ്കക്കാരുടെകൂടെ ഈശോ പ്രത്യക്ഷനായപ്പോൾ അദ്ദേഹത്തിനു പരിഭ്രമമായി. എന്താണു് ചെയ്യേണ്ടതു്. എന്താണു് പറയേണ്ടതു്, എന്നറിയാതെ വിഷമിച്ചു. തൊണ്ടയിടറിക്കൊണ്ടു് അദ്ദേഹം ചോദിച്ചു: "ഞാൻ അങ്ങയാൽ മാമ്മോദീസാ മുക്കപ്പെടേണ്ടവനാണു്. എന്നിട്ടു അവിടുന്നു് എൻെറ പക്കൽ വരുന്നുവോ?" ഈശോ പ്രത്യക്ഷനാകുമ്പോൾ തൻെറ പ്രസംഗവും ജ്ഞാനസ്നാപനവും അവസാനിപ്പിക്കണമെന്നായിരുന്നു യോഹന്നാൻെറ വിചാരം.

എന്നാൽ ഈശോ അതിനു സമ്മതിച്ചില്ല. "ഇപ്പോൾ നീ ഇതു് എനിക്കു ചെയ്തുതരിക. നീതിയായതെല്ലാം നിറവേററുന്നതു് നമുക്കു ചേന്നതാണു്." ദിവ്യരക്ഷകൻെറ യുക്തിപൂർവ്വകമായ മറുപടിയും കരുണാപൂരിതമായ അനുവാദവും ലഭിച്ചപ്പോൾ, യോഹന്നാൻ പിന്നെ തർക്കിച്ചില്ല. മററുള്ളവരെപ്പോലെ ഈശോയേയും വിറയ്ക്കുന്ന കൈകൾകൊണ്ടാണെങ്കിലും മാമ്മോദീസാമുക്കി.

അപാരമായ ഭക്തിപാരവശ്യത്തോടെയാണു് ഈശോ ആ കർമ്മത്തിനു വിധേയനായതു്. ആ അവസരത്തിൽ അവിടുന്നു പ്രാർത്ഥിച്ചുകൊണ്ടിരുന്നുവെന്നു് വി. ലൂക്കാ പ്രസ്താവിക്കുന്നുണ്ടു്. വെറുതെ കാണിക്കാൻവേണ്ടിയല്ല ഈശോ ജ്ഞാനസ്നാനം സ്വീകരിച്ചതെന്നാണതിൻെറ അർത്ഥം. അവിടുന്നു മനുഷ്യവർഗ്ഗത്തിൻെറ പ്രതിനിധിയായി ബലിവസ്തുവായിത്തീരാൻ പോകുന്നു. പശ്ചാത്താപത്തിൻെറ അടയാളമാണല്ലോ യോഹന്നാൻെറ മാമ്മോദീസാ. ദിവ്യരക്ഷകൻ യോർദനാൻ നദിയിൽ ഇറങ്ങിനില്ക്കുന്നതു് മനുഷ്യവർഗ്ഗത്തിൻെറ മുഴുവനും പ്രതിനിധിയും മാതൃകയും ആയിട്ടാണു്. തന്മൂലം അവിടുന്നു മാമ്മോദീസാ മുങ്ങേണ്ടതുതന്നെ, നമ്മുടെയെല്ലാം പ്രതിപുരുഷൻ എന്ന നിലയിൽ. അതുകൊണ്ടായിരിക്കണം, നീതിയെല്ലാം നിറവേററുന്നതു് ഉചിതമാണെന്നു് അവിടുന്നരുളിചെയ്തതു്. മാത്രമല്ല യോഹന്നാൻെറ ദൗത്യം ദിവ്യമാണെന്നു കാണിക്കുവാനും അംഗീകരിക്കുവാനുംകൂടി ആയിരിക്കാം അവിടുന്നു ആ കർമ്മം നിർവ്വഹിച്ചതു്. യോഹന്നാൻെറ വിസ്മയാവഹമായ എളിമ എത്ര വിസ്മയകരമായവിധം സമ്മാനിക്കപ്പെട്ടുവെന്നു സൂക്ഷിക്കുക.

പാപമില്ലാത്തവൻ പാപിയെപ്പോലെ പ്രവർത്തിച്ചു. നാമോ? ഓരോ ദിവസവും എന്തെല്ലാം തിന്മകളാണു്, തെററുകളാണു്, നാം വിചാരിക്കുന്നതു്, പറയുന്നതു്, ചെയ്യുന്നതു്. എത്രപ്രാവശ്യം നമ്മുടെ മേലുള്ളവർ നമ്മെ ശാസിക്കേണ്ടിവരുന്നു, ശിക്ഷിക്കേണ്ടിവരുന്നു! എന്നിട്ടും പറയത്തക്ക മനസ്താപം നമുക്കു തോന്നുന്നുണ്ടോ? അത്ര കുററങ്ങൾ നാം ചെയ്യുന്നില്ലേ? ഒന്നും സാരമില്ല എന്നാണോ, ഈശോ അറിയുന്നില്ലെന്നാണോ, നമ്മുടെ വിചാരം? യാതൊരു കുററവും ചെയ്യാത്തവരെപ്പോലെ, അതും ധിക്കാരത്തോടെ നാം പെരുമാറുന്നില്ലേ? യോഹന്നാൻ പ്രസംഗിച്ചതുപോലെ, ഈശോ കാണിച്ചുതന്നതുപോലെ പ്രായശ്ചിത്തപ്രവൃത്തികൾ നമുക്കും ചെയ്യാം.

### ഗൃഹപാഠം

അടുത്ത ദിവസത്തേക്കു്: സഖർയ്യർ ആരായിരുന്നു?

എന്നു സ്വന്തം കൊച്ചച്ചൻ

## ഇടവകവാർത്തകൾ

മധുരവേലി: വിജയപുരം രൂപതയിലെ ഒരു മിഷൻപ്രവർത്തനകേന്ദ്രമായ മധുരവേലി ഇടവകയിൽ സെപ്റ്റംബർ 2-ാം നു- റവ. ഫാദർ ജോർജ്ജ് കളത്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽവച്ച് ചെറുപുഷ്പമിഷൻലീഗിൻെറ ഒരു ശാഖ ഉൽഘാടനംചെയ്യപ്പെട്ടിരിക്കുന്നു.

— ആരക്കുഴ: റവ. ഫാദർ ആൻറണി പുതുശ്ശേരി (റവ. ഫാദർ സെബസ്റ്റ്യൻ) അവർകളുടെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുന്നതിനായി സെപ്റ്റംബർ 2-ാം നു- വികാരിജനറാൾ മോൺസിഞ്ഞോർ മാത്യു പോത്തനാമുഴി അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം ചേരുകയുണ്ടായി.

—കടപ്ലാമററം: ചെറുപുഷ്പമിഷൻലീഗിൻെറ വാർഷികസമ്മേളനം ആഗസ്റ്റ് 25-ാം നു- റവ. ഫാദർ എബ്രഹാം നെടുംതകിടി ബി എ ബി ടി യുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ശ്രീ കെ. ജെ. മത്തായി ബി എ ഒരു പ്രസംഗം ചെയ്തു. യോഗാനന്തരം, സ്ഥലത്തെ പ്രേഷിതഗ്രന്ഥശാലയുടെ ധനശേഖരാർത്ഥം ശ്രീ കെ. കെ. തോമസ് ബി എ എൽ ടി "ത്യാഗം" എന്ന കഥാപ്രസംഗം നടത്തുകയുണ്ടായി.

— ചമ്പക്കുളം: സൊഡാലിററിയുടെ ഒരു സാധാരണയോഗം ആഗസ്റ്റ് 28-ാം നു- റവ. ഫാദർ സ്റ്റാൻലി സേവ്യരുടെ അദ്ധ്യക്ഷതയിൽ കൂടുകയും മെ. പി. സി. ജോസഫ്, വി. ടി. ജോസഫ് എന്നിവർ പ്രസംഗിക്കുകയും ചെയ്തിരിക്കുന്നു.

—വാഴക്കുളം: സെപ്റ്റംബർ 2-ാം നു- സെൻറ് ജോർജ്ജ്സ് സി വൈ എം എ

Thanksgiving to Rev. Sr.
ALPHONSA
for favours received
Mrs. Mathew J. Choolackal.

യുടെ ആഭിമുഖ്യത്തിൽ റവ. ഫാദർ പോൾ വടക്കുംഞ്ചേരിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം ഒരു കേന്ദ്രലൈബ്രറി സ്ഥാപിക്കുവാനും കത്തോലിക്കാ കോൺഗ്രസ്സിൽ കൂടുതൽ അംഗങ്ങളെ ചേർക്കുവാനും കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുവാനുംവേണ്ട നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

ഇടവകയിലെ ഭക്തസഖ്യങ്ങളുടെ ആഭിമുഖ്യത്തിൽ, ആഴ്ചയിൽ ഒരുനേരത്തെ ആഹാരത്തിൻെറ പകുതി മിച്ചംവച്ച് സാധുക്കളുടെയിടയിൽ വിതരണംചെയ്യുന്നതിനുള്ള ഒരു പദ്ധതി പ്രവർത്തനമാരംഭിച്ചിരിക്കുന്നു.

—ആണ്ടൂർ; വള്ളിച്ചിറ, ഇടനാട്, വെള്ളാപ്പാട്, ആണ്ടൂർ എന്നിവിടങ്ങളിലെ ചേരമർ കത്തോലിക്കരുടെ ഒരു പൊതുയോഗം സെപ്റ്റംബർ 2-ാം നു- റവ. ഫാദർ ജെ. സി ഇല്ലിമൂട്ടിലിൻെറ അദ്ധ്യക്ഷതയിൽ കൂടുകയും ചേരമർ കത്തോലിക്കരുടെ സാമുദായികോന്നമനത്തെ ലാക്കാക്കി ഓരോ കരയിലും ഓരോ സംഘടന സ്ഥാപിക്കുവാൻ തീരുമാനിക്കുകയും ചെയ്തിരിക്കുന്നു.

—കരിങ്കുന്നം: സെപ്റ്റംബർ 2-ാം നു- റവ. ഫാദർ ജോസഫ് കണ്ടാരപ്പിള്ളിൽ ബി എ ബി ടി യുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽവച്ച് വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ഒരു ശാഖ റവ. ഫാദർ തോമസ് ചൂളപ്പറമ്പിൽ ബി എ ഉൽഘാടനംചെയ്യുകയുണ്ടായി. തുടർന്ന് ശ്രീ കെ. സി. ചാക്കോ ബി എ ഒരു പ്രസംഗംചെയ്തു.

—എറണാകുളം മെത്രാപ്പോലീത്തൻ — പള്ളിക്ക് ശ്രീ സിറിയക്ക് പുത്തിരിക്ക ഫാത്തിമാമാതാവിൻെറ മനോഹരമായ ഒരു പ്രതിമ സംഭാവനചെയ്തിരിക്കുന്നു.

—വായ്പൂര്: അ. കേ. ക. കോൺഗ്രസ് ശാഖയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 14-ാം നു- ഒരു പരിഹാരപ്രദക്ഷിണം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

## ചരമം

വാഴക്കുളം: ചൊള്ളാമഠം ശ്രീ വക്കി തൊമ്മൻ അവർകൾ 77-ാമത്തെ വയസ്സിൽ ആഗസ്റ്റ് 29-ാം നു- ചരമംപ്രാപിച്ചിരിക്കുന്നു. സംസ്കാരകർമ്മം പരേതൻെറ സഹോദരീപുത്രരായ റവ. ഫാദേഴ്സ് തോമസ് ചെറുപറമ്പിൽ, മാത്യു ഏഴാനിക്കാട്ട് എന്നിവരുടെ കാർമ്മികത്വത്തിൽ യഥാവിധി നടത്തപ്പെട്ടു.

## തിരു.കൊച്ചിവാർത്തകൾ

### പുതിയ മന്ത്രിസഭ

തിരു-കൊച്ചി മന്ത്രിസഭയിൽനിന്ന് മെ. എ. ജെ. ജോൺ, ടി. കെ. നാരായണപിള്ള എന്നിവർ രാജിവച്ചതിനെ തുടർന്ന് ലീഡർ ശ്രീ സി. കേശവൻ കൊച്ചിവിഭാഗത്തുനിന്ന് മെ. എൽ. എം. പൈലി, പി. കെ. കൃഷ്ണൻകുട്ടി മേനോൻ എന്നിവരേയും, തിരുവിതാംകൂർവിഭാഗത്തുനിന്ന് മെ. കെ. എം. കോര, ജി. ചന്ദ്രശേഖരൻപിള്ള എന്നിവരേയും സഹമന്ത്രിമാരായി നിയമിച്ചിരിക്കുന്നു. പുതിയ മന്ത്രിമാർ സെപ്റ്റംബർ 6-ാം നു- സത്യപ്രതിജ്ഞചെയ്തു ഉദ്യോഗം സ്വീകരിക്കുകയുണ്ടായി. വകു



For favours received
T. C. A., Kaipuzha.

പ്പുവിഭജനം താഴെക്കാണുംവിധമാണ്:-

ചീഫ്മിനിസ്റ്റർ സി. കേശവൻ— ഇപ്പോഴുള്ള വകുപ്പുകൾക്കുപുറമെ ആരോഗ്യം, ഗതാഗതം എന്നീവകുപ്പുകൾകൂടി.

ശ്രീ കെ. എം. കോര— ധനകാര്യം, ഭക്ഷ്യം, കൃഷി, ഭക്ഷ്യവികസനം.

ശ്രീ എൽ. എം. പൈലി—വിദ്യാഭ്യാസം, വനം, ലാൻഡ് റവന്യൂ, രജിസ്ട്രേഷൻ, സഹകരണം.

ശ്രീ ജി. ചന്ദ്രശേഖരൻപിള്ള—പൊതുമരാമത്ത്, വിദ്യുച്ഛക്തി, ദേവസ്വം.

ശ്രീ പി കൃഷ്ണൻകുട്ടിമേനോൻ—തൊഴിൽ, കോടതികൾ, പ്രാദേശികസ്വയംഭരണം, പഞ്ചായത്ത്.

### നിയമസഭാസ്പീക്കർ

സെപ്റ്റംബർ 17-ാം നു- കൂടുന്ന നിയമസഭായോഗത്തിൽവച്ച് പുതിയ ഡെപ്യൂട്ടി സ്പീക്കറെ തിരഞ്ഞെടുക്കുന്നതും തുടർന്ന് സ്പീക്കർ ശ്രീ ടി. എം. വറുഗീസ് തൻെറ രാജി പ്രഖ്യാപിക്കുന്നതുമാണെന്നറിവായിരിക്കുന്നു.

### പുതിയ കോളെജുകൾ

സെപ്റ്റംബർ 8-ാം നു- കൂടിയ സർവ്വകലാശാലാ സിൻഡിക്കേററ് യൂണിവേഴ്സിററി കമ്മിഷൻെറ റിപ്പോർട്ടിനെ ആസ്പദമാക്കി, തിരുവല്ലായിൽ രണ്ടും കോഴഞ്ചേരിയിൽ ഒന്നും പത്തനംതിട്ടയിൽ ഒന്നും, അങ്ങനെ 4 പുതിയ കോളെജുകൾ അനുവദിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

### എസ്. എസ്. എൽ. സി. പരിക്ഷ

തിരുവിതാംകൂറിലെയും കൊച്ചിയിലെയും ... ഫോറം പബ്ലിക് പരീക്ഷകൾ ഏകരൂപ്യം വരുത്തിക്കൊണ്ട് ഗവമ്മെൻറ് ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു. 1952 മാർച്ച് മുതൽ ഇതു നടപ്പിൽവരുന്നതാണ്. എസ്. എസ്. എൽ. സി. പരീക്ഷ എന്ന പേരിലായിരിക്കും ഇതറിയപ്പെടുന്നത്. കൊച്ചി എസ്. എസ്. എൽ. സി. പരീക്ഷയിൽ 1951 മാർച്ചിലും അതിനുമുമ്പും തോററിട്ടുള്ള വിദ്യാർത്ഥികൾക്കുവേണ്ടി 1951 സെപ്തംബർ, മാർച്ച്, 1952 സെപ്തംബർ എന്നിങ്ങനെ മൂന്നു തവണ കൂടി ഇപ്പോഴത്തെ പരീക്ഷാരീതി തുടരുന്നതാണ്. തിരുവിതാംകൂർ ഇ. എസ്. എൽ. സി പരീക്ഷയിൽ തോററിട്ടുള്ളവർക്കുവേണ്ടി 1951 സെപ്തംബറിൽ ഒരു പരീക്ഷ മാത്രമേ ഉണ്ടായിരിക്കയുള്ളു.

### എൻജിനിയറിംഗ് പരീക്ഷ

എൻജിനിയറിംഗ് ഡിപ്ലോമാ പരീക്ഷ നവംബർ 5-ാം നു- തൃശൂർ ടെക്നിക്കൽ ഇൻസ്റ്റിററ്യൂട്ടിൽ ആരംഭിക്കുന്നതാണെന്നും ചേരാനാഗ്രഹിക്കുന്നവർ ഒക്ടോബർ 1-ാം നു-ക്കകം പേരു രജിസ്റ്റർചെയ്യേണ്ടതാണെന്നും സർവ്വകലാശാലാ രജിസ്ട്രാർ അറിയിച്ചിരിക്കുന്നു.

കൃതജ്ഞത

വി. അന്തോനിസിൻേറയും, ബ. അൽഫോൺസാമ്മയുടേയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

എം. ടി. ആർ., നിചിശരം.

## ഇൻഡ്യാവാർത്തകൾ

### കോൺഗ്രസ് പ്രസിഡണ്ട്

ഇൻഡ്യൻ നാഷനൽ കോൺഗ്രസിൻെറ പ്രവർത്തകസമിതി പുനസ്സംഘടിപ്പിക്കുക എന്ന വാദത്തെ ആസ്പദമാക്കി ശ്രീ പണ്ഡിററ് നെഹ്റു ഏതാനുമാഴ്ചകൾക്കുമുമ്പ് കോൺ. പ്രവർത്തകസമിതിയിൽനിന്നും കേന്ദ്രതിരഞ്ഞെടുപ്പു കമ്മിററിയിൽനിന്നും രാജിവയ്ക്കുകയുണ്ടായല്ലോ. ഈ പ്രശ്നത്തിനൊരു പരിഹാരമുണ്ടാക്കുവാൻ കോൺ. പ്രസിഡണ്ട് ശ്രീ ടാണ്ഡൻ എ. ഐ. സി. സി. യുടെ ഒരു വിശേഷാൽസമ്മേളനം വിളിച്ചുകൂട്ടി. എന്നാൽ പ്രസ്തുത സമ്മേളനത്തിൽവച്ച് കോൺ. പ്രവർത്തകസമിതിയംഗങ്ങളിൽ ഒരാളൊഴികെ മററെല്ലാവരും തങ്ങളുടെ രാജി പ്രസിഡണ്ടിനു സമർപ്പിക്കുകയാണുണ്ടായത്. ഭരണഘടനയനുസരിച്ച് ശ്രീ ടണ്ഡൻ മൂന്നുവർഷത്തേക്ക് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടിരിക്കയാണെങ്കിലും അദ്ദേഹം രൂപവൽക്കരിച്ച പ്രവർത്തകസമിതി സ്വയം രാജിവച്ചസ്ഥിതിക്ക് തൻെറ പ്രസിഡണ്ടുപദം തുടരുന്നത് അഭിലഷണീയമായിരിക്കയില്ലെന്ന് ശ്രീ ടാണ്ഡനു ബോദ്ധ്യപ്പെട്ടതിനാൽ സെപ്തംബർ 8-ാം നു-കൂടിയ എ. ഐ. സി. സി. വിശേഷാൽസമ്മേളനത്തിൽവച്ച് അദ്ദേഹം രാജിവയ്ക്കുകയും തുടർന്ന് ശ്രീ പണ്ഡിററ് നെഹ്റു പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തിരിക്കുന്നു. ശ്രീ നെഹ്റുവായിരിക്കും പുതിയ പ്രവർത്തകസമിതി രൂപവൽക്കരിക്കുന്നത്.

എ. ഐ. സി. സി. സമ്മേളനം സെപ്തംബർ 9-ാം നു- പ്രസിഡണ്ട് പണ്ഡിററ് നെഹ്റുവിൻെറ അദ്ധ്യക്ഷതയിൽ തുടർന്നു. കോൺഗ്രസിൻെറ വാർഷികസമ്മേളനം ഒക്ടോബർ 18, 19 എന്നീ തീയതികളിൽ ന്യൂഡൽഹിയിൽവച്ച് നടത്തണമെന്ന പ്രമേയം സമ്മേളനം ഐകകണ്ഠ്യേന പാസാക്കി. തുടർന്ന് ശ്രീ നെഹ്റു ചെയ്ത പ്രസംഗത്തിൽ കോൺഗ്രസിനെ ശക്തിപ്പെടുത്തുവാൻവേണ്ടി കൂടുതൽ ത്യാഗശീലത്തോടും ആദർശനിഷ്ഠയോടുംകൂടി കഠിനയത്നം ചെയ്യുവാൻ കോൺഗ്രസ്സുകാരെ ആഹ്വാനം ചെയ്യുകയും, തിരഞ്ഞെടുപ്പിനുള്ള ഏകമാനദണ്ഡം വ്യക്തിമഹത്വമായിരിക്കമെന്നും ഉത്തമന്മാരായ ആളുകളെ കോൺഗ്രസിൽനിന്നും കോൺഗ്രസിനു പുറത്തുനിന്നും സ്ഥാനാർത്ഥികളായി തിരഞ്ഞെടുക്കുമെന്നും പ്രഖ്യാപിക്കുകയും ചെയ്യുകയുണ്ടായി.

### കാശ്മീർ

കാശ്മീർ കൺസ്റ്റിററുവൻറ് അസംബ്ലിയിലേക്കുള്ള തിരഞ്ഞെടുപ്പിൽ നാഷനൽ കോൺഫറൻസിൻെറ 45 സ്ഥാനാർത്ഥികളിൽ 43 പേരും എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഇൻഡ്യയുടെ നയത്തോടു യോജിപ്പുള്ള ഒരു സംഘടനയാണ് കാശ്മീർ നാഷനൽ കോൺഫറൻസ്.

കാശ്മീർ മദ്ധ്യസ്ഥനായി ഐക്യരാഷ്ട്രസമിതിയിൽനിന്നും നിയമിതനായ ഡോക്ടർ ഫ്രാങ്ക് ഗ്രഹാം രണ്ടുമാസത്തെ കൂടിയാലോചനകൾക്കുശേഷം ജനിവായിലേക്കു മടങ്ങിയിരിക്കുന്നു. സെപ്തംബർ 30-ാം നു-ക്കകം അദ്ദേഹം സെക്യൂരിററി കൗൺസിലിൽ തൻെറ റിപ്പോർട്ടു സമർപ്പിക്കുന്നതാണെന്നറിയുന്നു.

## വിദേശവാർത്തകൾ

### സാൻ ഫ്രാൻസിസ്കോ സമ്മേളനം

ജപ്പാനിസ് സമാധാന ഉടമ്പടി സംബന്ധിച്ച് സെപ്തംബർ 4-ാം നു- ആരംഭിച്ച സാൻ ഫ്രാൻസിസ്കോ സമ്മേളനത്തിൽ 52 രാഷ്ട്രങ്ങളുടെ പ്രതിനിധികൾ പങ്കെടുത്തു. അമേരിക്കൻ ഐക്യനാടുകളുടെ സ്റ്റേററ് സെക്രട്ടറി മി. ഡീൻ അച്ചിസൻെറ നിർദ്ദേശമനുസരിച്ച് സമാധാനത്തിനുവേണ്ടിയുള്ള ഒരു നിശ്ശബ്ദപ്രാർത്ഥനയോടുകൂടിയാണ് സമ്മേളനനടപടികൾ ആരംഭിച്ചതു്. സമ്മേളനത്തിൽ സന്നിഹിതരായിരുന്നവരിൽ 48 രാഷ്ട്രങ്ങളുടെ പ്രതിനിധികളും ജപ്പാൻ പ്രധാനമന്ത്രിയും സമാധാനഉടമ്പടിയിൽ ഒപ്പുവയ്ക്കുകയുണ്ടായി. റഷ്യയും പോളണ്ടും ചെക്കോസ്ലോവാക്യായും ഒപ്പുവയ്ക്കുവാൻ വിസമ്മതിച്ചു. കമ്മ്യൂണിസ്റ്റ് ചൈനയെ സമ്മേളനത്തിൽ ക്ഷണിച്ചിരുന്നില്ല. ഇൻഡ്യയും ബർമ്മയും ക്ഷണം നിരസിക്കയാണ് ചെയ്തതു്.

### പേർഷ്യൻ തർക്കം

പേർഷ്യയിൽ എണ്ണത്തർക്കം സംബന്ധിച്ച കൂടിയാലോചനകളെല്ലാം പരാ

ഗാനാമൃതം

ഒററപ്രതി ആവശ്യമുള്ളവർ 5 ണ. സ്റ്റാമ്പയക്കുക.

വർക്കി വി. നടയ്ക്കൽ, ചേർത്തല

ജയപ്പെട്ടിരിക്കുന്നു. എണ്ണവ്യവസായം ദേശീകരിക്കുന്ന കാര്യത്തിൽ പേർഷ്യയാതൊരു വിട്ടുവീഴ്ചയ്ക്കും തയാറില്ലെന്നു് പ്രധാനമന്ത്രി മുസദിക് വ്യക്തമാക്കിയിരിക്കുന്നു.

### കൊറിയ

കൊറിയയിൽ സന്ധിസംഭാഷണങ്ങൾ സ്തംഭനാവസ്ഥയിലെത്തിയതിനെ തുടർന്ന് യുദ്ധരംഗങ്ങളിൽ സമരം ഉഗ്രതരമായിത്തീർന്നിരിക്കുന്നെന്നു് റിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നു. യു. എൻ. സേനയ്ക്കെതിരായി സുശക്തമായ ഒരു പ്രതിരോധനിര സൃഷ്ടിക്കുവാൻ വിവിധകമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങൾ ഒത്തൊരുമിച്ച് തങ്ങളുടെ സൈന്യങ്ങളെ സജ്ജീകരിച്ചുകൊണ്ടിരിക്കുന്നതായും റിപ്പോർട്ടുകളുണ്ട്.

### സ്റ്റാലിൻെറ പ്രതിമ

ഹംഗറിയുടെ തലസ്ഥാനമായ ബുഡാപെസ്റ്റ് നഗരത്തിലുണ്ടായിരുന്ന "റേഞ്ഞും മരിയാനും" എന്ന പുരാതനദേവാലയം കമ്മ്യൂണിസ്റ്റുകാർ നശിപ്പിച്ചുകളഞ്ഞിരിക്കുന്നു. ആ സ്ഥാനത്തു സ്റ്റാലിൻെറ ഭീമമായ ഒരു പ്രതിമ അവർ സ്ഥാപിക്കാൻപോകയാണ്.

### വിവാഹം

ആലപ്പുഴ: സത്യദീപത്തിൻെറ ആലപ്പുഴ ഏജൻറ് മി. ജെ. എൻ. റാവുവിൻെറ വിവാഹം ആഗസ്റ്റ് 26-ാം നു- സമംഗളം നടന്നിരിക്കുന്നു.

### അടുത്തയാഴ്ചയിൽ

സെപ്റ്റംബർ

16 ഞാ: പന്തക്കുസ്ത 18-ാം ഞായർ കന്യകാമറിയത്തിൻെറ ഏഴു വ്യാകുലങ്ങൾ
17 തി: ഫ്രാൻസിസ് അസിസിയുടെ അഞ്ചു മുറിവുകൾ
18 ചൊ: യൗസേപ്പു കുപ്പർത്തിനോസ്
19 ബു: യാനുവാരിയോസ്
20 വ്യാ: മത്തായി തലേനാൾ
21 വെ: മത്തായിശ്ലീഹാ.
22 ശ: മൗരിത്തിയോസ്

# വിശുദ്ധരുടെ നാമകരണം

(റി. റി. കൊട്ടാരം)

(കത്തോലിക്കാസഭ വിശുദ്ധരായി വണങ്ങിപ്പോരുന്നവരിൽ രക്തസാക്ഷികളെന്നും ഖ്യാപകന്മാരെന്നും രണ്ടു വിഭാഗക്കാരുണ്ടെന്നും, രക്തസാക്ഷികളും ഖ്യാപകന്മാരും ആരാണെന്നും ധന്യപദപ്രഖ്യാപന(Beatification)ത്തിനു ശേഷമാണു് വിശുദ്ധ പദപ്രഖ്യാപന(Canonisation)മെന്നും, "ധന്യ"നും "വിശുദ്ധ"നും തമ്മിലുള്ള വ്യത്യാസമെന്തെന്നുംമററും കഴിഞ്ഞ ലേഖനത്തിൽ പ്രസ്താവിച്ചിരുന്നല്ലോ.)

ഒരു രക്തസാക്ഷിയെയോ ഖ്യാപകനെയോ "ധന്യ"നെന്നോ "വിശുദ്ധ"നെന്നോ



നാമകരണം ചെയ്യുന്നതിനുള്ള സർവ്വാധികാരങ്ങളും ഇപ്പോൾ തിരുസിംഹാസനത്തിനു റിസർവ്വു ചെയ്യപ്പെട്ടിരിക്കയാണു്. രൂപതാഭരണം നിർവ്വഹിച്ചിരുന്ന മെത്രാന്മാർ രക്തസാക്ഷികളെന്നോ ഖ്യാപകന്മാരെന്നോ തങ്ങൾക്കു ബോദ്ധ്യംവന്നിട്ടുള്ളവരെ തങ്ങളുടെ രൂപതാതിർത്തികളിൽ പരസ്യമായി വണങ്ങുന്നതിനു് അനുവദിക്കുക (ധന്യരെന്നു പ്രഖ്യാപിക്കുക) എന്നപതിവു് പല ശതാബ്ദക്കാലം തിരുസഭയിൽ നിലവിലിരുന്നതാണു്. എന്നാൽ ഈ പതിവു് തുടരാൻ അനുവദിക്കുന്നതു് ആശാസ്യമല്ലെന്നു മാർപ്പാപ്പാമാർക്കു ബോദ്ധ്യമായതിനാലായിരിക്കണം പതിനൊന്നാംശതാബ്ദംമുതൽ ഇക്കാര്യത്തിൽ മെത്രാന്മാരുടെമേൽ ചിലനിയന്ത്രണങ്ങളൊക്കെ മാർപ്പാപ്പാമാർ ഏർപ്പെടുത്തിത്തുടങ്ങുകയും ഒടുവിൽ 1634-ാമാണ്ടു്, ഏഴാമത്തെ ഉർബൻ(Urban VII) മാർപ്പാപ്പാ ഒരു തിരുവെഴുത്തു വിളംബരംമൂലം ആരെയെങ്കിലും ധന്യപദവിയിലേക്കൊ വിശുദ്ധപദവിയിലേക്കൊ ഉയർത്തുവാനുള്ള സമസ്താവകാശങ്ങളും തിരുസിംഹാസനത്തിനു മാത്രമുള്ളതായി പ്രഖ്യാപിക്കുകയുംചെയ്തു.

തിരുസഭയിലെ ഒരംഗം ഉൽകൃഷ്ടനിലയിൽ പുണ്യജീവിതംകഴിച്ചു മരിക്കുന്നു; അയാളുടെ മരണശേഷം അയാൾവഴി ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു; പരേതൻ ഒരു വിശുദ്ധനെന്നുള്ള ശ്രുതി നാടെങ്ങും വ്യാപിക്കുന്നു; ഈ സാഹചര്യങ്ങളിൽ രൂപതയിലെ മെത്രാൻ സ്വന്തം ഉത്തരവാദിത്വത്തിലോ, ആരുടെയെങ്കിലും അപേക്ഷാനുസരണമോ, പരേതനായ ഭക്താത്മാവിന്റെ (പരേതനെ "ദൈവത്തിന്റെ ദാസൻ" എന്ന പേരിലാണു് ഈ ലേഖനത്തിൽ പ്രസ്താവിക്കുന്നതു്) ജീവിതവിശുദ്ധിയെപ്പററിയും, റിപ്പോർട്ടു ചെയ്യപ്പെടുന്ന അത്ഭുതങ്ങളെപ്പററിയും മററും സ്വാധികാരത്തിൽ നിയമിക്കാവുന്ന ഒരു കോടതിമുഖേന അന്വേഷണങ്ങൾ നടത്തി ഒരു റിപ്പോർട്ടു തയാറാക്കുന്നു. പ്രസ്തുതറിപ്പോർട്ടും നിയമാനുസരണം ശേഖരിച്ചിട്ടുള്ള റിക്കാർട്ടുകളും ആവശ്യമെന്നും ഉചിതമെന്നും തോന്നിയാൽ മെത്രാൻ "റീത്തുകളുടെ തിരുസംഘ"ത്തിലേക്കയക്കുന്നു. ഒരു ദൈവദാസനെ "ധന്യ"നായി പ്രഖ്യാപിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നു് സ്ഥലത്തെ മെത്രാനോടോ, റോമായിലെ റീത്തുകളുടെ തിരുസംഘത്തോടു നേരിട്ടോ അപേക്ഷിക്കുവാൻ സഭയിലെ ഏതൊരു വ്യക്തിക്കും അംഗീകൃതസ്ഥാപനങ്ങൾക്കും സംഘടനകൾക്കും അവകാശമുണ്ടു്.

രൂപതാദ്ധ്യക്ഷൻ പ്രാരംഭാന്വേഷണങ്ങൾക്കായി ഏർപ്പെടുത്തുന്ന കോടതി (Tribunal)യുടെ ചുമതലകൾ മൂന്നാണു്:—

ഒന്നാമതായി, ദൈവദാസന്റെ ലിഖിതങ്ങളെല്ലാം ശേഖരിക്കണം. എഴുത്തുകൾ. ഡയറികൾ, ലേഖനങ്ങൾ, സ്വയംകൃതചരിതം, പുസ്തകങ്ങൾ മുതലായവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

രണ്ടാമതായി, ദൈവദാസന്റെ സുകൃതജീവിതത്തെയും അത്ഭുതങ്ങളെയും സംബന്ധിച്ചുള്ള കീർത്തിയെപ്പററി അന്വേഷിച്ചറിയണം. ദൈവദാസനെ നേരിട്ടറിയാവുന്ന ആളുകളുടെ പേരുകളും, വിലാസങ്ങളും, ദാസനെപ്പററി അവർക്കറിയാവുന്ന വിവരങ്ങൾ മുഴുവനും രേഖപ്പെടുത്തിയെടുക്കേണ്ടതുണ്ടു്. അതേവിധംതന്നെ അത്ഭുതങ്ങളെപ്പററിയും.

മൂന്നാമതായി, ദൈവദാസനു് പരസ്യമായ വണക്കം നല്കിയിട്ടുണ്ടോ എന്നു് അന്വേഷിച്ചറിയണം. വിശ്വസ്തരും ജനസമ്മതരുമായ സാക്ഷികളെ ഇതിലേക്കായി വിസ്തരിക്കേണ്ടതായിവരും. കോടതിയിലെ ജഡ്ജിമാർ ദൈവദാസൻ താമസിച്ചിരുന്ന മുറി, ദാസന്റെ ശ്മശാനസ്ഥലം മുതലായവ നേരിട്ടു സന്ദർശിക്കയും പരസ്യവണക്കത്തിന്റെ ലക്ഷ്യങ്ങൾ വല്ലതുമുണ്ടോ എന്നു പരിശോധിച്ചറിയുകയും ചെയ്യേണ്ടതാണു്. പ്രതിമകളോ, പടങ്ങളോ പരസ്യമായി സ്ഥാപിക്കുക, അവയ്ക്കു മെഴുകുതിരികൾ കത്തിക്കുക, നേർച്ചകൾ സമർപ്പിക്കുക മുതലായവ പരസ്യവണക്കത്തിന്റെ അടയാളങ്ങളത്രെ. പരസ്യവണക്കം നൽകപ്പെട്ടുന്നതായി തെളിയുന്നപക്ഷം റീത്തുകളുടെ തിരുസംഘം നാമകരണനടപടി അനിശ്ചിതകാലത്തേക്കു നീട്ടിവെക്കുകയാണു പതിവു്. ദൈവദാസനു് പരസ്യവണക്കം നൽകുന്നതു് കേസിന്റെ പുരോഗതിക്കു വലിയ തടസ്സമായി നില്ക്കുമെന്നു സ്പഷ്ടമാണല്ലോ. 'Processes de non cultu are instituted to prove that the decrees of Urban VIII regarding the prohibition of public worship of servants of God before their beatification have been obeyed.' (Catholic Encyclopedia)

രൂപതാകോടതിയുടെ അന്വേഷണറിപ്പോർട്ടും, ശേഖരിക്കുവാൻ കഴിഞ്ഞ ലിഖിതങ്ങളും (the writings of the servant of God) സംഗതങ്ങളായ മററു റിക്കാർട്ടുകളും രൂപതാദ്ധ്യക്ഷൻ റീത്തുകളുടെ തിരുസംഘത്തിലേക്കയക്കുന്നു. കർദ്ദിനാളന്മാരടങ്ങിയ പ്രസ്തുത തിരുസംഘം ഇവയെല്ലാം നിഷ്കൃഷ്ടമായി പരിശോധിക്കുന്നു. ലിഖിതങ്ങളെല്ലാം സാധാരണയായി ഇററാലിയൻ ഭാഷയിലേക്കു ഭാഷാന്തരം ചെയ്യാറുണ്ടു്. വിശ്വാസത്തിനും സന്മാർഗ്ഗത്തിനും വിരുദ്ധമായി എന്തെങ്കിലും അവയിലുണ്ടോ എന്നു് പണ്ഡിതന്മാരായ വൈദികശിരോമണികൾ അവ പരിശോധിച്ചു റിപ്പോർട്ടു സമർപ്പിക്കുന്നു. ഇതിനെത്തുടർന്നു് തിരുസംഘത്തിലെ കർദ്ദിനാളന്മാരുടെ ഒരു യോഗം മേല്പറഞ്ഞ റിപ്പോർട്ടുകളും റിക്കാർട്ടുകളും സംബന്ധിച്ചു് അഭിപ്രായം രേഖപ്പെടുത്തുന്നതിനായി നടത്തപ്പെടും. ദൈവദാസന്റെ കേസ് ഉപരിനടപടികൾക്കായി സ്വീകരിക്കണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നതു് ഈ യോഗത്തിൽവച്ചാണു്. കേസിനു് അനുകൂലങ്ങളും പ്രതികൂലങ്ങളുമായ സകല വാദമുഖങ്ങളും ആ യോഗത്തിൽ ചർച്ചാവിഷയമാകും. കേസ് സ്വീകരിക്കാമെന്നാണു് തീരുമാനമെങ്കിൽ പരിശുദ്ധപിതാവിന്റെ അംഗീകാരത്തോടുകൂടി ആ തീരുമാനം നടപ്പിൽ വരുത്തുകയും കേസിന്റെ ഉപരിനടപടികൾ ആരംഭിക്കുകയുംചെയ്യും. ഈ ഘട്ടംമുതൽ—റീത്തുകളുടെ തിരുസംഘം കേസ് സ്വീകരിച്ചതുമുതൽ—കേസ് സംബന്ധിച്ച നടപടികൾ അപ്പസ്തോലികനടപടികൾ (The Apostolic Processes) എന്നറിയപ്പെടുന്നു.

(തുടരും)

## ഉപകാരസ്മരണ

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ സിദ്ധിച്ച മനോഗുണത്തിനു് ഉപകാരസ്മരണ.

സേവ്യർ
എറണാകുളം

## അറിയിപ്പ്

എങ്ങണ്ടിയൂരിലെ ഏജൻസിയായി സെൻറു് സെബാസ്റ്റ്യൻ ബാലസംഘത്തിനെ നിശ്ചയിച്ചിരിക്കുന്നു. പത്രം ആവശ്യമുള്ളവർ അവരുടെ പക്കൽ ആവശ്യപ്പെട്ടാൽ കിട്ടുന്നതാണു്.

മാനേജർ, സത്യദീപം.



കുട്ടിക്കൽ പള്ളിയിടവക കിരഞ്ചിറ കെ. ജെ. തോമ്മസും കെ. ജെ. ജോസഫും ഡാർജിലിംഗ് മിഷനിലേക്കു് പോയ അവസരത്തിൽ കവാലി ഗ്രോട്ടോയിൽവെച്ചു് അവർക്കു് നല്കിയ യാത്രയയപ്പുപ്രമാണിച്ചു് എടുത്ത ഫോട്ടോ. മിഷനിലേക്കു് പോകുന്ന വിദ്യാർത്ഥികളാണു് പുറകിൽ നില്ക്കുന്നതു്.




## ഹിന്ദുമതചിന്തകൾ

(രചയിതാക്കൾ: തോമസ് പീച്ചാട്ടു്, മാത്യു മാപ്പിളക്കുന്നേൽ, കുര്യാക്കോസ് ഇടമററം. പക്കം 132+XVI. ജെ. എം. പ്രസ്സ്, ആലുവാ.)

ഹിന്ദുമതാർണ്ണവത്തിൽ മുങ്ങിത്തപ്പി, അതിന്റെ അന്തർഭാഗത്തുനിന്നും തത്വരത്നങ്ങളേയും ചളിക്കട്ടകളേയും വേർതിരിച്ചു വെളിക്കു പ്രകാശിപ്പിക്കുന്നതിൽ ദത്താവധാനനായിരിക്കുന്ന ഒരു തികഞ്ഞ ചിന്തകനും പണ്ഡിതാഗ്രണിയുമത്രെ ഫാ. സക്കറിയാസ് ഒ. സി. ഡി. ഇംഗ്ലീഷിൽ അദ്ദേഹം വിരചിച്ചിട്ടുള്ള പല പുസ്തകങ്ങളും ലഘുലേഖകളും ലേഖനങ്ങളും ഈ വസ്തുത സ്പഷ്ടമാക്കുന്നുണ്ടു്. ആംഗ്ലേയഭാഷാനഭിജ്ഞരായ കേരളീയർക്കും അദ്ദേഹത്തിന്റെ പഠനഫലം പകർന്നുകൊടുക്കുവാനായി, "Studies on Hinduism" എന്ന അദ്ദേഹത്തിന്റെ പ്രശസ്യമായ ഗ്രന്ഥപരമ്പരയിൽ ആദ്യഭാഗങ്ങളെ ഉപജീവിച്ചു് വിരചിതമായ ഒരു കൃതിയാണു് നിരൂപണവിഷയമായ "ഹിന്ദുമതചിന്തകൾ" എന്ന പുസ്തകം.

പേരു വിളിച്ചറിയിക്കുന്നതുപോലെ, ഹിന്ദുമതത്തിലെ പ്രധാന തത്വസങ്കേതങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയമായ വിചിന്തനമാണു് പുസ്തകത്തിന്റെ ഉള്ളടക്കം. വേദങ്ങൾ, ബ്രാഹ്മണങ്ങൾ, മന്ത്രങ്ങൾ, ഉപനിഷത്തുകൾ മുതലായവ മാത്രമേ ഈ ചെറുകൃതിയിൽ പരിശോധനാവിഷയമായിട്ടുള്ളു. ഹിന്ദുമതത്തിലും ഉണ്ടു് അനേകം അനർഘസത്യങ്ങൾ എന്ന വസ്തുത രചയിതാക്കൾ വിസ്മരിച്ചിട്ടില്ല. "ഉള്ളതു് ഉണ്ടെന്നും ഇല്ലാത്തതു് ഇല്ലെന്നും" തുറന്നുപറയുവാൻ തെല്ലും മടിച്ചിട്ടില്ലാ അവർ. നിഷ്പക്ഷമായും താത്വികമായും മതനിരൂപണംചെയ്യുന്ന ഗ്രന്ഥങ്ങൾ മലയാളഭാഷയിൽ അതിവിരളമായിട്ടേ ആവിർഭവിച്ചിട്ടുള്ളു. ആ കുറവിനെ അല്പമായിട്ടെങ്കിലും പരിഹരിക്കുന്നതിനു് പര്യാപ്തമാണിതെന്നു പറയുവാൻ സന്തോഷമുണ്ടു്.

സന്ദർഭാനുസരണം ഹിന്ദുമതാചാരങ്ങളേയും ക്രിസ്തുമതാചാരങ്ങളേയും താരതമ്യംചെയ്തു കാണിച്ചിരിക്കുന്നതു് ഉപകാരപ്രദമാണു്. പുസ്തകത്തിന്റെ അവസാനാദ്ധ്യായമായി ചേർത്തിരിക്കുന്ന, ക്രിസ്തുമതത്തിന്റെ ശാസ്ത്രീയനിരൂപണം സംശയഗ്രസ്തരായ പലർക്കും സത്യമതസോപാനത്തിലേക്കുള്ള കയററത്തിൽ കൈത്തിരിയായി ഉപകരിച്ചേക്കും. ഹിന്ദുമതത്തിന്റെ ശാസ്ത്രീയനില സാമാന്യമായി ഗ്രഹിക്കുന്നതിനുപകരിക്കുന്നതും ഉപരിപഠനത്തിനു് അഭിനിവേശം നൽകുന്നതുമായ ഈ കൃതിക്കു് ജാതിമതഭേദമെന്യേ സകലരും സ്വാഗതമരുളുമെന്നു് പ്രത്യാശിക്കുന്നു. (V. P.)

## Difference to Grandmother

A clergyman at a dinner had listened to a talkative young man who had much to say on Darwin and his Origin of the Species.

"I can't see," he argued. "what difference it would make to me if grandfather was an ape."

"No." commented the clergyman, "I can't see that it would. But it must have made a great difference to your grandmother."

* * *

## Said Oliver Wendell Holmes

Put not your trust in money, but your money in trust. Sin has many tools, but a lie is the handle that fits them all. Insanity is often the logic of an accurate mind overtaxed. Everybody likes and respects self-made men. It is a great deal better to be made in that way than not to be made at all. To be 70 years young is sometimes far more cheerful and hopeful than to be 40 years old.

* * *

## "Robbing Peter to pay Paul"

This phrase originated during the reign of King Edward VI, son of Henry VIII by Jane Seymour, under whose reign Cranmer succeeded in Protestantising the Church of England in doctrine and worship. The lands of St. Peter's Church at Westminster were appropriated to raise money for the repair of St. Paul's Church in London. Thus, the phrase "Robbing Peter to pay Paul," reminds us of robbers who sold stolen St. Peter's Catholic Church lands to raise money with which to repair the stolen St. Paul's Catholic Church.

—David Goldstein in The Boston Pilot.

## The Uncanonized

Every parish has its saints as well as its sinners. The longer we live in a parish, the better we become acquainted with its peoples, the less we perceive the sin and the more we can perceive the sanctity. The people we mentally canonize will probably never be elevated to sainthood by the Holy Father. But we know them, and the parish knows them, and the parish priest knows them. They themselves will be the last to discover what we think of them, and being saints they would scoff at the idea of their own sanctity. Never a saint but knows himself or herself for a sinner.

—Mary M. Wirries in Ave Maria.




# ഉൽകൃഷ്ടമായ ജ്ഞാനം

**ഈശോമിശിഹായിൽ നിങ്ങൾക്കു നൽകപ്പെട്ട ദൈവകൃപനിമിത്തം ഞാൻ നിങ്ങളെക്കുറിച്ച് എന്റെ ദൈവത്തിനു് എപ്പോഴും സ്തോത്രം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ മിശിഹായുടെ സാക്ഷ്യം നിങ്ങളിൽ ഉറപ്പിക്കപ്പെട്ടതുപോലെതന്നെ അവൻ സകലത്തിലും സകല വചനത്തിലും സകല അറിവിലും അവനിൽ നിങ്ങളെ സമൃദ്ധിപ്പെടുത്തിയിരിക്കുന്നു. ആകയാൽ അവന്റെ ദാനങ്ങളിൽ ഒന്നിൽപോലും നിങ്ങൾക്കു കുറവുവന്നിട്ടില്ല; മറിച്ച്, നമ്മുടെ കർത്താവീശോമിശിഹായുടെ വെളിപാടിനെ നിങ്ങൾ പ്രതീക്ഷിച്ചിരിക്കുന്നു. നമ്മുടെ കർത്താവീശോമിശിഹായുടെ നാളിൽ നിങ്ങൾ കുററമില്ലാതിരിക്കേണ്ടതിനു് അവസാനംവരെ അവൻ നിങ്ങളെ ഉറപ്പിക്കും.(പന്തക്കുസ്താ 18-ാം ഞായർ; ലേഖനം: 1, കോറി. I, 4—8)**

ശാസ്ത്രീയാഭിവൃദ്ധിക്കായി പ്രവർത്തിച്ചുവരുന്ന ബ്രിട്ടീഷ് അസ്സോസിയേഷൻ —ബ്രിട്ടനിലെ പ്രമുഖ ശാസ്ത്രീയ സംഘടന—ഈയിടെ അതിന്റെ 113-ാം വാർഷികം എഡിൻബറോയിൽവെച്ച് സമാഘോഷിക്കുകയുണ്ടായി. തദവസരത്തിൽ പ്രസംഗിച്ച ശാസ്ത്രവിചക്ഷണന്മാരിൽ പലരും ശാസ്ത്രവും മതവിശ്വാസങ്ങളും തമ്മിൽ യാതൊരു സംഘട്ടനങ്ങൾക്കും അവകാശമില്ലെന്നും നിരീശ്വരനായ ഒരു ശാസ്ത്രജ്ഞനു് യാതൊരു പ്രാമാണ്യവും കല്പിക്കേണ്ടതില്ലെന്നും മററും പ്രസ്താവിക്കുകയുണ്ടായി. ദൈവത്തെയും മതവിശ്വാസങ്ങളേയും അവഹേളിക്കുകയും ചവുട്ടിമെതിക്കുകയും ചെയ്തിരുന്ന ശാസ്ത്രജ്ഞന്മാരിൽ ചിലർക്കെങ്കിലും ഇങ്ങനെയൊരു മാനസാന്തരം വന്നുഭവിച്ചതു് സർവ്വഥാ ശുഭോദർക്കംതന്നെ. "ഒരൊററ മണ്ണിൻ തരിയെപ്പററിക്കൂ—മർത്ത്യന്റെ പാണ്ഡിത്യമറിഞ്ഞതില്ല—പരന്നവാനിൽ പലമട്ടപായും—ബ്രഹ്മാണ്ഡകാണ്ഡങ്ങളെയെന്തുപറയുന്നു" എന്നു് ഒരു കവി പാടിയിട്ടുണ്ടു്. ബോധജ്ഞാനത്തിന്റെ പുസ്തകത്തിൽ: "ഭൂമിയിലുള്ള കാര്യങ്ങളെ സംബന്ധിച്ചുതന്നെ നമുക്കു തുച്ഛമായ ജ്ഞാനമേ ഉള്ളു; അങ്ങനെയെങ്കിൽ സ്വർഗ്ഗത്തിലുള്ള കാര്യങ്ങളെ ആർക്കു ഗ്രഹിക്കാൻ സാധിക്കും" എന്നും നാം വായിക്കുന്നു. ശാസ്ത്രം പുരോഗമിക്കുംതോറും വിജ്ഞാനസാഗരം എത്രയോ വിസ്തൃതമാണെന്നും അതിൽ എത്രയോ കുറച്ചുമാത്രമേ മനുഷ്യൻ ഗ്രഹിച്ചിട്ടുള്ളുവെന്നും യഥാർത്ഥശാസ്ത്രജ്ഞന്മാർക്കു മനസ്സിലാകുന്നു. ശാസ്ത്രകുലകൂടസ്ഥനായ സർ ഐസക്ക് ന്യൂട്ടനെപ്പോലെ, തങ്ങൾ വിജ്ഞാനസാഗരത്തിന്റെ തീരത്തിലെത്തി അവിടെ അടിഞ്ഞുകിടക്കുന്ന ചില ഇത്തിളുകൾ പെറുക്കിയെടുക്കുന്നവർ മാത്രമാണെന്നും ഇതേവരെ അതിലേക്കു ഇറങ്ങിനോക്കുവാൻ സാധിച്ചിട്ടില്ലെന്നും അവർ സശിരഃകമ്പം സമ്മതിക്കും. അണുവിനെപ്പററിയുള്ള ഗവേഷണം പുരോഗമിക്കുംതോറും, ഓരോ അണുവിലും സഞ്ചിതമായിരിക്കുന്ന ശക്തികളെപ്പററി അറിയുംതോറും, ഓരോ അണുവിലും ഓരോ സൗരമണ്ഡലം പരോക്ഷമായ വിധത്തിൽ അടങ്ങിയിട്ടുണ്ടെന്നു ഗ്രഹിക്കുംതോറും ഈ "ന്യൂട്ടൺമനസ്ഥിതി" അവരിൽ ദൃഢമൂലമായിത്തീരേണ്ടതാണു്. ഇതിൽ അത്ഭുതത്തിനവകാശമില്ല. കാരണം, ദൈവം ജ്ഞാനമാകുന്നു. ദൈവം അനന്തനല്ലേ? അതുകൊണ്ടു് ജ്ഞാനവും അനന്തമായിരിക്കണം.

ഏതെങ്കിലുമൊരു വിജ്ഞാനശാഖയുടെ വൈശിഷ്ട്യം അതിന്റെ വിഷയത്തെ ആശ്രയിച്ചിരിക്കും. വിഷയം ഉൽകൃഷ്ടമാണെങ്കിൽ ആ വിഷയത്തെക്കുറിച്ചുള്ള ജ്ഞാനവും ഉൽകൃഷ്ടമായിരിക്കും. സച്ചിദാനന്ദസ്വരൂപനും സർവ്വഗുണമൂർത്തികരണവുമായ ദൈവത്തെപ്പോലെ സർവ്വോൽകൃഷ്ടമായ ഒരു പഠനവിഷയം വേറെയില്ല. തന്നിമിത്തം ദൈവത്തെക്കുറിച്ചുള്ള ജ്ഞാനം സകല ജ്ഞാനങ്ങളിൽ വെച്ചു വിശിഷ്ടവും ഉൽകൃഷ്ടവുമായിരിക്കും. ദൈവത്തെ അറിയുക; അങ്ങനെ ഭൂമിയിലേക്കയച്ച ദൈവപുത്രനായ യേശുക്രിസ്തുവിനേയും അറിയുക—ഇതിലാണു് യഥാർത്ഥമായ വിജ്ഞാനം അടങ്ങിയിരിക്കുന്നതു്. അതുകൊണ്ടാണു് ഇന്നത്തെ ലേഖനത്തിൽ വി. ശ്ലീഹാ, "മിശിഹായുടെ സാക്ഷ്യം നിങ്ങളിൽ ഉറപ്പിക്കപ്പെട്ടതുപോലെതന്നെ അവൻ സകലത്തിലും സകലവചനത്തിലും സകല അറിവിലും അവനിൽ നിങ്ങളെ സമൃദ്ധിപ്പെടുത്തിയിരിക്കുന്നു" എന്നു എഴുതിയിരിക്കുന്നതു്. ബുദ്ധികൊണ്ടും വെളിപാടുവഴിയായും ദൈവത്തെക്കുറിച്ചും ക്രിസ്തുവിനെക്കുറിച്ചും നമുക്കു ലഭിച്ചിട്ടുള്ള വിശ്വാസസത്യങ്ങളെ പഠിച്ചറിയുക; ക്രിസ്തുവഴിയായി ദൈവത്തെ പ്രാപിക്കുകയെന്നുള്ള നമ്മുടെ ജീവിതോദ്ദേശ്യം സഫലമാക്കുന്നതിനുള്ള മാർഗ്ഗങ്ങളേയും പഠിച്ചറിയുക—ഇതാണു് ഉൽകൃഷ്ടമായ ജ്ഞാനം, ഉപകാരപ്രദമായ ജ്ഞാനം. മററു വിജ്ഞാനശാഖകളെല്ലാംതന്നെ ഇതിനു് കീഴ്പ്പെട്ടും ഇതിനു സഹായകമായും ഇരിക്കണം. "എല്ലാററിലും ഉന്നതമായ ജ്ഞാനം, ലോകത്തെ വെറുത്തു് സ്വർഗ്ഗരാജ്യത്തിൽ ചെന്നെത്തുവാൻ ശ്രമിക്കുകയാകുന്നു....... ശാസ്ത്രത്തെയൊ, പ്രകൃത്യാ നല്ലതും ദൈവകല്പിതവുമായ കാര്യത്തെപ്പററിയുള്ള വെറും അറിവിനേയൊ നിന്ദിക്കേണ്ട; എങ്കിലും ഒരു നല്ല മനസ്സാക്ഷിയേയും സുകൃതജീവിതത്തേയുമാണു് അതിലും നല്ലതായി എപ്പോഴും മതിക്കേണ്ടതു്." (ക്രിസ്ത്വാനുകരണം.) ശാസ്ത്രലോകത്തിലെ ഉജ്ജ്വല

## ഉപകാരസ്മരണ

ബ. അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥതാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

എൻ. കെ. ജെ.

ജ്യോതിസ്സുകളായ ഒരു ആമ്പയറോ (Ampere) ഒരു ലൂയിപാസ്റ്ററോ, ധ്യാനനിരതരായി ജപമാലജപിക്കുകയും മതാനുഷ്ഠാനങ്ങളിൽ ജാഗരൂകരായിരിക്കുകയും ചെയ്തിരുന്നതിന്റെ രഹസ്യം ഇതുതന്നെയാണു്.

ഭൗതികങ്ങളായ ശാസ്ത്രങ്ങളിൽ പ്രാവിണ്യം സിദ്ധിച്ചതുകൊണ്ടു് ഒരു വ്യക്തി സന്മാർഗ്ഗികമായും ഉത്തമനായിരിക്കണമെന്നില്ല. കലകളിലും ശാസ്ത്രങ്ങളിലും പെരുമ നേടിയിട്ടുള്ളവർ ദുഷ്ടന്മാരും സമുദായത്തിന്റെ ധൂമകേതുക്കളുമായിത്തീരാവുന്നതാണു്. ഒരു മനുഷ്യന്റെ ശരീരത്തിൽ ഒരവയവം അനുപാതത്തെ അവഗണിച്ചുകൊണ്ടു് വളരെയധികം വലുതാകയും വിജൃംഭിക്കയും ചെയ്യുമ്പോൾ ആ മനുഷ്യൻ ഒരു വികൃതസൃഷ്ടി, ബീഭത്സരൂപം, ആയിത്തീരുന്നു. ഇതുപോലെതന്നെ, ബുദ്ധിയെ ശാസ്ത്രീയജ്ഞാനത്താൽ പരിപോഷിപ്പിക്കയും അതേസമയംതന്നെ മനസ്സിനു്—ഹൃദയത്തിനു്—യാതൊരു പോഷണവും വളർച്ചയും സംസ്കാരവും നൽകാതെ അതിന്റെ മൃഗീയവാസനകളിലും അധമ്മാനുകതികളിലും അടിയുറച്ചുകിടക്കാൻ അനുവദിക്കുകയും ചെയ്യുമ്പോൾ മനുഷ്യൻ ഒരു ബീഭത്സസൃഷ്ടിയായിത്തീരുന്നു. ഇങ്ങനെയുള്ള ബീഭത്സസൃഷ്ടികളാണു്—സന്മാർഗ്ഗനിഷ്ഠയില്ലാത്ത പണ്ഡിതനേതാക്കന്മാരും ശാസ്ത്രജ്ഞന്മാരുമാണു്—ഇന്നു ലോകത്തിനു് വലിയൊരു വിപത്തായിത്തീർന്നിരിക്കുന്നതു്. വെടിനിർത്തൽകൊണ്ടോ സമാധാനസംഭാഷണങ്ങൾകൊണ്ടോ എന്തെങ്കിലും പ്രയോജനമുണ്ടാകണമെങ്കിൽ മനസ്സിലും ഹൃദയത്തിലുമാണു് പരിവർത്തനം ഉണ്ടാകേണ്ടതു്. നിസ്വാർത്ഥമായ മനസ്സും പരിശുദ്ധമായ ഹൃദയവും ഇല്ലാത്തവർക്കു്—അവർ എത്രതന്നെ ബിരുദങ്ങൾ സമ്പാദിച്ചിട്ടുള്ളവരായാലും—വീട്ടിനെം നാട്ടിനെം ലോകത്തിനെം സമാധാനം നൽകുവാൻ എങ്ങനെകഴിയും? ഹൈഡ്രജൻ ബോമ്പ്, കോസ്മിക്ക് ബോമ്പ് എന്നിവരെയെല്ലാം ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ എത്തിക്കഴിഞ്ഞു; മാനവരാശി ഭയവിഹ്വലരായി ദിനരാത്രങ്ങൾ കഴിക്കുന്നു. മനുഷ്യവർഗ്ഗം സമുദ്രാടിത്തട്ടിലെ ചില ഭയങ്കരജീവികളെപ്പോലെ സ്വന്തം ശരീരത്തെതന്നെ ഭക്ഷിച്ചൊടുക്കുന്ന ഒരു നിലയിൽ എത്തിച്ചേരുമെന്നു് മഹാകവി ഷെയിക്സ്പിയർ പ്രവചിച്ചിട്ടുള്ളതു് ഇന്നു അന്വർത്ഥമാകുന്നതുപോലെ പലർക്കും തോന്നുന്നു. ഇനിയൊരു യുദ്ധമുണ്ടാകുന്നപക്ഷം മാനവരാശിയുടെ നാശമായിരിക്കും ഫലം എന്നു് ചിന്താശീലന്മാർ വിലപിക്കുന്നു. ഇതിനെല്ലാം കാരണം? ദൈവത്തേയും മതത്തേയും സന്മാർഗ്ഗത്തേയും അകററിനിർത്തികൊണ്ടുള്ള വിദ്യാഭ്യാസംതന്നെ. "ദൈവത്തിന്റേതു് ദൈവത്തിനും കൊടുത്തുകൊൾക" എന്നുള്ള വാക്യം ആരും അനുസരിക്കുന്നില്ല.

സത്യമതാനുസാരികളെന്നഭിമാനിക്കുന്ന കത്തോലിക്കരും ഇക്കാര്യത്തിൽ ഒരു ആത്മസംശോധനം നടത്തേണ്ടതാണു്. നമ്മുടെ സ്കൂളുകളിലെ പാഠപുസ്തകങ്ങളും അദ്ധ്യാപനരീതിയും ദൈവത്തേയും മതത്തേയും അകററി നിർത്തിയിരിക്കുകയാണല്ലോ. മതനിഷ്പക്ഷതയുടെ പേരിൽ

## കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എന്റെ സഹോദരിയുടെ ചിത്തഭ്രമം അതിശയകരമാംവണ്ണം കുറവുകാണുന്നതിലും എത്രയുംവേഗം പൂർണ്ണമായി സുഖംപ്രാപിച്ചുകാണുന്നതിനുമായി അമ്മയുടെ മാദ്ധ്യസ്ഥം അപേക്ഷിച്ചുകൊള്ളുന്നു.

എന്നു്, പി. സി. അബ്രാഹം

നിർമ്മതത്വവും മതനിന്ദയും ഭൗതികതത്വവുമാണു് ഇന്നത്തെ വിദ്യാഭ്യാസനയം പ്രോത്സാഹിപ്പിക്കുന്നതു്. മറിയം മഗ്ദലേന ക്രിസ്തുവിന്റെ ശരീരം കല്ലറയിൽ കാണാതായപ്പോൾ കരഞ്ഞുകൊണ്ടു് ഇപ്രകാരം പറഞ്ഞു: "അവർ എന്റെ കർത്താവിനെ എടുത്തുകൊണ്ടുപോയി; അവനെ എവിടെവച്ചു എന്നു് ഞാൻ അറിയുന്നില്ല." ഇതുപോലെതന്നെ നമ്മുടെ വിദ്യാഭ്യാസരംഗത്തുനിന്നു് ദൈവമായ ക്രിസ്തുനാഥൻ എടുത്തുമാററപ്പെട്ടിരിക്കുന്നു. അങ്ങയെ എവിടെവെച്ചുവെന്നറിയാതെ — ക്രിസ്തുവിനെപ്പററിയും അങ്ങേ തത്വങ്ങളെപ്പററിയും യാതൊരറിവുമില്ലാതെ—നമ്മുടെ യുവജനങ്ങൾ വളർന്നുവരുന്നു. മറിയം മഗ്ദലേനയെപ്പോലെ നാമും വിലപിക്കേണ്ട ഒരു സംഗതിയാണിതു്. എന്നാൽ, വിലപിച്ചതുകൊണ്ടുമാത്രം മതിയാകയില്ല; പ്രത്യുത ദൈവത്തെ, ക്രിസ്തുവിനെ, നമ്മുടെ വിദ്യാർത്ഥികൾക്കു് നാം നൽകണം. സ്കൂൾപാഠപദ്ധതികളിൽ അതിനു് സ്ഥാനമില്ലെങ്കിൽ, മററു മാർഗ്ഗങ്ങളെ അവലംബിച്ചുകൊണ്ടു് കുട്ടികൾക്കു് ക്രിസ്തുവിനെ നൽകണം. വേദോപദേശക്ലാസ്സുകൾ, മതപരമായ ഗ്രന്ഥങ്ങൾ, പ്രസംഗങ്ങൾ, പത്രമാസികകൾ എന്നിവയെല്ലാം ഇക്കാര്യത്തിൽ അവർക്കു സഹായകമായിത്തീരുവാൻ ഓരോ കത്തോലിക്കനും, പ്രത്യേകിച്ച് മാതാപിതാക്കന്മാരും, നിഷ്കൃഷ്ടത ചെയ്യണം. കലകളും ശാസ്ത്രങ്ങളും സാങ്കേതികവിഷയങ്ങളും മററും പഠിക്കുവാൻ—അവയിൽ ബിരുദങ്ങൾ സമ്പാദിക്കുവാൻ—വേണ്ട സകല ഏർപ്പാടുകളും മാതാപിതാക്കന്മാർ കുട്ടികൾക്കു ചെയ്തുകൊടുക്കുന്നുണ്ടു്; വളരെ നല്ലതുതന്നെ. എന്നാൽ അതോടൊപ്പം ദൈവത്തേയും ക്രിസ്തുവിനേയും മതത്തേയും സന്മാർഗ്ഗത്തേയും പററിയുള്ള സർവ്വോൽകൃഷ്ടമായ ജ്ഞാനവും അവർക്കു ലഭിക്കുവാൻ എത്രമാത്രം പരിശ്രമം നടക്കുന്നുണ്ടു്? മൃഗീയമായ ജീവിതം ശാസ്ത്രീയമായവിധത്തിൽ നയിക്കുക എന്നുള്ള ജീവിതതത്വം സ്വീകരിച്ചുകൊണ്ടു വിദ്യാലയങ്ങളിൽനിന്നു പുറത്തിറങ്ങുന്ന യുവാക്കന്മാർ വീട്ടിനും നാട്ടിനും കണ്ടകോടാലികളായിരിക്കും. അവർക്കു ക്രിസ്തുവിനെ നൽകുകയല്ലാതെ ഗത്യന്തരമില്ല; കാരണം, ക്രിസ്തുവാണു് യഥാർത്ഥജ്ഞാനനികേതനം.

(ജെ. ചെമ്മണൂർ)

---

# റഷ്യയിലെ

## അടിമത്താവളങ്ങൾ

റഷ്യയിലെ അടിമവേലത്താവളങ്ങളെപ്പററി അടിമവേലക്കമ്മീഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായ ആൽബർട്ട് കെ. ഹെർലിംഗ് ഇപ്രകാരം എഴുതിയിരിക്കുന്നു:—

അടിമവേലസമ്പ്രദായം കമ്മ്യൂണിസ്റ്റ് ഏകകക്ഷി പരമാധികാരവ്യവസ്ഥിതിയുടെ ഒരു അവശ്യഘടകമാണു്. ഭരണകക്ഷിയുടെ നേക്കണ്ടുകുന്ന എതിർപ്പുകൾ അമർത്തുവാനാണു് ഈ സമ്പ്രദായം ആദ്യം ആരംഭിച്ചതു്. കഴിഞ്ഞ ഏതാനും വർഷങ്ങൾകൊണ്ടു് അതു സോവ്യററു് സാമ്പത്തികവ്യവസ്ഥിതിയിൽ ഒരു അവിഭക്തഘടകമായി പരിണമിച്ചിരിക്കുന്നു.

കഴിഞ്ഞ ജൂൺമാസത്തിൽ ബ്രസ്സൽസിൽ കൂടിയ "തടങ്കൽപ്പാളയ വിരോധക്കമ്മീഷൻ", വിപുലമായ തോതിൽ അടിമവേലത്താവളങ്ങൾ പുലർത്തിക്കൊണ്ടിരിക്കുന്നതിനു റഷ്യയെ കുററവാളിയായി പ്രഖ്യാപനംചെയ്യുകയുണ്ടായി. ഈ വിഷയത്തിൽ, സ്റ്റാലിന്റെ ഏകാധിപത്യം ഒരു ഭയങ്കര കുററവാളിയാണെന്നു്, റഷ്യയിലെ നിയമങ്ങളും ദണ്ഡനീതികളും സർക്കാർ ഉത്തരവുകളും കൊണ്ടുതന്നെ തെളിയിക്കാമെന്നു കമ്മീഷന്റെ അദ്ധ്യക്ഷൻ പ്രസ്താവിച്ചു. ഔദ്യോഗികരേഖകൾ മാത്രമല്ല, റഷ്യൻ അടിമവേലത്താവളങ്ങളിൽ കിടന്നിട്ടുള്ള 25 പേരുടെ വായ്മൊഴിയും മററു് അനേകായിരങ്ങൾ നല്കിയ രേഖാമൊഴികളും അടിസ്ഥാനമാക്കിയാണു് കമ്മീഷൻ വിധികല്പിച്ചതു്.

വളരെ കരുതലോടുകൂടി എടുത്ത ചില കണക്കുകൾകൊണ്ടുതന്നെ റഷ്യയിൽ ഇരുപതുലക്ഷംപേരെ അടിമവേലത്താവളങ്ങളിൽ പാർപ്പിച്ചിട്ടുണ്ടെന്നു കാണുന്നു. ഈ സംഖ്യ ഇതിൽ വളരെ കൂടുതലായിരിക്കാനേ തരമുള്ളു; ഒട്ടും കുറയുകയില്ലെന്നു തീർച്ച. മുമ്പു ഒരു സ്പാനിഷ് കമ്മ്യൂണിസ്റ്റ് പ്രവർത്തകനായിരുന്ന ഗോൺസാലസ്, റഷ്യയിലെ അടിമവേലക്കാരുടെ എണ്ണം കുറഞ്ഞതു് രണ്ടു കോടി നാല്പതുലക്ഷംവരുമെന്നു സത്യം ചെയ്തുപറയുന്നു.

കഴിഞ്ഞകാലത്തു് ചിലിയിൽവെച്ചു "ഏക്കോസോക്ക്" സമ്മേളനത്തിൽ റഷ്യൻ അടിമവേലസമ്പ്രദായം അസന്ദിഗ്ദ്ധമായി തെളിയിക്കുന്ന ഒരുരേഖ ഹാജരാക്കപ്പെട്ടു. അടിമവേലത്താവളങ്ങളുടെ നടത്തിപ്പിനെപ്പററി സോവ്യററു സർക്കാർ പ്രസിദ്ധപ്പെടുത്തിയ ഒരു ലഘുഗ്രന്ഥമായിരുന്നു അതു്. ബ്രിട്ടീഷ് പ്രതിനിധി അതു ഹാജരാക്കിയപ്പോൾ സോവ്യററു പ്രതിനിധികൾ മിണ്ടാതിരുന്നതേയുള്ളു; ആ കൃതി അനധികൃതമാണെന്നു വാദിക്കാൻ അവർ ധൈര്യപ്പെട്ടില്ല. സോവ്യററു് അടിമവേലത്താവളങ്ങളെപ്പററി ഇതേവരെ വെളിച്ചത്തായതിലും ഭയാനകമായ ഒരു അടിമവർഗ്ഗം അവിടെ രൂപപ്പെട്ടുതത്തിയിരിക്കുന്നു. ഈ പുതിയവർഗ്ഗം തനിയെ വളർന്നുവരികയാണു്. താവളങ്ങളിൽ അയക്കപ്പെട്ടവരോ അവിടെ ജനിച്ചവരോ ആയ ചെറിയ കുട്ടികൾ താവളങ്ങളും പരിസരങ്ങളുംകൊണ്ടു് ഉപജീവനം കഴിക്കുന്നു. സന്മാർഗ്ഗമോ മതബോധമോ തീണ്ടിയിട്ടില്ലാത്ത ഒരന്തരീക്ഷത്തിലാണു് അവർ വളർന്നുവരുന്നതു്.

(The Kerala Times)

ഓർമ്മക്കുറവു്, തലകറക്കം, തലവേദന മുതലായ രോഗങ്ങളെ നീക്കി ശിരഃസൗഖ്യവും സുഖനിദ്രയും ലഭിക്കുന്നതിനും കേശസമൃദ്ധിക്കും ഞങ്ങളുടെ ശീഷാമൃതം എണ്ണ ഉപയോഗിപ്പിൻ. വില 8 ഔ: കുപ്പി 1 ക്കു് 4 ക. പ്രായഭേദംകൂടാതെ ഉപയോഗിക്കാവുന്നതു്.
എം. ജെ. മാത്യു വൈദ്യൻ, മടുക്കക്കുഴി വൈദ്യശാല, കാഞ്ഞിരപ്പള്ളി

# വിമർശനവീഥി

## ക്രിസ്തുചരിത്രത്തിലെ അത്ഭുതങ്ങൾ വിശ്വാസ്യങ്ങളോ?

"ക്രിസ്തു ചരിത്രദൃഷ്ടിയിൽ" എന്ന തലക്കെട്ടിൽ, ശ്രീ സുകുമാർ അഴീക്കോട്ട് "മലയാളരാജ്യം" വിശേഷാൽപ്രതിയിൽ എഴുതിയിരുന്ന ലേഖനത്തെ കഴിഞ്ഞ വാല്യം സത്യദീപത്തിൻ 30, 32, 33, 34, 35, 36, 37, 41 ലക്കങ്ങളിൽ ഞങ്ങൾ വിമർശിച്ചിരുന്നല്ലോ. ആ വിമർശനങ്ങളെല്ലാം ക്രിസ്തുചരിത്രം അടങ്ങിയിട്ടുള്ള സുവിശേഷഗ്രന്ഥങ്ങളുടെ ചരിത്രപരമായ വിശ്വാസ്യതയെ, ലേഖകൻ്റെ പ്രസ്താവങ്ങൾക്കെതിരായി, സ്ഥാപിക്കുവാനുള്ള ന്യായങ്ങൾ ഉള്ളടക്കിയവയായിരുന്നു. എന്നാൽ പ്രസ്തുതഗ്രന്ഥങ്ങളുടെ ചരിത്രപരമായ വിശ്വാസ്യതയെ നിഷേധിക്കുവാൻ ലേഖകൻ ആദ്യന്തം പുറപ്പെടുവിച്ചിട്ടുള്ള ഒരു വാദം അവയിൽ അത്ഭുതകഥനങ്ങൾ അടങ്ങിയിട്ടുണ്ടെന്നും അത്ഭുതങ്ങൾ അസംഭാവ്യങ്ങളാണെന്നും തന്മൂലം ആ കഥനങ്ങൾ അയഥാർത്ഥങ്ങളാണെന്നുമാണ്. ഈ വാദത്തെയാണ് ഇനി പരിശോധിക്കേണ്ടതു്. ആ കൃത്യത്തിലേക്കു പ്രവേശിച്ചുകൊള്ളുന്നു.

### അത്ഭുതം എന്നാലെന്തു ?

ജറുസലേമിനടുത്തുള്ള ബഥാനിയാ ഗ്രാമത്തിൽ ക്രിസ്തുവിൻ്റെ ഉററമിത്രമായി ലാസർ എന്നു പേരായ ഒരാൾ ജീവിച്ചിരുന്നു. അദ്ദേഹത്തിനു മരണകരമായ രോഗം പിടിപെട്ടപ്പോൾ സ്വസഹോദരികൾ ആ വിവരം ക്രിസ്തുവിനെ അറിയിച്ചെങ്കിലും അവിടുന്നു വളരെ താമസിച്ചാണ് അവരുടെ അടുക്കൽ ചെന്നതു്. അതിനിടയിൽ ലാസർ മരിക്കുകയും മൃതശരീരം യഥാവിധി സംസ്കരിക്കപ്പെടുകയുമുണ്ടായി. നാലുദിവസംകഴിഞ്ഞു ക്രിസ്തു അവിടെ എത്തിയപ്പോൾ, അവിടുന്നു നേരത്തെ ചെന്നിരുന്നുവെങ്കിൽ ലാസർ മരിക്കുകയില്ലായിരുന്നുവെന്നു് ഉണർത്തിച്ചുകൊണ്ടു് ലാസറിൻ്റെ സഹോദരികൾ കരഞ്ഞു. അവർ വ്യസനിക്കേണ്ടെന്നും, സഹോദരൻ പുനർജീവിക്കുമെന്നും അരുളിച്ചെയ്തു് അവിടുന്നു് അവരെ സമാശ്വസിപ്പിച്ചു. അനന്തരം ശവകുടീരത്തുങ്കൽ ചെന്നു് ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടു്, അനേകം ആളുകൾ കാൺകെ, "ലാസറേ നീ പുറത്തു വരിക" എന്നു കല്പിച്ചു. തൽക്ഷണം മരിച്ചയാൾ പുനർജീവിക്കുകയും ശവകുടീരത്തിൽനിന്നു സസുഖം എഴുന്നേററുവരികയും ചെയ്തു.

അത്യന്തം ആശ്ചര്യകരമായ പ്രസ്തുത സംഭവം "അത്ഭുതങ്ങൾ"ക്കു് ഒരുദാഹരണമാകുന്നു. മരണശേഷം, ആത്മാവു ശരീരത്തെ വിട്ടുപിരിഞ്ഞശേഷം, ശരീരം അഴുകി "മണ്ണോടു മണ്ണായി" ചേരുകയും ആത്മാവു തനിയെ ജീവിക്കുകയും ചെയ്യുകയെന്നാണല്ലോ പ്രകൃതിനിയമം. എന്നാൽ ഇവിടെ ആ നിയമത്തിനു് ഒരു വ്യത്യസ്തമായി, ക്ഷയിച്ചുതുടങ്ങിയ ശരീരത്തിൽ ആത്മാവു വീണ്ടും പ്രവേശിക്കുകയും മരിച്ചയാൾ ആത്മശരീരങ്ങളോടുകൂടി വീണ്ടും ജീവിക്കുകയും ചെയ്തിരിക്കുന്നു. ഈ വ്യത്യസ്തമാകട്ടെ, പ്രകൃതിശക്തികളുടെ സ്വാമേധയാ ഉള്ള വ്യാപാരത്താലാകാതെ, അവയുടെമദ്ധ്യേ ദൈവത്തിൻ്റെ പ്രത്യേകശക്തി കടന്നുപ്രവർത്തിച്ചതിൻ്റെ ഫലമായി സംഭവിച്ചിട്ടുള്ളതാണു്. ഇങ്ങനെ പ്രകൃതിനിയമങ്ങൾക്കു വ്യത്യസ്തമായി, ദൈവശക്തിയുടെ പ്രത്യേകപ്രവർത്തനത്താൽ, പ്രകൃതിയിലുണ്ടാകുന്ന ദൃഷ്ടിഗോചരസംഭവങ്ങളെയാണു് അത്ഭുതങ്ങൾ എന്നു ഇവിടെ വിവക്ഷിക്കുന്നതു്. ഔഷധപ്രയോഗങ്ങളൊന്നുംകൂടാതെ, ദൈവസഹായത്താൽ മാത്രം, കുരുടൻ കാണുകയും ബധിരൻ കേൾക്കുകയും ഊമൻ സംസാരിക്കുകയും മററു രോഗങ്ങൾ സുഖപ്പെടുകയും ചെയ്താൽ ആ സംഭവങ്ങളെയെല്ലാം നാം അത്ഭുതമായി ഗണിക്കും.

### പ്രകൃതിനിയമം എന്നാലെന്തു്?

ഇങ്ങനെയുള്ള അത്ഭുതങ്ങൾ സംഭാവ്യങ്ങളാണോ എന്നാണു് ആദ്യമായി ചിന്തിക്കേണ്ടതു്? ദൈവം ഉണ്ടെന്നു സമ്മതിക്കുന്നപക്ഷം, ദൈവം പ്രകൃതിയുടെ നാഥനാണെന്നും പ്രകൃതിശക്തികൾ അവിടുത്തേക്കു അധീനങ്ങളാണെന്നും സമ്മതിക്കുന്നപക്ഷം, അത്ഭുതങ്ങൾ സംഭാവ്യങ്ങളാണെന്നു സമ്മതിച്ചേ മതിയാവൂ. പ്രകൃതിനിയമം എന്നാൽ എന്തു ? പ്രകൃതിയിൽ ഓരോ ജാതി വസ്തുവിനും ഓരോതരം ശക്തികളും, ആ ശക്തികൾക്കു് ഓരോവിധം വ്യാപാരങ്ങളുമുണ്ടു്. ഒരേശക്തികളോടുകൂടിയ ഒരേവസ്തു ഒരേ സാഹചര്യങ്ങളിൽ ഒരേവിധം വ്യാപരിക്കുന്നു. പ്രകൃതിവസ്തുക്കളുടെ ഈ നിശ്ചിത വ്യാപാര രീതിയെയാണു് പ്രകൃതിനിയമം എന്നു വിളിക്കുന്നതു്. ഒരു കല്ലെടുത്തു മേല്പോട്ടു് എറിഞ്ഞാൽ അതു കുറെദൂരം പൊങ്ങിയശേഷം ക്രമേണ കീഴ്പോട്ടിറങ്ങി നിലംപതിക്കുന്നു. കട്ടിയുള്ള ഏതു വസ്തുവും എവിടെയും എപ്പോഴും ഈവിധം വ്യാപരിക്കുന്നു. ഘനമുള്ള വസ്തുക്കളുടെ ഈ നിശ്ചിതവ്യാപാരരീതിക്കു ശാസ്ത്രത്തിൽ "കേന്ദ്രാകർഷണനിയമം" എന്നു പേർകൊടുക്കുകയും ചെയ്തിരിക്കുന്നു. ഇവിടെ "നിയമം" എന്ന ശബ്ദത്തിനു പ്രകൃതിവ്യാപാരങ്ങളുടെ ഐകരൂപ്യമെന്നേ അർത്ഥമുള്ളു.

### പ്രകൃതിനിയമം അഭേദ്യമല്ല

പ്രകൃതിവ്യാപാരങ്ങൾക്കു് ഐകരൂപ്യമുണ്ടെന്നുള്ളതു ശരിതന്നെ. ഒരേ ശക്തികളോടുകൂടിയ ഒരേവസ്തു ഒരേ സാഹചര്യങ്ങളിൽ ഒരേവിധത്തിൽ വ്യാപരിക്കുന്നു. എന്നാൽ ഈ ഐകരൂപ്യം, ഈ നിയമം, അഭേദ്യമാണോ? സാഹചര്യത്തിനു മാററംവരികയോ, വേറെ വല്ല ശക്തിയും ഇടയ്ക്കുകടന്നു പ്രവർത്തിക്കുകയോ ചെയ്യുമ്പോൾ, ഐകരൂപ്യത്തിനു ഭേദംവരുന്നതായി നമുക്കു നിത്യാനുഭവമുണ്ടു്. കല്ലു മേല്പോട്ടു് എറിഞ്ഞു പൊന്തുമ്പോൾ ആരെങ്കിലും അതിനെ വായുമണ്ഡലത്തിൽ തടഞ്ഞുനിർത്തിയാൽ, അതു കീഴോട്ടുപോന്നു നിലംപതിക്കുന്നില്ല കാരണം, വേറൊരു ശക്തി അതിൻ്റെ വ്യാപാരത്തിനിടയ്ക്കു കടന്നു പ്രവർത്തിച്ചു. ഇങ്ങനെ പ്രകൃതിയിൽത്തന്നെയുള്ള ശക്തികൾ പരസ്പരം ഇടയ്ക്കുകടന്നു പ്രവർത്തിക്കുകയും, തൽഫലമായി ഓരോന്നിൻ്റെയും വ്യാപാരത്തിനുള്ള ഐകരൂപ്യത്തിനു ഭേദംവരുകയും ചെയ്യുന്നതു സാധാരണമാണു്. പ്രകൃതിശക്തികൾക്കു പരസ്പരം ഇങ്ങനെ ചെയ്യാമെങ്കിൽ, പ്രകൃതിക്കു് അപ്പുറമുള്ളതും പ്രകൃതിയുടെമേൽ കർത്തൃത്വം വഹിക്കുന്നതുമായ ഒരു ശക്തിക്കു്—ദൈവശക്തിക്കു്—എന്തുകൊണ്ടു് അതു ചെയ്തുകൂടാ?

കേന്ദ്രാകർഷണനിയമപ്രകാരം ഒരു മനുഷ്യനു ശരീരത്തോടുകൂടി വായുമണ്ഡലത്തിൽ സ്വയം ഉയരുവാനോ പറക്കുവാനോ സാദ്ധ്യമല്ല. എന്നാൽ യന്ത്രങ്ങൾമുഖേന, പ്രകൃതിശക്തികളെ പരസ്പരം കൂട്ടിയിണക്കി, മനുഷ്യർ ആ അസാദ്ധ്യകാര്യം നിർവ്വഹിച്ചുവരുന്നു. വിമാനയന്ത്രത്തിൻ്റെ സഹായത്താൽ, ആ യന്ത്രംമുഖേന, പല പ്രകൃതിശക്തികളെ കൂട്ടിയിണക്കിക്കൊണ്ടു് ഭൂമിയുടെ ആകർഷണശക്തിയെ ആശ്ചര്യാവഹമായവിധം ജയിച്ചുയരാൻ സാധിച്ചെങ്കിൽ, യന്ത്രസഹായമൊന്നും കൂടാതെ, പ്രകൃതിശക്തികളെ ഒന്നിനേയും ആശ്രയിക്കാതെതന്നെ, കേന്ദ്രാകർഷണശക്തിയെ ജയിച്ചു് ഒരു മനുഷ്യനെ മേഘത്തിലേക്കുയർത്താൻ ദൈവത്തിനു സാധിക്കുകയില്ലയോ? ഇല്ലെങ്കിൽ ദൈവം ഇല്ലെന്നോ, അവിടുന്നു പ്രകൃതിയുടെനാഥനല്ലെന്നോ ഉള്ള വലിയ അബദ്ധം സമ്മതിക്കേണ്ടിവരും. പ്രകൃതിയുടെ വ്യാപാരങ്ങളിൽ ദൈവശക്തി ഇങ്ങനെ ചിലപ്പോഴെല്ലാം തക്ക കാരണത്തോടുകൂടി കടന്നുപ്രവർത്തിക്കുന്നതുകൊണ്ടു പ്രകൃതിയുടെ നിയതമായ ഗതിക്കോ, ദൈവത്തിൻ്റെ ലക്ഷണങ്ങൾക്കോ, യാതൊരു ന്യൂനതയും വരാനുമില്ല. അതിനാൽ അത്ഭുതങ്ങൾ സംഭാവ്യങ്ങളാകുന്നു.

### സംഭവിച്ചിട്ടുണ്ടോ?

സംഭാവ്യമായതെല്ലാം യഥാർത്ഥത്തിൽ സംഭവിക്കണമെന്നില്ലല്ലോ. പ്രകൃതിനിയമങ്ങൾക്കു വ്യത്യസ്തമായി, മനുഷ്യദൃഷ്ടിക്കു ഗോചരമായി, ദൈവത്തിൻ്റെ പ്രത്യേകശക്തിപ്രയോഗത്താൽ, പ്രകൃതിയിൽ പലതും സംഭവിപ്പാൻ പാടില്ലായ്കയില്ലെങ്കിലും, അങ്ങനെ എന്തെങ്കിലും യഥാർത്ഥത്തിൽ സംഭവിച്ചിട്ടുണ്ടോ? ഇപ്പോൾ സംഭവിക്കുന്നുണ്ടോ? ഇതാണു് ഇനി അറിയേണ്ടതു ? സംഭവിച്ചിട്ടുണ്ടെന്നു് മഹാ ബുദ്ധിമാനും ആദ്യന്തം പരിശുദ്ധനുമായ ക്രിസ്തു ഉറപ്പുപറയുന്നു. യോഹന്നാൻ മാംദാനായുടെ (John the Baptist) ശിഷ്യന്മാർ ക്രിസ്തുവിൻ്റെ അടുത്തുചെന്നു്, യഹൂദന്മാർ ചിരകാലമായി പ്രതീക്ഷിച്ചിരിക്കുന്ന രക്ഷകനായ മിശിഹാ അവിടുന്നാണോ, എന്നു ചോദിച്ചതിനു്, "കുരുടർ കാണുന്നു, മുടന്തർ നടക്കുന്നു, ഊമർ സംസാരിക്കുന്നു, മരിച്ചവർ ഉയിർക്കുന്നു" എന്നു് താൻ ചെയ്ത അത്ഭുതങ്ങളെ ചൂണ്ടി അവിടുന്നു മറുപടിപറഞ്ഞു. വേറൊരവസരത്തിൽ, കപടബുദ്ധികളും ശത്രുക്കളുമായ ഫരിസേയർ "അങ്ങു് എത്രകാലം ഞങ്ങളെ സംശയഗ്രസ്തരായി വച്ചുകൊണ്ടിരിക്കും? അങ്ങു മിശിഹായാണെങ്കിൽ ഞങ്ങളോടു് അതു തെളിച്ചുപറയൂ" എന്നാവശ്യപ്പെട്ടപ്പോൾ, അവിടുന്നു് ഇങ്ങനെ മറുപടിനൽകി: "ഞാൻ നിങ്ങളോടു പറയുന്നുണ്ടെങ്കിലും നിങ്ങൾ വിശ്വസിക്കുന്നില്ല എൻ്റെ പിതാവിൻ്റെ നാമത്തിൽ ഞാൻ ചെയ്യുന്ന പ്രവൃത്തികൾ എന്നിക്കു സാക്ഷ്യംവഹിക്കുന്നു ... ... .. ... ... ... എന്നെ പിതാവു് അയച്ചതാണെന്നു സാക്ഷ്യം വഹിക്കുന്നു."

ദൈവം മോശമുതലായ തൻ്റെ പ്രത്യേകദൂതന്മാരുടെ അധികാരത്തിനു


ഡെപ്പോസിററുകൾ
2 കൊല്ലം കാലാവധി, മാസത്തിൽ
100 ക്കു 6 ണ പലിശയും
ബാങ്ക് ഓഫ് കൊച്ചിൻ
ക്ലിപ്തം. എറണാകുളം
ബ്രാഞ്ചുകൾ:
മട്ടാഞ്ചേരി, വില്ലിംഗ്ഡൺ
ഐലൻറു്, ചാലക്കുടി, തൃശ്ശൂർ


സാക്ഷ്യംവഹിക്കാൻ പ്രവർത്തിച്ചിട്ടുള്ളതായി ബൈബിളിലെ "പഴയനിയമ"ത്തിൽ വിവരിച്ചിട്ടുള്ളതും, യഹൂദജനം പരമ്പരയാ വിശ്വസിച്ചുപോരുന്നതുമായ സാക്ഷാൽ അത്ഭുതങ്ങളെപ്പററി—പ്രകൃതിനിയമത്തിനു വ്യത്യസ്തമായി, മനുഷ്യദൃഷ്ടിക്കു ഗോചരമായി, ദൈവത്തിൻ്റെ പ്രത്യേകശക്തിയാൽ ചെയ്തിട്ടുള്ള പ്രവൃത്തികളെപ്പററി—യാണു് ക്രിസ്തു ഇവിടെ പ്രസ്താവിക്കുന്നതെന്നു സ്പഷ്ടമാണല്ലോ. ക്രിസ്തുവിൽ വിശ്വസിക്കേണ്ട ആവശ്യകതയെ തെളിയിച്ചു വി. പത്രോസു് പന്തക്കുസ്താ ദിനത്തിൽ യഹൂദജനത്തോടു് ചെയ്ത പ്രസംഗത്തിലും ഈ സാക്ഷ്യംതന്നെയാണു് നൽകിയിട്ടുള്ളതു്. "ദൈവം അത്ഭുതങ്ങളാലും ആശ്ചര്യാവഹങ്ങളായ അടയാളങ്ങളാലും നിങ്ങളുടെ മദ്ധ്യേ സാക്ഷ്യംവഹിച്ചിട്ടുള്ള മനുഷ്യനാണു് നസ്രസിലെ ഈശോ. ദൈവം അദ്ദേഹംവഴി ആ പ്രവൃത്തികൾ നിങ്ങളുടെയിടയിൽ ചെയ്തുവെന്നു നിങ്ങൾക്കറിയാമല്ലോ." ക്രിസ്തുവിനു സാക്ഷ്യംവഹിക്കുന്നതായി അവിടുന്നും അപ്പസ്തലന്മാരും പറയുന്ന ഈ അത്ഭുതങ്ങൾ നാം വിവക്ഷിക്കുന്നതും യഹൂദന്മാർ വിശ്വസിച്ചിരുന്നതുമായ അർത്ഥത്തിലുള്ള സാക്ഷാൽ അത്ഭുതങ്ങൾ അല്ലായിരുന്നുവെങ്കിൽ, തെററിദ്ധരിക്കാനോ, തെററിദ്ധരിപ്പിക്കാനോ ഒരിക്കലും വഹിയാത്ത ക്രിസ്തു ഈവിധം അവയെക്കുറിച്ചു് ഒരു നാളും സംസാരിക്കയില്ലായിരുന്നുവെന്നു് തീർച്ചയാണു്. അതിനാൽ അത്ഭുതങ്ങൾ സംഭാവ്യങ്ങളാണെന്നു മാത്രമല്ല, യഥാർത്ഥത്തിൽ സംഭവിച്ചിട്ടുണ്ടെന്നും വിചാരിക്കാൻ ന്യായമുണ്ടു്.

ഈ അത്ഭുതങ്ങൾ രണ്ടായിരം കൊല്ലങ്ങൾക്കുമുമ്പു നടന്ന സംഭവങ്ങളാണല്ലോ. എന്നാൽ അതിനുശേഷമുള്ള കാലങ്ങളിലെ കഥയെങ്ങനെ? അത്ഭുതങ്ങൾ എന്നും സംഭവിക്കുമെന്നു ക്രിസ്തു ഉറപ്പുപറഞ്ഞിട്ടുണ്ടു്. "എന്നിൽ വിശ്വസിക്കുന്നവനാരോ, അവൻ ഞാൻ ചെയ്യുന്ന പ്രവൃത്തികൾ ചെയ്യും; അവയെക്കാൾ വലിയ പ്രവൃത്തികൾ ചെയ്യും, എന്നു സത്യംസത്യമായി ഞാൻ പറയുന്നു..... ... ...എൻ്റെ നാമത്തിൽ അവർ പിശാചുക്കളെ പുറത്താക്കും. അവർ പുതിയ ഭാഷകളിൽ സംസാരിക്കും. സർപ്പങ്ങളെ കരങ്ങളിൽ എടുക്കും. വിഷദ്രാവകം കുടിച്ചാലും അതു് അവർക്കു് ഒരുപദ്രവവും വരുത്തുകയില്ല. അവർ രോഗികളുടെമേൽ കൈകൾവയ്ക്കുകയും, അപ്പോൾ അവർ രോഗശമനം പ്രാപിക്കുകയും ചെയ്യും."

അപ്പസ്തലന്മാരുടെ കാലത്തും, അനന്തരം സമാപിതാക്കന്മാരുടെ കാലത്തും, അതിനുശേഷം മദ്ധ്യയുഗങ്ങളിലും, എന്നുവേണ്ട കത്തോലിക്കാ തിരുസ്സഭയുടെ ഇതഃപര്യന്തമുള്ള ജീവിതകാലത്തിലെല്ലാം അനേകമനേകം അത്ഭുതങ്ങൾ നടന്നിട്ടുണ്ടെന്നു ചരിത്രം ഘോഷിക്കുന്നു. ഈ സംഭവങ്ങളിൽ പലതും സർവ്വസമ്മതമായി സ്വീകരിക്കപ്പെടുന്ന മററു ചരിത്രസംഭവങ്ങളേയുംപോലെ ന്യായമായി നിഷേധിക്കാനോ സംശയിക്കാനോ പാടില്ലാത്തവിധം അത്ര ബലമായ സാക്ഷ്യങ്ങളാൽ തെളിയിക്കപ്പെട്ടിട്ടുള്ളതാണെങ്കിലും, ഭൂതകാലസംഭവങ്ങളാണെന്നുള്ള മുട്ടൻകാരണംപറഞ്ഞു് അവയെ ആധുനികർ അവിശ്വസിച്ചെന്നുവരാം. അതിനാൽ ആധുനികകാലത്തുതന്നെ സംഭവിച്ചിട്ടുള്ളതും ദൃക്സാക്ഷികളോടും നേരിട്ടു് അനുഭവമുള്ളവരോടും ചോദിച്ചറിയാവുന്നതുമായ അത്ഭുതങ്ങൾ ഏതെങ്കിലുമുണ്ടോ എന്ന ചോദ്യം വളരെ സംഗതമായിട്ടുള്ളതാണു്. അതിനു മറുപടി അടുത്ത ലക്കത്തിൽ.

### വിനോദവീഥി



കോളേജ്‌വിദ്യാർത്ഥി: "ദയവുചെയ്തു എനിക്കു് മേരിയെ കാണാൻ അനുവാദം തരണം, അവൾ എൻ്റെ സഹോദരിയാണു്."

ഹോസ്റ്റൽ വാർഡൻ: "ഓഹോ! അങ്ങനെയാണോ? ഞാനാണല്ലോ മേരിയുടെ അമ്മ."

* * *

കള്ളുഷാപ്പിൽവച്ചാണു് തോമാച്ചേട്ടനും പൗലോച്ചേട്ടനും സ്നേഹിതന്മാരായിത്തീർന്നതു്. തോമാച്ചേട്ടൻ പറഞ്ഞു: "എൻ്റെ വറീതിനിപ്പോൾ ഒരു വയസ്സുണ്ടു്."

പൗലോച്ചേട്ടൻ: "എൻ്റെ ലില്ലിക്കു രണ്ടുവയസ്സുമുണ്ടു്."

തോ. ചേ: "എന്നാൽ അവൾക്കു പ്രായമാകുമ്പോൾ ലില്ലിയെ വറീതിനെക്കൊണ്ടു കെട്ടിക്കണം."

"അങ്ങനെതന്നെ"യെന്നു പൗലോച്ചേട്ടനും പറഞ്ഞു. എന്നാൽ അയാൾ വീട്ടിൽചെന്നു വിവരം ഭാര്യയെ അറിയിച്ചപ്പോൾ അവൾ കോപിച്ചു: "നിങ്ങളെന്താ പറയണതു്. ഒരൊത്ത പെണ്ണിനെ അവളുടെ പകുതിപ്രായമുള്ള ചെറുക്കനെക്കൊണ്ടു കെട്ടിച്ചാൽ ആളുകൾ ചിരിക്കില്ലേ?"

അപ്പോഴേക്കും കുട്ടിയുടെ അമ്മാമ്മ മുറിയിൽ പ്രവേശിച്ചു. അവർക്കു ഇതൊരു കുഴഞ്ഞ പ്രശ്നമല്ലായിരുന്നു. അവർ: "നിങ്ങളെന്തൂട്ടാടി, ഈ പറേണ! ഒരു കൊല്ലം കഴിയുമ്പോൾ ചെറുക്കനും പെണ്ണിനും വയസ്സു സമാകില്ലേ?"

* * *

ജോണി: "അപ്പാ എനിക്കിന്നു സ്കൂളിൽനിന്നും രണ്ടു സമ്മാനം കിട്ടി!"

അപ്പൻ: "എന്തിനാ?"

ജോണി: "ഒന്നു ഓർമ്മശക്തിക്കു്."

അപ്പൻ: "മറേറതോ?"

ജോണി: "അതു ഞാൻ ഓർത്തിട്ടു കിട്ടുന്നില്ലല്ലോ."


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

# Sathya Deepam

Vol. 25 — Ernakulam September 12, 1951 — No. 5


വേദശാസ്ത്രപംക്തി

## അന്ത്യലേപനം

മൂന്നു ലക്ഷണങ്ങൾ

"നിങ്ങളിൽ ആരെങ്കിലും രോഗിയായിരിക്കുന്നെങ്കിൽ, സഭയിലെ മൂപ്പന്മാരെ വിളിക്കട്ടെ. അവർ അവൻവേണ്ടി പ്രാർത്ഥിക്കുകയും, നമ്മുടെ കർത്താവിൻെറ നാമത്തിൽ തൈലംകൊണ്ടു് അവനെ പൂശുകയും ചെയ്യട്ടെ. അപ്പോൾ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ആ രോഗിയെ സുഖപ്പെടുത്തും. നമ്മുടെ കർത്താവു് അവനെ എഴുന്നേല്പിക്കും. അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവ അവനോടു് ക്ഷമിക്കപ്പെടുകയുംചെയ്യും" എന്നാണു് യാക്കോബു് (5: 14—15) പ്രസ്താവിക്കുന്നതു്. സഭയിലെ "മൂപ്പന്മാർ" എന്നു പറഞ്ഞിരിക്കുന്നതു് പുരോഹിതന്മാരെ ഉദ്ദേശിച്ചാണു്. മൂലത്തിൽ ഉപയോഗിച്ചിരിക്കുന്ന "പ്രെസ്ബിറോർ" എന്ന ശബ്ദത്തിനു് ഈ അർത്ഥമാണുള്ളതെന്നു്, ബൈബിളിലെ ഇതരഭാഗങ്ങളിൽനിന്നും (നടപടി 11, 30; 14, 22; 20, 17; I തിമോ. 5, 17, 19; തീത്തു. 1, 5; I പത്രോ. 5, 1). സഭാപാരമ്പര്യത്തിൽനിന്നും തെളിയുന്നുണ്ടു്.

രോഗിയെ തൈലംകൊണ്ടു് അഭിഷേകം ചെയ്യുന്നതിലത്രെ കൂദാശയുടെ ദൃശ്യചിഹ്നം അടങ്ങിയിരിക്കുന്നതു്. ആത്മാവിനു ലഭിക്കുന്ന നവജീവനേയും ആരോഗ്യത്തേയുമാണു് തൈലാഭിഷേകം സൂചിപ്പിക്കുന്നതു്.

പ്രസ്തുത തൈലാഭിഷേകം വരപ്രസാദദായകമാണെന്നുള്ളതും വി. യാക്കോബിൻെറ വാക്കുകളിൽനിന്നു് അനുമാനിക്കാം. "വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ആ രോഗിയെ സുഖപ്പെടുത്തും" എന്ന വാക്യത്തിൽ "സുഖപ്പെടുത്തും" എന്ന പദത്തിൻ മൂലത്തിലുള്ളതു് "സോസൈൻ" എന്നാണു്. "സോസൈൻ" എന്ന ശബ്ദം ആത്മീയവും ശാരീരികവുമായ സുഖപ്രാപ്തിയെ വിവക്ഷിക്കുന്നുണ്ടെങ്കിലും, വി. യാക്കോബു് ആത്മീയമായ സുഖപ്രാപ്തിയെ വിവക്ഷിക്കാനായിട്ടാണു് ആ ശബ്ദം സാധാരണയായി ഉപയോഗിക്കാറുള്ളതു്. ഉദാഹരണമായി 2-ാം അദ്ധ്യായം 14-ാം വാക്യത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "എൻെറ സഹോദരന്മാരേ, ഒരുവൻ എനിക്കു വിശ്വാസമുണ്ടു് എന്നു പറയുകയും അവനു പ്രവൃത്തികൾ ഇല്ലാതിരിക്കുകയുംചെയ്താൽ എന്തു പ്രയോജനം? അവൻെറ വിശ്വാസത്തിനു് അവനെ രക്ഷിക്കാൻ കഴിയുമോ?" "രക്ഷിക്കുക" എന്നു ഇവിടെ പറഞ്ഞിരിക്കുന്നതു് ആത്മരക്ഷയെ ഉദ്ദേശിച്ചാണെന്നു വ്യക്തമാണല്ലോ. "സോസൈൻ" ശബ്ദമാണു് ഈ സ്ഥാനത്തു മൂലത്തിലുള്ളതു്. (യാക്കോബു് 1, 21; 4, 12; 5, 20 എന്നിവയും നോക്കുക). "അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവ അവനോടു് ക്ഷമിക്കപ്പെടുകയും ചെയ്യും" എന്നു അടുത്തുതന്നെ പറയുന്നതിനാലും, മുൻ വാക്യത്തിൽ ആത്മീയസുഖപ്രാപ്തി വിവക്ഷിക്കപ്പെടുന്നുണ്ടെന്നും അതാണു് പ്രധാനമായി വിവക്ഷിക്കപ്പെടുന്നതെന്നും അനുമാനിക്കാവുന്നതാണു്.

"നമ്മുടെ കർത്താവു് അവനെ എഴുന്നേല്പിക്കും" എന്ന വാക്യത്തിൽ, "വിശ്വാസത്തോടുകൂടിയ പ്രാർത്ഥന അവനെ സുഖപ്പെടുത്തും" എന്ന വാക്യത്തിലെ ആശയം ആവർത്തിച്ചിരിക്കയാണു്. ആത്മീയോത്ഥാനത്തെക്കുറിച്ചാണു് പ്രധാനമായി ഇവിടേയും വി. ശ്ലീഹാ പ്രതിപാദിക്കുന്നതു്. എന്നുവരികിലും സന്ദർഭം വിശദമാക്കുന്നതുപോലെ ഈ രണ്ടു വാക്യങ്ങളിലും ശാരീരികസുഖപ്രാപ്തികൂടി പരാമർശിക്കപ്പെടുന്നുണ്ടു്. പക്ഷേ അതിനു രണ്ടാംസ്ഥാനം മാത്രമേ നൽകിയിട്ടുള്ളു. പ്രഥമസ്ഥാനം ആത്മീയസുഖപ്രാപ്തിക്കാകയാൽ, അതിനു വിഘാതമാകാത്ത സാഹചര്യങ്ങളിൽ മാത്രമേ ശാരീരികസുഖപ്രാപ്തി കൈവരുമെന്നു പ്രതീക്ഷിക്കാവൂ. അതുകൊണ്ടത്രെ ചെറിയ വേദോപദേശത്തിൽ ഒടുവിലത്തെ ഒപ്രുശുമയെ "നല്ലവണ്ണം മരിപ്പാൻ ദീനക്കാർക്കു നന്മകൊടുക്കുന്നതും ആത്മാവിനു് ഉപകരിക്കുന്നപക്ഷം ശരീരത്തിനു് സുഖം കൊടുക്കുന്നതുമായ ഒരു കൂദാശയാകുന്നു" എന്നു നിർവ്വചനംചെയ്തിരിക്കുന്നതു്. ഈ ആശയങ്ങൾ അസ്പഷ്ടമായിട്ടെങ്കിലും വിശുദ്ധ യാക്കോബിൻെറ വാക്യത്തിൽ അടങ്ങിയിട്ടുണ്ടു്. അന്ത്യലേപനം ഈശോമിശിഹായാൽ സ്ഥാപിതമാണു് എന്നുകൂടി സ്ഥാപിച്ചെങ്കിലേ ഇതൊരു കൂദാശയാണെന്നു തെളിയുകയുള്ളു. ഈ മൂന്നാം ലക്ഷണത്തെപ്പററി അടുത്തതിൽ.




## ചോദ്യോത്തരങ്ങൾ

കുടവയറു്:-ചോദ്യം—"എൻെറ ശരീരം ക്രമത്തിലധികം വണ്ണംവച്ചിരിക്കുകയാണിപ്പോൾ. വയറിൻെറ ഭാരം കുറയ്ക്കുന്നതിനു് എന്താണു് ചെയ്യേണ്ടതു്?"

ഉത്തരം:- കൊഴുപ്പു്, എണ്ണകൾ, ശരീരത്തിൽ മേദസ്സു വർദ്ധിപ്പിക്കുന്ന ഇതര ആഹാരസാധനങ്ങൾ മുതലായവ പ്രത്യേകമായും മററുള്ളവ പൊതുവെയും അമിതമായി ഭക്ഷിക്കുന്നതുകൊണ്ടാണു് കുടവയറുണ്ടാകുന്നതു്. കൊഴുപ്പും എണ്ണകളും ചേർത്തോ അഥവാ അവയിൽത്തന്നെ പാകം ചെയ്യുന്നതോ ആയ എല്ലാ പദാർത്ഥങ്ങളും പൂർണ്ണമായി ഉപേക്ഷിക്കണം. ആവിയിൽ വേവിച്ചതോ, വെള്ളത്തിൽ പുഴുങ്ങിയതോ ആയ സാധനങ്ങളേ ഉപയോഗിക്കാവൂ. വേവിക്കാതെ തിന്നാവുന്ന മലക്കറികളും, വേവിക്കാത്ത പുതിയ പഴങ്ങളും ധാരാളം ഭക്ഷിക്കണം. മധുരപലഹാരങ്ങളോ, പഞ്ചസാരയോ, അല്ലെങ്കിൽ അവ ചേർത്തുണ്ടാക്കിയ ആഹാരസാധനങ്ങളോ ഉപയോഗിക്കാൻ പാടില്ല. ശുദ്ധജലം ധാരാളം കുടിക്കണം. പൊതുവെ ശരീരത്തിൻെറയും പ്രത്യേകിച്ചു ഉദരത്തിൻെറയും മാംസപേശികൾക്കു ആയാസം ഉണ്ടാകത്തക്കവിധത്തിലുള്ള വ്യായാമം ദിവസവും കൃത്യമായി ചെയ്യണം.

ശിശുക്കൾക്കുണ്ടാകുന്ന മലബന്ധം:- ചോദ്യം:-"ശിശുക്കൾക്കു സാധാരണമായുണ്ടാകുന്ന മലബന്ധത്തിനു് എന്താണു് ചെയ്യേണ്ടതു്?"

ഉത്തരം:-ശിശുക്കൾക്കു ശരിയായ മലശോധനയുണ്ടാകാൻ കൂടക്കൂടെ മരുന്നുകൾ നൽകുന്ന പതിവു് ഒരു കാരണവശാലും ശരിയല്ല. മറിച്ചു കൃത്യസമയങ്ങളിൽ മലശോധനയുണ്ടാകുവാനാണു് നാം ഉത്സാഹിക്കേണ്ടതു്. ആരോഗ്യമുള്ള ഒരു ശിശുവിനു ദിവസം രണ്ടോ, മൂന്നോ തവണ മലശോധനയുണ്ടാകുന്നതാണു്. എന്നാൽ അതിനായി മരുന്നു കൊടുക്കുന്നതായാൽ മലശോധനയ്ക്കുള്ള നിശ്ചിതസമയങ്ങൾ തെററുകയും, അതിനു കാലതാമസമുണ്ടാകുകയോ മലബന്ധത്തിനിടയാകുകയോ ചെയ്യുന്നതുമാണു്. പോഷകസമ്പൂർണ്ണമായ ആഹാരത്തോടുകൂടി ധാരാളം പഴങ്ങളും ചേർത്തു നല്കുന്നതായാൽ ശിശുക്കൾക്കു മലവിസർജ്ജനത്തിനു തടസ്സം നേരിടുന്നതല്ല. ശരിയായ മലശോധനയുണ്ടാകുന്നതിനു ഏററവും സഹായകമായിട്ടുള്ളതു് അതിനായി ഒരു നിശ്ചിതസമയം ഉണ്ടായിരിക്കുകയാണു്. അതിനേററവും യോജിച്ചതു് ഭക്ഷണത്തിനു ശേഷമുള്ള സമയമാണു്. മാൾട്ടു് എക്സ്ട്രാക്ററു് സിറപ്പു് അതേരൂപത്തിലോ, പൂർണ്ണമായിട്ടോ ഉള്ളതു് കുഞ്ഞുങ്ങളുടെ ആഹാരത്തോടുചേർത്തു നല്കുന്നതും നല്ലതുതന്നെ. യാതൊരു വിധത്തിലുമുള്ള മധുരപദാർത്ഥങ്ങളും എണ്ണചേർത്തുണ്ടാക്കിയിട്ടുള്ള സാധനങ്ങളും ശിശുക്കൾക്കു കൊടുക്കുവാൻ പാടില്ല.

ഹൃദയക്ഷയം:-ചോദ്യം:—"ഉഷ്ണകാലത്തു് സാധാരണമായി എൻെറ വലത്തെ പാദത്തിൽ നീരിറക്കം ഉണ്ടാകുന്നുണ്ടു്. കൂടാതെ വളരെനേരം നില്ക്കുകയാണെങ്കിൽ കാലിൽ വേദന ഉണ്ടാകുകയുംചെയ്യുന്നു. ഹൃദയക്ഷീണമാണു് ഇതിനു് ഹേതുവെന്നു ഡോക്ടർ അഭിപ്രായപ്പെടുന്നു. അദ്ദേഹം നല്കിയതായ ചില ഗുളികകൾ കഴിഞ്ഞ മൂന്നുമാസമായി ഞാൻ ഉപയോഗിക്കയായിരുന്നു. എങ്കിലും കാര്യമായ വ്യത്യാസമൊന്നും എനിക്കനുഭവപ്പെട്ടിട്ടില്ല. ഈ കാര്യത്തിൽ നിങ്ങളുടെ ഉപദേശം എന്താകുന്നു? പല്ലുകളും നഖങ്ങളും ശക്തിപ്പെടുത്തുവാൻ ഏററവും കൂടുതൽ സുധാംശം (Calcium) അടങ്ങിയിട്ടുള്ളതായ ജീവകങ്ങൾ (Vitamins) ഏതെല്ലാമാണു്? ഈ കാര്യത്തിൽ എന്നെ ദയവായി ഉപദേശിക്കുമോ?"

ഉത്തരം:-നിങ്ങളുടെ ഹൃദയം ക്ഷീണിച്ചതായി ഡോക്ടർ അഭിപ്രായപ്പെട്ടതിനു് യഥാർത്ഥത്തിൽ അതിൻെറ ചില മാംസപേശികൾക്കു് നാശം സംഭവിച്ചുവെന്നാണു് സാരം. ഇപ്രകാരം മാംസപേശികൾ നശിച്ചതിൻെറ ഫലമായി രക്തം ശരിയായ നിലയിൽ വ്യാപരിപ്പിക്കുവാൻ അതിനു അസാദ്ധ്യമായിത്തീരുന്നുണ്ടു്. അദ്ദേഹം നിർദ്ദേശിച്ചതായ മരുന്നു് ഹൃദയത്തിൻെറ വേലചെയ്യുവാൻ അതിനെ സഹായിക്കുവാനുള്ളതാണു്. ശരിയായ ആഹാരം ക്രമവൽക്കരിച്ചും അതു് നിയന്ത്രിച്ചും ശരീരത്തൂക്കം കുറയ്ക്കുവാൻ നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു. തന്മൂലം ഹൃദയത്തിൻെറ വേലയ്ക്കും അല്പം കുറവുണ്ടാകുന്നതും, രക്തസമ്മർദ്ദം സാമാന്യമായ നിലയിൽ സൂക്ഷിക്കുന്നതിനും സാധിക്കുന്നതുമാകുന്നു. എ, സി, ജി, ഇ, നയാസിൻ മുതലായ ജീവകങ്ങൾ ഹൃദയത്തിനും രക്തപ്രസരണത്തിനും അത്യാവശ്യമാകുന്നു. (കേരളദീപം)

## For favours received




Fr. G. Kochuparambil


### കോമൺവെൽത്തു് ബാങ്കു് (ക്ലിപ്തം)

H. O. കാഞ്ഞിരപ്പള്ളി

**ബ്രാഞ്ചുകൾ:—**

കാഞ്ഞിരപ്പള്ളി — എരുമേലി
മുണ്ടക്കയം — കോട്ടയം
പൂഞ്ഞാർ — തൊടുപുഴ

**ഡയറക്ടറന്മാർ**

മെസ്സേഴ്സ്
കെ. വി. മാത്യു കൊല്ലംകുളം.
തൊമ്മൻ ജോസഫ് കുരുവിനാക്കുന്നേൽ.
കെ. വി. സഖറിയാ, പൊട്ടൻകുളം.
ഹാജി വി. എം. സെയ്തുമഹമ്മദുറാവുത്തർ.
കെ. എം. ഡോമിനിക്കു് ബി. എ. എൽ. ടി.
കെ. ജോസഫ് ഇട്ടിയവിര, പള്ളിവാതുക്കൽ.
കെ. ററി. ജോസഫ്, കല്ലറയ്ക്കൽ.
പി. എൻ. പരമേശ്വരൻ പിള്ള ബി. എ.
കെ. ഡോമിനിക്കു ജോസഫ് ബി. എ. ബി. എൽ. (സെക്രട്ടറി).

ഡിപ്പോസിററുകൾ സ്വീകരിക്കുകയും എല്ലാവിധ ബാങ്കു് പ്രവർത്തനങ്ങളും സൗകര്യപ്രദമായവിധത്തിൽ നടത്തിക്കൊടുക്കുകയും ചെയ്യുന്നു.

സെക്രട്ടറി
കെ ഡോമിനിക്കു ജോസഫ
ബി. എ. ബി എൽ.